എം.എ. അബ്ദുൽ ഖാദിർ മുസ്‌ലിയാർ

ഒന്നാം ഭാഗം

# കാഴ്ചപ്പാടുകൾ കാണാപ്പുറങ്ങൾ

ലേഖന സമാഹാരം

മജ്‌ലിസുൽ ഉലമാഇ സ്സഅദിയ്യീൻ

# കാഴ്ചപ്പാടുകൾ കാണാപ്പുറങ്ങൾ

## (ലേഖന സമാഹാരം)

ഒന്നാം വാള്യം

എം.എ. അബ്ദുൽ ഖാദിർ മുസ്‌ലിയാർ

മജ്‌ലിസുൽ ഉലമാഇസ്സഅദിയ്യീൻ

ജാമിഅ: സഅദിയ്യ: അറബിയ്യ:
ദേളി, പി.ഒ. കളനാട്
കാസറഗോഡ്, കേരള
ഫോൺ: 04994-237216

# Kazhchappadukal Kanapurangal

(Malayalam)

**A Collection of Essay by M.A. Abdul Kadir Musliyar**

Publishers:
**Majlisul Ulamai Ssa-adiyyeen, Central Committee**

D.T.P
**P.S. Mohd. Kunhi Pallangod. Cell: 9447855873**

Printing Consultant:
**Basheer Perumugham**
Ph: 0495-2722206, 9847009652

First Edition: 2005 MAY

Price: Rs. 50.00

Copy Rights Reserved

## പ്രസാധകക്കുറിപ്പ്

അരനൂറ്റാണ്ടിലേറെ കാലമായി അഹ്ലുസ്സുന്നത്തി വൽജമാഅത്തിന്റെ ആദർശസിംഹാസനത്തിൽ പ്രോജ്വലിച്ചു നിൽക്കുന്ന അത്ഭുത വ്യക്തിത്വമായ ശൈഖുനാ എം.എ ഉസ്താദ് കൈരളിയുടെ ചിന്താ തീരത്ത് നടത്തിയ തൂലികാ പടയോട്ടം ചരിത്രത്താളുകളെ പുളകം കൊള്ളിക്കുന്നു. വിഷയവൈവിധ്യങ്ങൾകൊണ്ട് വേറിട്ടുനിൽക്കുന്ന ശൈഖുനായുടെ രചനകൾ ഹൃദ്യവും സുന്ദരവുമാണ്. കാലത്തിന്റെ തുടിപ്പുകൾ തൊട്ടറിഞ്ഞ് ഇസ്ലാമിന്റെ പ്രൗഢ വലയത്തിൽ തീർത്ത ജാജ്വല വരികൾ വിജ്ഞാനഭൂമികയിലെ അനർഘമുത്തുകളാണ്.

പൗരാണികവും ആധുനികവുമായ വിഷയങ്ങളുടെ അഗാധതകളിലേക്ക് ആഴ്ന്നിറങ്ങി അവയുടെ മർമങ്ങളിൽ സ്പർശിച്ച് അനുവാചക ഹൃദയത്തിൽ ചിന്താതരംഗം തീർക്കുന്ന അനുഗ്രഹീത ശൈലിയാണ് ശൈഖുനായുടേത്. വിജ്ഞാനത്തിന്റെ വിവിധ മേഖലകളിലൂടെയുള്ള ആ പ്രയാണം അതുല്യവും അത്ഭുതകരവുമാണ്. ആനുകാലിക സംഭവ വികാസങ്ങളിൽ ഇസ്ലാമിക വിരുദ്ധ പ്രവണതകൾ ദൃശ്യമാവുമ്പോൾ അപ്പോൾതന്നെ അതു ഒപ്പിയെടുത്ത് അതിനു മറുമരുന്ന് നിർദ്ദേശിക്കുന്ന ശൈഖുനായുടെ പാടവം ആശ്ചര്യകരമാണ്.

അമേരിക്കയുടെ ചന്ദ്രപര്യവേക്ഷണവുമായി ബന്ധപ്പെട്ട് മുസ്ലിം മാനസങ്ങളിൽ ഉരുണ്ടുകൂടിയ ആശങ്കകളുടെ മുകിലുകളെ വൈകാതെ തന്നെ വളരെ കൃത്യതയോടെ തകർത്തെറിഞ്ഞു ഇസ്ലാമിക സാർവ്വലൗകികത വ്യക്തമാക്കിക്കൊടുത്ത ശൈഖുനായുടെ തൂലികാ വിപ്ലവം ഒരുദാഹരണം മാത്രം. മുസ്ലിം വിരോധികൾ ഇളക്കി വിട്ട ശരീഅത്ത് പ്രശ്നം പോലാത്ത സംഭവവികാസങ്ങളിൽ ശൈഖുനായുടെ വിരൽത്തുമ്പിൽനിന്നു വിരിഞ്ഞ അക്ഷര മാലകൾ മലയാളി മനസ്സിൽ മങ്ങാത്ത ഓർമയായി അവശേഷിക്കുന്നു. സുന്നത്തുജമാഅത്തിന്റെ വേരുകളിൽ വിള്ളൽ വീഴ്ത്തി ചിതലുകളായി വിരാജി

ക്കുന്ന നവീനചിന്തകരുടെ വിഷാസ്ത്രങ്ങളിൽ നിന്നു സുന്നികളെ സംരക്ഷിക്കുവാൻ ശൈഖുനാ കാണിച്ച ചങ്കൂറ്റം അത്ഭുതകരമാണ്. ശൈഖുനായുടെ ശക്തമായ തൂലികയ്ക്കു മുന്നിൽ ബിദഈ കൊത്തളങ്ങൾ നിലംപൊത്തിയത് സുന്നി കൈരളിയെ കോരിത്തരിപ്പിച്ച സുന്ദര ദൃശ്യമാണ്.

മത–ഭൗതിക സമന്വയ വിദ്യാഭ്യാസ രംഗത്ത് മഹത്തായ മാതൃകകൾ സൃഷ്ടിച്ച് മുന്നേറുന്ന മാതൃസ്ഥാപനമാണ് 'ജാമിഅ:സഅദിയ്യ: അറബിയ്യ:'. ഇരുപതിലേറെ സ്ഥാപനങ്ങളിലായി 4000ൽ പരം വിദ്യാർത്ഥികൾ ഇവിടെ വിദ്യ നുകരുന്നു.

പ്രസ്തുത സ്ഥാപനങ്ങളിൽ പ്രധാനപ്പെട്ട ശരീഅത്ത് കോളേജിലെ ബിരുദ ധാരികളുടെ സംഘടനയാണ് എം.യു.എസ്.(മജ്‌ലിസുൽ ഉലമാഇസ്സഅദിയ്യീൻ) സ്തുത്യർഹമായ ഒട്ടേറെ പ്രവർത്തനങ്ങൾക്ക് സംഘടന നേതൃത്വം കൊടുക്കുന്നു. കാമ്പസിൽ ഉയർന്നുനിൽക്കുന്ന പി.എ. ഉസ്താദ് മെമ്മോറിയൽ ലൈബ്രറി സംഘടനയുടെ സംഭാവനയാണ്.

പ്രസാധന രംഗത്തേക്കുള്ള സംഘടനയുടെ പ്രഥമ കാൽവെപ്പാണിത്. പാരാവാരം പോലെ പരന്നു കിടക്കുന്ന ശൈഖുനായുടെ രചനകൾ കാലാന്തരത്തിൽ വിസ്മരിക്കപ്പെടാനിടവരരുതെന്ന ചിന്തയാണ് ഈ സദുദ്യമത്തിനു ഞങ്ങൾക്ക് പ്രേരകമായത്. 1951 -ൽ നാന്ദികുറിക്കപ്പെട്ട, ശൈഖുനായുടെ തൂലികാപടയോട്ടം മുഴുവനും ഒരു ചരടിൽ കോർത്തെടുക്കുവാൻ ഞങ്ങൾക്കു ആഗ്രഹമുണ്ടെങ്കിലും പലതരം പരിമിതികൾ കാരണം തൽകാലം ഏതാനും സൃഷ്ടികളിൽ ഞങ്ങൾ ചുരുക്കുകയാണ്.

ഭാവിയിൽ മറ്റു സൃഷ്ടികളും സമാഹരിച്ചു വെളിച്ചം നൽകാൻ നാഥൻ അനുഗ്രഹിക്കട്ടെ! ഇതിന്നു നമുക്ക് അനുവാദം നൽകിയ ബഹുവന്ദ്യ ശൈഖുനായ്ക്കും നിർദ്ദേശങ്ങൾ തന്നും മറ്റും സഹായിച്ച വിശിഷ്ട വ്യക്തികൾക്കും ഹൃദ്യമായ കൃതജ്ഞതകൾ രേഖപ്പെടുത്തുന്നു. പിഴവുകൾ ഉണർത്തണമെന്ന അപേക്ഷയോടെ ഈ മഹാ ഗ്രന്ഥം അനുവാച സമക്ഷം സസന്തോഷം ഞങ്ങൾ സമർപ്പിക്കുന്നു.

പ്രസാധകർ

# ശൈഖുനാ എം.എ. ഉസ്താദ്



1924 ജൂലായ് 1-ന് കാസറഗോഡ് ജില്ലയിലെ
ഉദുമ്പുന്തലയിൽ ജനിച്ചു.
പിതാവ് : കുറിയ അബ്ദുല്ല ഹാജി
മാതാവ്: നാല്ലൂരപ്പാട് മറിയം.
ഭാര്യ: താന്യുലൻ അഹ്മദ് മുസ്‌ലിയാരുടെ മകൾ ഖദീജ
മക്കൾ: നഫീസ, കുഞ്ഞഹമ്മദ്, ബീഫാത്വിമ,
അബ്ദുൽ വഹാബ്, ജുവൈരിയ്യ

വിദ്യാഭ്യാസം: ഉദുമ്പന്തല, ബീരിച്ചേരി എന്നിവിടങ്ങളിൽ.
മട്ടമ്മൽ, തളിപ്പറമ്പ് ഖുവ്വത്തുൽ ഇസ്‌ലാം
അറബിക് കോളേജ്, ഉദിനൂർ എന്നി സ്ഥലങ്ങളിൽ
മുദരിസായി ജോലി ചെയ്തു.
1979 സെപ്തംബർ 16 മുതൽ ജാമിഅ: സഅദിയ്യ:
അറബിയ്യ:യിൽ ജനറൽ മാനേജരും പ്രധാന മുദരിസുമായി
പ്രവർത്തിക്കുന്നു.
1947-ൽ സമസ്ത കേരള ജംഇയ്യത്തുൽ ഉലമായിൽ അംഗത്വം,
1957-ൽ രൂപവത്കൃതമായ സമസ്ത കേരള ഇസ്‌ലാം മത
വിദ്യാഭ്യാസ ബോർഡിൽ സ്ഥാപകാംഗം,
1976 മുതൽ ജംഇയ്യത്തുൽ മുഅല്ലിമീൻ ജനറൽ സെക്രട്ടറി,
1989 മുതൽ ജനറൽ സെക്രട്ടറി,
1989 മുതൽ സമസ്ത ഉപാധ്യക്ഷൻ,
എസ്.വൈ.എസിന്റെ സ്ഥാപകാംഗം,
83 മുതൽ 95 വരെ എസ്.വൈ.എസ്. സംസ്ഥാന പ്രസിഡണ്ട്,
ഇപ്പോൾ അഖിലേന്ത്യാ സുന്നി വിദ്യാഭ്യാസ ബോർഡ്
പ്രസിഡണ്ട്, ഒട്ടേറെ സ്ഥാപനങ്ങളുടെ രക്ഷാധികാരി.

ചരിത്രം, വിശ്വാസം, സംസ്കാരം, യാത്രാ വിവരണം. ആത്മ സംസ്കരണം എന്നീ വിഭാഗങ്ങളിൽ മുപ്പതോളം ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ഗദ്യ-പദ്യ രംഗങ്ങളിൽ മലയാളത്തിലും അറബിയിലുമായി ഒട്ടേറെ രചനകൾ ആനുകാലികങ്ങളിൽ വെളിച്ചം കണ്ടിട്ടുണ്ട്.

മികച്ച വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് 1997-ൽ 'അൽകോബാർ ഇസ്‌ലാമിക് സർവ്വീസ് സെന്റർ' അവാർഡ്.

മികച്ച സമൂഹ സമുദ്ധാരണത്തിന് 'തിരുനാവായ ഇസ്‌ലാമിക് റിസർച്ച് സെന്റർ' അവാർഡ്.

സുന്നി സാഹിത്യ രംഗത്ത് സ്തുത്യർഹ സേവനങ്ങൾക്ക് ദാറുൽ മആരിഫ് ദഅ്‌വാ കോളേജ് 'ഗസ്സാലി' അവാർഡ്, സുന്നത്ത് ജമാഅത്തിന്റെ മുന്നേറ്റങ്ങൾക്ക് 2004-ൽ അബുദാബി 'അൽ മുസഫ എസ്.വൈ.എസ്.' അവാർഡ് എന്നിവക്ക് അർഹനായി.

വിലാസം:

എം.എ. അബ്ദുൽ ഖാദിർ മുസ്‌ലിയാർ
ബദ്‌രിയ്യ മൻസിൽ,
കൈക്കോട്ടുകടവ്, എളമ്പച്ചി
തൃക്കരിപ്പൂർ
ഫോൺ: 04672 210213

## മജ്‌ലിസുൽ ഉലമാഇസ്സഅദിയ്യീൻ: ഭാരവാഹികൾ

| | |
|---|---|
| പ്രസിഡണ്ട് | : ഹുസൈൻ സഅദി കെ.സി. റോഡ് |
| വൈ.പ്രസി | : കുഞ്ഞഹമ്മദ് സഅദി എരോൽ |
| " " | : സ്വാലിഹ് സഅദി തളിപ്പറമ്പ് |
| ജ: സെക്രട്ടറി | : അബ്ദുൽ ലത്തീഫ് സഅദി കൊട്ടില |
| വർക്കിംഗ് " | : ഇസ്മാഈൽ സഅദി പാറപ്പള്ളി |
| ജോ: സെക്രട്ടറി | : അബ്ദുല്ലാഹി സഅദി ചിത്താരി |
| " " | : കുഞ്ഞാലി സഅദി വണ്ടൂർ |
| ട്രഷറർ | : യു.കെ. മുഹമ്മദ് സഅദി |

## പ്രസിദ്ധീകരണ സമിതി

ഉബൈദുല്ലാഹി സഅദി നദ്‌വി മട്ടന്നൂർ

ഹുസൈൻ സഅദി കെ.സി. റോഡ്

അബ്ദുൽ ലത്തീഫ് സഅദി കൊട്ടില

ഇസ്മാഈൽ സഅദി പാറപ്പള്ളി

അബ്ദുസ്സലാം സഅദി തൈക്കടപ്പുറം

ജാഫർ സ്വാദിഖ് സഅദി തൃക്കരിപ്പൂർ

ശറഫുദ്ദീൻ സഅദി പുളിയംപറമ്പ്

## മെമ്പർമാർ

ഉബൈദുല്ലാഹി സഅദി മട്ടന്നൂർ,

അബ്ദുൽഖാദിർ സഅദി കൊല്ലമ്പാടി,

കരിം സഅദി ഏണിയാടി,

മൊയ്തു സഅദി ചേരൂർ

അബ്ദുശ്ശുകൂർ സഅദി തിരുവട്ടൂർ,

ഇബ്രാഹിം സഅദി മുഗു

ഗുരുക്കൾ അബൂബക്കർ സഅദി

ശറഫുദ്ധീൻ സഅദി പുളിയംപറമ്പ്

മൊയ്തു സഅദി മേൽപറമ്പ്,

അബ്ദുല്ല സഅദി ദേളി

അബ്ദുൽ റഹ്മാൻ സഅദി തൃശ്ശൂർ

അബ്ദുൽ റഹ്മാൻ സഅദി പനിപ്പാറ

ഹംസ സഅദി ചേരങ്കൈ,

ശൗക്കത്തലി സഅദി മഴൂര്

അബ്ദുൽ കരീം സഅദി മുട്ടം,

അബ്ദുല്ലാഹി സഅദി സി.പി. ന്യൂഞ്ഞേരി

അബ്ദുസ്സലാം സഅദി തെക്കുമ്പാട്

അഹ്മദ് സഅദി കെ.എം.സി. തൈകടപ്പുറം

ഇസ്മാഈൽ സഅദി കിന്യ

# മുഖക്കുറിപ്പ്

അല്ലാഹുവിന് സ്തുതി! അവന്റെ കരുണയും രക്ഷയും ലോകാനുഗ്രഹി മുഹമ്മദ് മുസ്തഫ(സ)യിലും അവിടുത്തെ കുടുംബാദികളിലും സ്വഹാബത്തിലും സദാവർഷിക്കട്ടെ.

ഉന്നത പണ്ഡിതരായ മർഹൂം കാടേരി മുഹമ്മദ് മുസ്‌ലിയാർ, പറവണ്ണ മൊയ്തീൻകുട്ടി മുസ്‌ലിയാർ എന്നിവരിൽ നിന്ന് നിരന്തര പ്രോത്സാഹനം ലഭിച്ചാണ് അമ്പതുകളുടെ തുടക്കത്തിൽ ഈ വിനീതൻ എഴുത്തിലേക്ക് പ്രവേശിച്ചത്.

പ്രഥമ ലേഖനം തന്നെ മദ്രസാ പ്രസ്ഥാനത്തെ കുറിച്ചായിരുന്നു. സമസ്തയുടെ ആദ്യകാല മുഖപത്രമായ 'അൽബയാൻ' അറബി-മലയാളം മാസികയുടെ 1951 ഫെബ്രുവരി ലക്കത്തിൽ അത് വെളിച്ചം കണ്ടപ്പോൾ വലിയൊരു ആശയത്തിന് തുടക്കം കുറിക്കുകായിരുന്നു.

ഇന്ത്യ സ്വതന്ത്രമായതോടെ സ്കൂളിലെ മതവിദ്യാഭ്യാസം നിരോധിച്ച പാശ്ചാത്തലത്തിൽ സ്കൂൾ വിദ്യാഭ്യാസത്തിന് സമാന്തരമായ പ്രൈമറി, ഹയർ സെക്കന്ററി തലങ്ങളിൽ സമഗ്രമായ പാഠ്യ പദ്ധതിയോടെ മതപഠനം നടത്തേണ്ടതിന്റെ ആവശ്യകതയെകുറിച്ചുള്ള പ്രസ്തുത ലേഖനം കാരണമായത് 1951-മാർച്ചിൽ വടകരയിൽ നടന്ന സമസ്ത 19-ാം വാർഷിക സമ്മേളനത്തിൽ മർഹൂം പറവണ്ണയുടെ നേതൃത്വത്തിൽ മദ്രസാവിഷയം ചിന്തിക്കാൻ ഒരു സബ് കമ്മിറ്റി നിലവിൽ വന്നത്.

അങ്ങനെ അനുഗ്രഹീത ഗുരുക്കന്മാരുടെ ആശിർവാദത്തോടെ കയ്യിലേന്തിയ തൂലിക പലർക്കുമനേരെയും ഉയർത്തേണ്ടി വന്നിട്ടുണ്ട്.

ഇസ്‌ലാമിനെ അജന്മ ശത്രുവായി നോക്കിക്കണ്ട നിരീശ്വര നിര്‍മ്മിത പ്രസ്ഥാനം, വിശുദ്ധ മതത്തെ വികലമായി വ്യാഖ്യാനിച്ച ഭൗതിക ബിരുദ ധാരികള്‍, പരിഷ്കരണവാദവുമായി വന്ന പുത്തന്‍ പ്രസ്ഥാനക്കാര്‍, ഇങ്ങനെ ശത്രുക്കള്‍ അനേകമാണ്.

എഴുത്തിന്റെ പ്രയാണ പാതയില്‍ 55-ാം വര്‍ഷത്തിലേക്ക് പ്രവേശിക്കുമ്പോള്‍ സര്‍വ്വശക്തനായ അല്ലാഹുവിന് ആയിരമായിരം സ്തോത്രങ്ങള്‍ അര്‍പ്പിക്കുകയാണ്.

അനാരോഗ്യ കാരണങ്ങളാല്‍ പേനയുടെ വേഗത കുറഞ്ഞ ഈ സന്ദര്‍ഭത്തില്‍ വിവിധ ഘട്ടങ്ങളിലായി എഴുതപ്പെട്ട എന്റെ ലേഖനങ്ങളില്‍ ഒരു ഭാഗം സഅദി പണ്ഡിത സഭയായ 'മജ്‌ലിസുല്‍ ഉലമാഇസ്സഅദിയ്യീന്‍' പുസ്തക രൂപത്തിലാക്കുന്നതില്‍ സന്തോഷമുണ്ട്.

സുന്നത്ത് ജമാഅത്തിന് ഉപകാര പ്രദമായ കാര്യങ്ങള്‍ വായിക്കാനും പ്രവര്‍ത്തിക്കാനും അല്ലാഹു നമ്മെ അനുഗ്രഹിക്കട്ടെ.

പ്രാര്‍ത്ഥനയോടെ,

എം.എ. അബ്ദുല്‍ ഖാദിര്‍ മുസ്‌ലിയാര്‍

# ഇതളുകളിൽ...


1. കേരളത്തിൽ ഇസ്‌ലാമിന്റെ ആവിർഭാവം -13
2. അഹ്‌ലുസ് സുന്നത്തി വൽജമാഅഃ -23
3. സമസ്ത എന്ന ആദർശ പ്രസ്ഥാനം -29
4. സമസ്തയുടെ സന്ദേശം അഖിലേന്ത്യാതലത്തിൽ -44
5. മുസ്‌ലിം കേരളത്തിലെ നവോത്ഥാന നീക്കങ്ങൾ -48
6. ഭാരതത്തിൽ ഇസ്‌ലാമിന്റെ ഭാവിയും ഭൂതവും -54
7. മുസ്‌ലിം ലോകം : സാംസ്കാരിക സമസ്യകൾ -63
8. മുസ്‌ലിം നവോത്ഥാനം:അർത്ഥവും സാക്ഷാത്കാരവും -77
9. മുസ്‌ലിംകളും ആധുനിക ചിന്താഗതിയും -84

10. പുതുയുഗത്തിൽ ഇസ്‌ലാമിന്റെ പ്രസക്തി -89

11. മുസ്‌ലിംകളും വിദ്യാഭ്യാസവും -105

12. മൗദൂദിസവും വൈരുദ്ധ്യങ്ങളും -111

13. ഖാദിയാനിസം ഒരു വിഗഹ വീക്ഷണം -117

14. ആ വിഷ ബീജം ഇന്ത്യൻ മണ്ണിലെത്തിയതെങ്ങനെ? -126

15. ജിഹാദ്, കാഫിർ :വിമർശനങ്ങൾക്ക് പഴുതില്ല (അഭിമുഖം) -131

16. ആചാരങ്ങൾവിവാഹ കർമ്മത്തിൽ -142

17. ലോട്ടറി,ബാങ്കിംഗ്,ഇൻഷൂറൻസ് -148

18. ഗോളാന്തര പ്രയാണം ഇസ്‌ലാമിക വീക്ഷണത്തിൽ -155

19. സൂഫികളുടെ മാർഗ്ഗം -166

20. വിശുദ്ധ ഖുർആൻ വ്യാഖ്യാനവും വ്യാഖ്യാതാക്കളും -175

21. പ്രബോധനം പണ്ഡിതരുടെ ബാധ്യത -183

22. പ്രകീർത്തനം കർമ്മവും ധർമ്മവും -190

# കേരളത്തിൽ ഇസ്‌ലാമിന്റെ ആവിർഭാവം

സമഗ്രമായ പഠനവും വിപുലമായ ഗവേഷണവും ഇനിയും അർഹി ക്കുന്ന ഒരു പ്രശ്നമാണിത്. പ്രഥമമായും കേരളത്തിലേക്ക് ഇസ്‌ലാമിക ദീപശിഖയുമേന്തി ആഗതരായ അറബികളിൽ നിന്നും ആരംഭിക്കുന്ന പ്രസ്തുത ചരിത്രത്തിൽ ത്യാഗവര്യൻമാരും ആത്മഗുരുക്കളുമായി പല കാലങ്ങളിലും ഇവിടെ വന്നു പട്ടണങ്ങളും പ്രദേശങ്ങളും ഇസ്‌ലാമിക പ്രഭയണിച്ചും നവചൈതന്യം നൽകിയും കാലയവനികക്കുള്ളിൽ മൺമ റഞ്ഞു കിടക്കുന്ന മഹാൻമാരുടെയെല്ലാം ചരിത്രങ്ങൾ കോർത്തും ചേർക്കേണ്ടതുണ്ട്. ഖുത്ബുസ്സമാൻ മമ്പുറം സൈദലവിതങ്ങൾ(റ), സയ്യിദ് ഹുസൈൻ ജിഫ്രി(റ), ഉള്ളാളം സയ്യിദ് മുഹമ്മദ് മദനി(റ), പെരി ങ്ങത്തൂരു സയ്യിദ് അലിയ്യുൽ കൂഫി(റ), വളപ്പട്ടണം ഖാസി മുഹമ്മദ് (സിദ്ദീഖ്), സയ്യിദ് അഹമ്മദ് ജലാലുദ്ദീൻ (ബുഖാരി), പൊന്നാനി വലിയ സൈനുദ്ദീൻ മഖ്ദൂമി തുടങ്ങിയ എണ്ണമറ്റ മഹാരഥന്മാരുടെ നാമങ്ങളും നീണ്ടുനിവർന്ന രേഖകളും നമുക്കിപ്പോൾ സ്മരിക്കേണ്ടതുണ്ട്. വിശദ മായി ചർവ്വിതചർവ്വണം ചെയ്തുകൊണ്ടുള്ള അത്തരമൊരു ഗ്രന്ഥ ത്തിന്റെ അഭാവം കേരളത്തിലെ മുസ്‌ലിംകൾക്ക് എന്ത്കൊണ്ടും അപ രിഹാര്യമായി കിടക്കുന്ന കുറവുതന്നെയാണ് അതു പരിഹരിക്കാൻ സാമു ദായിക സാമൂഹ്യ രംഗങ്ങളിൽ പ്രവർത്തിക്കുന്ന സേവനൗത്സുഖ്യരായ എഴുത്തുകാർ അതിവേഗം മുമ്പോട്ട് കുതിക്കേണ്ടിയിരിക്കുന്നു. ഒരു ചെറു ലേഖനത്തിൽ അത്തരം വെളിച്ചം നൽകുക അസാദ്ധ്യമാണല്ലോ. പ്രഥ

മമായും കേരള നാട്ടിൽ ഇസ്ലാമിന്റെ വെന്നിക്കൊടി എങ്ങനെ ഉയർത്ത പ്പെട്ടുവെന്നതിനെക്കുറിച്ചു മാത്രം ഒരു ചെറുവിവരണമാണ് ഈ ലേഖ നോദ്ദേശ്യം.

കേരളത്തിൽ ഇസ്ലാമിന്റെ ആവിർഭാവത്തെ കുറിച്ചു ചരിത്രകാര ന്മാർക്കിടയിൽ അഭിപ്രായൈക്യം ഉണ്ടായിട്ടില്ലെങ്കിലും അതിന്റെ രൂപ ത്തെകുറിച്ചു എതാണ്ട് എല്ലാവരും ഒരേ അഭിപ്രായക്കാരാണെന്നു വേണം പറയാൻ. " ചരിത്ര പ്രസിദ്ധമായ ആദം മലയിലേക്കുള്ള തീർത്ഥാ ടനാർത്ഥം ഒരു സംഘം അറബി മുസ്ലിംകൾ അറേബ്യയിൽ നിന്ന് സിലോ ണിലേക്ക് പുറപ്പെട്ടു. അവർ വിശ്രമാർത്ഥം കൊടുങ്ങല്ലൂരിൽ ഇറങ്ങുക യുണ്ടായി. വ്യാപാരകാര്യത്തിലും മറ്റെല്ലാ തുറകളിലും അന്ന് വിദേശി കളെ ആകർഷിച്ചിരുന്ന ഒരു " തുറമുഖ പട്ടണമായിരുന്നു കൊടുങ്ങ ല്ലൂർ" യാത്രക്കാർ അവിടെ കപ്പൽ അടുപ്പിച്ച് പട്ടണം ചുറ്റിക്കാണുക പതിവായിരുന്നു.

പ്രസ്തുത സംഘത്തിന്റെ യാത്രോദ്ദേശ്യം അന്നത്തെ ഭരണാധി കാരിയായിരുന്ന ചേരമാൻ പെരുമശ് ചോദിച്ചറിഞ്ഞു. അവരിൽ നിന്നും അറേബ്യയിൽ മൊട്ടിട്ടു വളർന്നു വരുണ ഇസ്ലാമിക പ്രസ്ഥാനത്തെ ക്കുറിച്ചും അതിന്റെ പ്രബോധകരായ റസൂൽ കരിം(സ)യെക്കുറിച്ചും രാജാവിന് വിവരം ലഭിച്ചു. നബി(സ)യുടെ അപദാനങ്ങൾ രാജാവിലും അനുയായികളിലും ആശയും ആവേശവും പകരുകയും പ്രസ്തുത സന്ദേശ വാഹകരെ ഒരു നോക്ക് കണ്ടനുഗമിക്കണമെന്ന് രാജാവ് ഉറ ക്കുകയും ചെയ്തു. യാത്രാസംഘം സിലോണിൽ സസുഖം തിരിച്ചുവ രാൻ ആശംസിക്കുകയും വരുമ്പോൾ കൊടുങ്ങല്ലൂരിൽ അടുക്കാൻ വരെ ക്ഷണിക്കുക്യും ചെയ്തു. നിങ്ങളുടെ കൂടെ അറേബ്യ സന്ദർശത്തിനു ദ്ദേശ്യമുണ്ടെന്നും അവരെ അറിയിച്ചു. അവർക്കു സീമാതീതമായ സ്വീക രണങ്ങളിൽ നന്ദി രേഖപ്പെടുത്തുകയും മടക്കത്തിൽ കേരളത്തിലിറങ്ങാ മെന്നവർ വാഗ്ദത്തം ചെയ്യുകയും ചെയ്തു. നിർദ്ദേശാനുസരണം മടക്ക യാത്രയിൽ അവർ വീണ്ടും കൊടുങ്ങല്ലൂരിൽ ഇറങ്ങകയും അവരോ ടൊപ്പം രാജാവ് അറേബ്യയിലേക്ക് പുറപ്പെടുകയും ചെയ്തു.

ഭൗതിക സുഖങ്ങളെല്ലാം കൈവെടിഞ്ഞുകൊണ്ടായിരുന്നു അദ്ദേഹത്തിന്റെ യാത്രയെന്നുവേണം പറയാൻ. അത്രയും ഒരുക്കത്തോടുകൂടി രാജ്യഭാരങ്ങൾ അനന്തരവൻമാർക്ക് ഏൽപ്പിച്ചു കൊടുത്തും അവകാശികളെയെല്ലാം വിളിച്ചു വരുത്തി വേണ്ട ഉപദേശങ്ങൾ നൽകിയും കൊണ്ടാണദ്ദേഹം പുറപ്പെട്ടിരുന്നത്. രാജാവ് അറേബ്യയിലെത്തി ഇസ്ലാംമതം ആശ്ലേഷിക്കുകയും വീണ്ടും സ്വദേശത്തു ചെന്നു ഇസ്ലാമിനെ പ്രചരിപ്പിക്കാനായി യാത്ര തുടരുകയും ചെയ്തു. അല്ലാഹുവിന്റെ അനിഷേധ്യ വിധിക്കടിമപ്പെട്ടു ആ ത്യാഗവര്യൻ " ശഹർ മുഖല്ല"യിൽ വെച്ചു നിര്യാതനായി. താജുദ്ദീൻ എന്ന നാമം സ്വീകരിച്ച അദ്ദേഹത്തിന്റെ പുണ്യശരീരം അവിടെയാണ് അടക്കം ചെയ്യപ്പെട്ടിട്ടുള്ളത്.

സഹയാത്രികരായിരുന്ന മാലിക്ബ്നു ദീനാറിന്റെയും കൂട്ടുകാരുടെയും കയ്യിൽ അദ്ദേഹത്തിന്റെ അനന്തരവന്മാർക്കായി ഒരെഴുത്ത് കൊടുക്കുകയും താൻ മരിച്ചാലും കേരളയാത്ര തുടരണമെന്ന് ഉപദേശിക്കുകയും ചെയ്തിരുന്ന പ്രസ്തുത എഴുത്തുമായി മാലിക്കും കൂട്ടുകാരും കൊടുങ്ങല്ലൂരിൽ വന്ന് കപ്പലിറങ്ങി. രാജലിഖിതം കൊടുങ്ങല്ലൂർ രാജാവിനെയും ഏൽപ്പിച്ചു. തദനുസരണം കൊടുങ്ങല്ലൂരിലും കേരളത്തിന്റെ ഇതര ഭാഗങ്ങളിലും തെക്കൻ-കൊല്ലം മുതൽ മംഗലാപുരം വരെ ഇസ്ലാം അലതല്ലുവാൻ തുടങ്ങി. പള്ളികൾ പൊങ്ങിവന്നു. അറബിയിലുള്ള ബാങ്ക്-ഖുതുബ എന്നിവകൊണ്ട് അന്തരീക്ഷം ശബ്ദമുഖരിതമായി. ഇത്രയും യാഥാർത്ഥ്യങ്ങൾ മുസ്ലിം ചരിത്രകാരൻമാർക്കിടയിൽ കേരളത്തിലെ ഇസ്ലാമതാവിർഭാവത്തെക്കുറിച്ച് ഏതാണ്ട് ഏകീകരിക്കപ്പെട്ട അഭിപ്രായമാണ്. പ്രസ്തുത പെരുമാൾ ഏതു കാലക്കാരനാണ്? അദ്ദേഹത്തിന്റെ യാത്ര ഹിജ്റ ഒന്നാം നൂറ്റാണ്ടിനു ശേഷമോ? ഇതിലാണ് ചരിത്രകാരൻമാർ ഭിന്നഭിപ്രായം രേഖപ്പെടുത്തിയിട്ടുള്ളത്. പരിമിതമായ അന്വേഷണത്തിന്റെ വെളിച്ചത്തിൽ ചില സത്യാവസ്ഥകൾ തൽസംബന്ധമായി ഇവിടെ ചേർക്കാം.

വളപട്ടണം ഖാസി തങ്ങന്മാരുടെ വീട്ടിൽ സൂക്ഷിക്കപ്പെട്ട ഒരു കയ്യെഴുത്തു ഗ്രന്ഥം കുറച്ച് കാലംമുമ്പ് ഈ ലേഖകൻ കാണാനിടയായി.

അതിൽ അവിടത്തെ ബാസിമാരെയും കേരളത്തിലെ ഇസ്ലാമികാവിർഭാവത്തെയും പ്രതിപാദിക്കുന്ന സുദീർഘമായ ഒരു കവിത രേഖപ്പെടുത്തിട്ടുണ്ട്. സയ്യിദ് മുഹമ്മദ്ബ്നു ഉമർബാഅലവിയെന്ന മഹാനാണ് അറബിയിൽ വിരചിതമായതാണ് ആ കവിത. അതിൽ ഉദ്ധരിച്ചതിന്റെ രത്നച്ചുരുക്കം ആദ്യമായി ഇവിടെ കുറിക്കാം.

" പൂർണ്ണചന്ദ്രൻ പൊട്ടിക്കീറിയ സംഭവം ദർശിക്കാനിടയായ പെരുമാൾ ചക്രവർത്തി അതിന്റെ പശ്ചാത്തലമന്വേഷിച്ചറിഞ്ഞതിന്റെ ഫലമായിട്ടാണ് മക്കത്തേക്ക് പോകാനുറച്ചതെന്ന് ആദ്യമായും അതിൽ കാണാം. അങ്ങനെ ഹിജ്റക്ക് അഞ്ചു വർഷം മുമ്പായി പെരുമാൾ കൊടുങ്ങല്ലൂരിൽ നിന്നും പുറപ്പെട്ടു. അദ്ദേഹം മക്കയിൽ എത്തിച്ചേരുകയും നബി (സ)യുടെ തിരുസന്നിധിയിൽ ഹാജരായി വിശ്വസിക്കുകയും ചെയ്തുവെന്ന് തുടർന്ന് എഴുതിയിട്ടുണ്ട്. താജുദ്ദീൻ എന്ന് അദ്ദേഹത്തിന് നബി (സ) പേരിട്ടു. അനന്തരം സമ്മതം വാങ്ങി അദ്ദേഹം നാട്ടിലേക്ക് തിരിച്ചു. കൂടെ മാലിക്ബ്നുദീനാറും തുടങ്ങിയ കൂട്ടുകാരുമുണ്ടായിരുന്നു. അവർ ശഹർ മുഖല്ലയിൽ എത്തിയപ്പോൾ രാജാവിന് രോഗം ബാധിച്ചു. ഈ രോഗത്തിൽ നിന്നും രക്ഷപ്രാപിക്കുന്നത് വിഷമമാണെന്ന് മനസ്സിലാക്കിയ രാജാവ് കൂട്ടുകാരെ വിളിച്ച് ഇപ്രകാരം പറഞ്ഞു; " ഈ രോഗത്തിൽ ഞാൻ പരലോകം പ്രാപിച്ചാലും നാം ആഗ്രഹിച്ചിട്ടുള്ള മലബാർ യാത്രയിൽ നിന്നും നിങ്ങൾ പിന്തിരിയരുത് " അവർ ചോദിച്ചു " നിങ്ങൾ എവിടെയെന്നോ നിങ്ങളുടെ അധികാരാതൃത്തി എന്തെണാന്നോ അറിയാതെ ഞങ്ങളെങ്ങിനെ പോകും? " കുറെ ചിന്തിച്ച ശേഷം രാജാവ് അന്നത്തെ സംസാരഭാഷയിലുള്ള ഒരെഴുത്ത് അവരെ ഏൽപ്പിച്ചു. രാജ്യത്തിന്റെയും ബന്ധുക്കളുടെയും പേരുകളും മറ്റു കാര്യങ്ങളും അതിൽ വിവരിച്ചിരുന്നു. നിങ്ങൾ അവിടെ ചെന്നെത്തിയാൽ എന്റെ രോഗത്തെക്കുറിച്ചോ വേർപാടിനെക്കുറിച്ചോ വിളംബരപ്പെടുത്തരുതെന്ന് അവരോട് ഉപദേശിക്കുകയുണ്ടായി.

അനന്തരം അവിടെ വെച്ചു താജുദ്ദീൻ അന്തരിച്ചു. അദ്ദേഹത്തിന്റെ വേർപാടിൽ ദു:ഖിതരായി കൊണ്ട് കുറച്ചുകാലം താമസിച്ചതിന് ശേഷം

നബി(സ)യെ സ്വപ്നത്തിൽ ദർശിക്കുകയും അവിടെന്ന് ഉണർത്തുകയും ചെയ്തതിനാലായിരുന്നു അവർ വീണ്ടും പുറപ്പെട്ടത്. അവർ കൊടുങ്ങല്ലൂരിൽ വന്നിറങ്ങുകയും രാജലിഖിതം രാജാവിന്റെ അനന്തിരവനെ ഏൽപ്പിക്കുകയും ചെയ്തു. അറേബ്യയിലെ വിശിഷ്ടമായ പല കാഴ്ച വസ്തുക്കളും അവർ കൂടെ കൊണ്ടുവന്നിരുന്നു. കുറെ മാർബിൾ കല്ലുകളും അവരുടെ കപ്പലിലുണ്ടായിരുന്നു ഈ കല്ലുകളായിരുന്നു ഇവിടെ മാലിക്ബ്ന് ദീനാർ നിർമ്മിച്ച പള്ളികൾക്ക് ശിലാസ്ഥാപന കർമ്മത്തിൽ ഉപയോഗിക്കപ്പെട്ടത്. കൊടുങ്ങല്ലൂർ രാജാവ് അവരെ സസന്തോഷം സ്വീകരിക്കുകയും, എഴുത്ത് വാങ്ങി ചുംബിക്കുകയും അർഹിക്കുന്ന ബഹുമാനത്തോടുകൂടി എല്ലാവിധ സൗകര്യങ്ങളും ചെയ്തു കൊടുക്കുകയുമുണ്ടായി. കൊടുങ്ങല്ലൂരിലെ പ്രസിദ്ധമായ പള്ളി രാജാവിന്റെ സഹായത്തോടുകൂടി അവർ നിർമ്മിച്ചതാണ്. ചാലിയം, ധർമ്മപട്ടണം, കൊല്ലം, മാടായി, ശ്രീകണ്ഠപുരം, കാസറഗോഡ്, പന്തലായിനി, മംഗലാപുരം, പാക്കനൂർ(ബർകൂർ) എന്നിവടങ്ങളിലെല്ലാം ഇസ്ലാമിനെ പ്രചരിപ്പിക്കുകയും പള്ളികളും മുസ്ലിം കോളനികളും നിർമ്മിക്കുകയും ചെയ്തിരുന്നു.

കൊടുങ്ങല്ലൂരിലെ പള്ളി നിർമ്മാണം ഹിജ്റ-21ൽ ആയിരുന്നു. ദൗത്യം പൂർത്തിയാക്കിയതിന് ശേഷം ഓരോ പള്ളിയിലും ചെന്ന് നമസ്കാരം നിർവ്വഹിക്കുകയും ഖാളിമാരെ നിശ്ചയിക്കുകയും ചെയ്തുകൊണ്ട് മാലിക്കുബ്നു ദീനാറും സംഘവും നാട്ടിലേക്ക് തിരിച്ചു. അവർ വഴിയായി സിദ്ദീഖിന്റെ പരമ്പരയിൽപ്പെട്ട ഹ:അബൂബക്കർ എന്ന മഹാന് മലബാറിന്റെയും അവിടെത്തെ നിവാസികളുടെയും വിവരം അറിയുവാൻ കഴിഞ്ഞു. പ്രസ്തുത വാർത്തയും തന്റെ ആഗ്രഹം പൂർത്തിയാക്കാൻ കഴിയാത്തതും അദ്ദേഹം അന്ത്യവേളയിൽ മകൻ മുഹമ്മദിനെ ബോധ്യപ്പെടുത്തി. മലബാറിൽ ചെന്ന് ഇസ്ലാമിക പ്രചരണം നടത്താൻ പുത്രനോട് അദ്ദേഹം വസിയ്യത്ത് ചെയ്തു. തദവസരമാണ് ഹ:മുഹമ്മദുബ്നുഅബീബക്കർ (വളപ്പട്ടണത്തെ ഒന്നാം ഖാളി) സഹോദരൻ ഹുസൈൻ, സഹോദരി, സഹോദരി ഭർത്താവ്, മരുമകൾ ഗുലാമുദ്ദീൻ

എന്നിവർ പരിവാര സമേതം മലബാറിലേക്ക് യാത്ര പുറപ്പെട്ടത്. രണ്ടാം നൂറ്റാണ്ടിലായിരുന്നു അവർ വന്നിരുന്നത്. കണ്ണൂരിനടുത്ത് അറത്തി എന്ന സ്ഥലത്ത് അവർ വന്നിറങ്ങുകയും വളപ്പട്ടണത്ത് എത്തിച്ചേരുകയും ചെയ്തു. പ്രസിദ്ധമായ "കക്കുളങ്കര പള്ളി" അവർ എടുപ്പിച്ചതാണ്. മുഹമ്മദുബ്നു അബീബക്കറിന്റെ ഖബർ പ്രസ്തുത പള്ളിയുടെ സമീപത്ത് സ്ഥിതി ചെയ്യുന്നു. വളപട്ടണം ജുമുഅത്ത് പള്ളിയുടെ നിർമ്മാണം അതിന് ശേഷമായിരുന്നു വെന്നാണ് അദ്ദേഹം പറയുന്നത്.

കേരളത്തിൽ ഇസ്‌ലാം മതത്തിന്റെ ആവിർഭാവം ഒന്നാം നൂറ്റാണ്ടിലാണെന്നു മാത്രമല്ല പ്രവാചകരുടെ ജീവിത കാലത്ത്തന്നെ അതിന്റെ തുടങ്ങിയിരുന്നുവെന്നാണ് ഇത്രയും പ്രസ്താവിച്ചതിൽ നിന്നും നമുക്ക് ഗ്രഹിക്കാൻ കഴിഞ്ഞത്. 2-ാം നൂറ്റാണ്ടിനുശേഷമായിരുന്നു മാലിക്കുബ്നു ദീനാറിന്റെയും അനുചരന്മാരുടെയും ആഗമനമെന്നതിനു സംശയാതീതമായ രേഖകൾ തെളിയിക്കപ്പെട്ടിട്ടില്ല. ഒന്നാം നൂറ്റാണ്ടിലായിരന്നു വെന്നതിനെ കുറിച്ച് ' തുഹ്ഫത്തുൽ മജാഹിദീൻ' എന്ന ഗ്രന്ഥത്തിൽ ശൈഖ് സൈനുദ്ദീൻ (റ) 'അലായകാദുയസിഹു' എന്ന് എഴുതിയിട്ടുണ്ട്. പ്രസ്തുത പദത്തിന്റെ അർത്ഥം തന്നെ സംശയാതീതമായ തെളിവെല്ലന്ന് സൂചിപ്പിക്കുന്നു. ശരിയാവാനിടയില്ലെന്ന മറ്റൊർത്ഥവും അതെ പദത്തിന് നൽകപ്പെടാവുന്നതാണ്. അപ്പോൾ ഖണ്ഡിതമായ അഭിപ്രായമാണെന്ന് തീർത്ത് പറയാവതല്ല. അതിന് അവകാശമുണ്ടെന്ന് മാത്രമേ പറയുവാൻ നിർവ്വാഹമുള്ളൂ. " കാദ " നിഷേധത്തെയോ സ്ഥിരപ്രയോഗത്തെയോ അറിയിക്കുക എന്നതിനെ കുറിച്ച് ഭാഷാപണ്ഡിതന്മാരുടെ ഇടയിലുള്ള ചർച്ചയുടെ അടിസ്ഥാനത്തിൽ ഈ വസ്തുത മഹാനായ ചേറ്റുവായി കടപ്പുറം സയ്യിദ് ഹാമിദ് കോയമ്മതങ്ങൾ(ന.മ) അവർകൾ 'അൽ കൻസുൽ അർശിഫിമനാഖിബി മാലികിബ്നിമുഹമ്മദിൻ ഖുറശി'ൽ സൂചിപ്പിച്ചിട്ടുണ്ട്. അറക്കൽ സ്വരൂപത്തിന്റെ പൂർവ്വ രേഖകളും കേരളത്തിൽ ഒന്നാം നൂറ്റാണ്ടിൽ തന്നെ ഇസ്‌ലാം മതം പ്രചരിപ്പിച്ചതായി തെളിവുണ്ടെന്ന് പറയപ്പെടുന്നു.

പഴയങ്ങാടിക്കടുത്തുള്ള മാടായിപ്പള്ളിയുടെ പൂർവ്വാവശിഷ്ടങ്ങളിൽ

ഒരു പലക അവിടെ സൂക്ഷിക്കപ്പെട്ടിരുന്നു. അതിൽ ശിൽപരേഖയിൽ " സനതഖംസിൽ" (അഞ്ചാം കൊല്ലം) എന്ന് അറബിയിൽ രേഖപ്പെടുത്തി കാണുന്നത് മേൽപ്രസ്താവിച്ചതിന് വലിയ തെളിവാണെന്ന് വേണം പറയാൻ. ഈ വിഷയകമായി പല ഗവേഷണങ്ങളും നടത്തപ്പെടേണ്ടതായുണ്ട്. അപ്പോൾ കൂടുതൽ വ്യക്തമായ തെളിവുകൾ നമുക്ക് ലഭിച്ചേന്നു വരാം. പഴയങ്ങാടി പരിസരങ്ങളിൽ പഴമക്കാർക്കിടയിൽ ഇങ്ങനെയൊരു പദ്യ ശകലം കേൾക്കപ്പെടാറുണ്ട്.

" മക്കത്തെപള്ളികൊപ്പിച്ചുപള്ളി
മലനാട്ടിലൊരുപള്ളി മാടായിപള്ളി"

പല അർത്ഥങ്ങളും ഈ വരിക്ക് നൽകപ്പെടാമെങ്കിലും പള്ളിയുടെ പഴക്കത്തെ അത് വിളിച്ചോതുന്നുവെന്നതിൽ സംശയമില്ല. പ്രസ്തുത പള്ളിയുടെ ഉത്ഭവത്തെക്കുറിച്ച് ജിജ്ഞാസുക്കളായ ചരിത്രാന്വേഷകർക്ക് അവകൾ ഇനിയും ലഭിക്കാനിടയുണ്ട്. മാടായി പള്ളിയുടെ തൊട്ടടുത്ത് കാണുന്ന ജാറം മാലികിന്റെ മകൻ അബ്ദുൽ റഹിമാന്റേതാണ് എന്നതിന് വ്യക്തമായ തെളിവുകൾ കണ്ടെത്തിയിട്ടില്ല.

വളപട്ടണത്തെത്തിയ 'മുഹമ്മദുബ്നു അബീബക്കറി(റ)'ന്റെ സഹോദരൻ 'ഹുസൈൻ(റ)'ന്റെ ഖബർ മാടായിലാണെന്ന് പറയപ്പെടുന്നുണ്ട്. അറബിയിൽ നിന്ന വന്ന 'പനമ്പായി ശൈഖ്' എന്ന ഒരു മഹാന്റെ മഖ്ബറയാണെന്നും അഭിപ്രായമുണ്ട്. അദ്ദേഹത്തിന്റെ ചരിത്രകാലം അറിയപ്പെടുന്നില്ല. ഏരിപുരത്ത് ഖബറ് ഉള്ളതായി പറയപ്പെടുന്നു. അപ്പോൾ ഹുസൈൻ(റ)ന്റെ ഖബർ മാടായിലാണെന്നതിന് ബലം കൂടുകയാണ് ചെയ്തത്. ഏരിപുരത്തോ, മടായിലോ ആയിരുന്നു അബ്ദുൽറഹിമാനുബ്നു മാലികി(റ)ന്റെ മഖ്ബറ എന്നത് പരക്കെ അറിയപ്പെടുന്നതാണ്. അബ്ദുൽറഹിമാൻ വാസിയായിരുന്ന ഹേലിപ്പള്ളി ഏഴിമല(കുഞ്ഞിമംഗലം) ജുമഅത്ത് പള്ളിയിലായിരുന്നു വെന്ന് പൂർവ്വികന്മാരിൽ പലരും പറഞ്ഞു കേൾക്കാറുണ്ടായിരുന്നു.

### കേരളത്തിലെ ആദ്യ പള്ളിയും, ഖാളിമാരും:-

മാലികിബ്നുദീനാറും കൂട്ടുകാരും കൊടുങ്ങല്ലൂരിലായിരുന്നു കപ്പലിറങ്ങിയതെന്ന് ഇതിനകം ഗ്രഹിച്ചുവല്ലോ. മാലികിന്റെ സഹോദര പുത്രൻ മാലികിബ്നു ഹബിബ്, മാതൃസഹോദരൻ ശറഫുബ്നുമാലിക് എന്നിവരായിരുന്നു യാത്രാസംഘത്തിലെ പ്രധാനാംഗങ്ങൾ. അവർക്ക് മാലികുബ്നു ഹബീബിന്റെ സന്തതികളായ ഹബീബ്, മുഹമ്മദ്, അലി, ഹുസൈൻ, തഖിയുദ്ദീൻ,അബ്ദുറഹിമാൻ, ഇബ്രാഹിം, മൂസാ, ഉമർ, ഹസ്സൻ, ഫാത്തിമ, ആയിശ, സൈനബ, താഹിറ, ഹലീമ എന്നിവരും മാതാവ് ഖമറിയ്യയും അവരുടെ പരിവാരങ്ങളുമുണ്ടായിരുന്നു. ഇരുപത്തിരണ്ട് പണ്ഡിതന്മാർ കൂടെ ഉണ്ടായതായി ചിലർ പറയുന്നുണ്ട്. കേരളത്തിലിറങ്ങിയതോടെ സീമാതീതമായ സ്വീകരണമായിരുന്നു അവർക്ക് ലഭിച്ചത്. അവർ ചെന്നെത്തുന്ന ഇടങ്ങളിലെല്ലാം " മഹാ പിള്ള " മാരായി അവരെ സ്വാഗതം ചെയ്യപ്പെടുകയുണ്ടായി, അവരുടെ ഭക്തിപൂർവ്വമുള്ള ജീവിത രീതിയിലും, സ്വഭാവത്തിലും ആചാരത്തിലും സർവ്വോപരി സഹനശീലത്തെ കാഴ്ചവെക്കുന്ന ത്യാഗത്തിലും ആകൃഷ്ടരായി ഹിന്ദുക്കളും ഇതരസമുദായക്കാരും നിരന്തരം ഇസ്ലാമിൽ പ്രവേശിച്ചുകൊണ്ടിരുന്നു.

കൊടുങ്ങല്ലൂരിൽ തന്നെ അരമനയുടെ വിളിപ്പാടകലെയുള്ള ദൂരത്തിൽ പള്ളിക്കിടം നൽകപ്പെട്ടതിൽ നിന്നും ഇസ്ലാമിനോട് അവർക്കുണ്ടായ മമതയും ബഹുമാനവും ഗണിച്ചെടുക്കാമല്ലോ. ത്യാഗസന്നദ്ധതയും വിജയത്തിലുള്ള അചഞ്ചലമായ വിശ്വാസവും മാത്രമായിരുന്നു അവരുടെ അടിസ്ഥാന മുതൽക്കൂട്ട്. അവർ പടുത്തുയർത്തിയ പ്രചരണ സൗധത്തിന്റെ മഹത്വമാണ് കേരളത്തിന്റെ ഒരറ്റം മുതൽ മറ്റേ അറ്റം വരെ ഇന്നും നിഴലിച്ചുകാണുന്ന സൗഹൃദത്തിന്റെ അടിസ്ഥാന തത്വം. നാമമാത്ര മുസൽമാനിൽ നിന്നും അവരോടുള്ള അനുകരണവും ഭയഭക്തിയും നശിക്കുന്നതോടെയാണ് ആ സൗഹാർദ്ദ ബന്ധത്തിന് കോട്ടം തട്ടുന്ന ലക്ഷണം ഇടക്കിടെ പ്രകടമാക്കുന്നതെന്ന് ഒരു ചരിത്ര യാഥാർത്ഥ്യമാണ്.

കൊടുങ്ങല്ലൂരിൽ രാജാവിന്റെ സഹായത്തോടുകൂടി തന്നെ ചരിത്ര പ്രസിദ്ധമായ പള്ളി നിർമ്മിതമായി. അവിടെ ഖാസിയായി നിയമിതരായത് 'മുഹമ്മദുബ്നുമാലിക്കാ'യിരുന്നു. അവിടെ നിന്നും മാലിക്ബ്നു ഹബീബിന്റെ നേതൃത്വത്തിൽ ഒരു സംഘം തെക്കൻ കൊല്ലത്തേക്ക് യാത്രയായി. അവർ തെക്കൻ കൊല്ലം കേന്ദ്രമാക്കികൊണ്ട് ഇസ്ലാമിക പ്രചരണമാരംഭിച്ചു. അവിടെ ഒരു പള്ളി നിർമ്മിക്കുകയും ഖാസിയായി ഹസ്സൻ(റ)നെ നിയമിക്കുകയും ചെയ്തു. അനന്തരം പന്തലായിനിയിൽ ഒരു പള്ളി നിർമ്മിച്ചു അവിടെ സഅദുദ്ദീനെയും, ഏഴിമലയിൽ നിർമ്മിച്ച പള്ളിയിൽ അബ്ദുറഹ്മാനെയും നിശ്ചയിച്ചു. ബർക്കൂറിലും(ബാക്കനൂർ) മംഗലാപുരത്തും ഓരോ പള്ളി നിർമ്മിതമാവുകയും യഥാക്രമം ഇബ്രാഹിം, മൂസ്സാ എന്നിവർ ഖാളിമാരായും നിശ്ചയിക്കപ്പെടുകയുണ്ടായി. ഈ ആറുപേരും മാലിക്ബ്നു ഹബീബ്നു മാലികിന്റെ പുത്രന്മാരാണെന്നാണ് പറയപ്പെടുന്നത്.

ചാലിയം , ധർമ്മപട്ടണം, ശ്രീകണ്ഠപുരം, കാസർകോട് എന്നിവടങ്ങളിലും  അവർ ഓരോ പള്ളികൾ നിർമ്മിച്ചു. അവിടങ്ങളിൽ യഥാക്രമം സൈനുദ്ദീൻ, ഹുസൈൻ, ഉമ്മർ, മാലിക് എന്നിവരായിരുന്നു ഖാസിമാരായി നിയമിതരായത്. അവർ നാലുപേരും മാലിക്ബിനി ഹബീബിന്റെ പുത്രനായ മുഹമ്മദിന്റെ സന്താനങ്ങളായിരുന്നു. ഓരോ സ്ഥലത്തും പള്ളിയോടനുബന്ധിച്ച് വഖഫ് സ്വത്തുക്കളും കോളനികളും സ്ഥാപിച്ച് അതിരുകൾ നിർണ്ണയിക്കപ്പെട്ടിരുന്നു. മാലിക്ബ്നു ദീനാറുടെ പള്ളി എന്ന പേരിലാണ് പ്രസ്തുത പള്ളികളെല്ലാം അറിയപ്പെടുന്നത്. കാസർകോട് വലിയ ജുമുഅത്ത് പള്ളിയുടെ തെക്കുവശത്തുള്ള ജാറത്തിലന്ത്യവിശ്രമം കൊള്ളുന്ന മാലിക്ബ്നുമുഹമ്മദ്(റ)ന്റെ നേർച്ചയെക്കുറിച്ചുള്ള നോട്ടീസുകളും മറ്റും ഇന്നും മാലിബ്നു എന്ന പേരിൽ തന്നെയാണ് പ്രസിദ്ധീകരിക്കപ്പെടാറ് പതിവ്.

പള്ളികൾ പൂർത്തിയാക്കിയ ശേഷം പ്രചരണസംഘം കൊടുങ്ങല്ലൂരിലേക്ക് തിരിച്ചു. മാലിക്ബ്നു ദീനാർ വിവരങ്ങളെല്ലാം അറിഞ്ഞു സന്തോഷിക്കുകയും ഓരോ പള്ളകളിലും ചെന്ന് നമസ്കരിക്കുകയും

അല്ലാഹുവിനെ സ്തുതിക്കുകയും ചെയ്തു. അനന്തരം മാലിക്ബ്നു ദീനാറും അനുചരന്മാരിൽ ചിലരുംകൂടി 'ശഹർമുല്ല്'യിലേക്ക് തിരിച്ചുപോയി. വാഗ്ദത്തം പൂർത്തിയാക്കിയെന്ന് വെളിവാക്കുവാനെന്നോണം താജുദ്ദീൻ അവർകളുടെ മഖ്ബറ അവർ സന്ദർശിച്ചു. അല്ലാഹുവിനെ സ്തുതിക്കുകയും സിയാറത്ത് നിർവ്വഹിക്കുകയും ചെയ്തു. അവിടെനിന്നും 'ഖുറാസാനി'ലേക്ക് പോകുന്ന വഴിയിൽ വെച്ചാണ് മാലിക്(റ) പരലോകം പ്രാപിച്ചത്.

ലേഖനദൈർഘ്യം ഭയന്നു ഞാൻ പേന ഉയർത്തുകയാണ്. മാലിക്ബ്നു ദീനാറും അനുചരന്മാരും കേരളത്തിൽ ചെയ്ത ത്യാഗം അവർണ്ണനീയമാണ്. ചുരുങ്ങിയ കാലത്തിനടയിൽ ഗണ്യമായൊരു സമുദായത്തെ കേരളത്തിലവർ വാർത്തെടുത്തു. ഒരു ഇസ്ലാമിക ഭരണകൂടം സ്ഥാപിക്കുന്നതിന് പകരം സർവ്വസമുദായങ്ങളെയും ഇസ്ലാമിലേക്ക് ആകർഷിക്കാനാണ് അവർ ശ്രമിച്ചതെന്ന് കാണാം. അന്ത്യദിനം വരാനിരിക്കുന്ന കേരള മുസ്ലിം സമുദായത്തിന് ത്യാഗത്തിന്റെ ഉത്തമ മാതൃക അവർ വരച്ചു കാണിച്ചു. ഇതര സമുദായങ്ങൾക്കിടയിൽ ഇസ്ലാമിന്റെ മഹത്വങ്ങളും നേട്ടങ്ങളും അവർ പ്രദർശിപ്പിച്ചു കാണിക്കുകയും അരക്കിട്ടുറപ്പിക്കുകയും ചെയ്തു. ലോകത്തെവിടെയും കാണാത്ത സമുദായ സൗഹാർദ്ദവും സഹിഷ്ണതയും ഇവിടെ അവർ പരത്തിവിട്ടു. ഭൗതിക നേട്ടങ്ങളും പ്രശംസകളുമല്ലായിരുന്നു അവരുടെ ആദായം അതിനായുള്ള നേതൃത്വമല്ലായിരുന്നു യഥാർത്ഥത്തിൽ അവർ നൽകിയതും. ആത്മീയോന്നതിയാണ് സർവ്വപ്രധാനമെന്നവർ പഠിപ്പിച്ചു. " അല്ലാഹുവിനെ ആര് ഭയപ്പെടുന്നുവോ അവനെ സർവ്വതും ഭയപ്പെടുമെന്ന" തിരുവചനം അവർ പ്രാവർത്തികമാക്കുകയും ജനഹൃദയങ്ങളിൽ അങ്കുരിപ്പിക്കുകയും ചെയ്തു. ഈ ഭയഭക്തിക്ക് എന്ന് കോട്ടം തട്ടിയോ അന്ന് മുസൽമാന്- അവൻ ഭൗതികമായി എത്ര പുരോഗമിച്ചാലും-അവന്റെ വീര്യം നഷ്ടപ്പെടാൻ തുടങ്ങി. അതിന്നും തുടർന്നുകൊണ്ടിരിക്കുന്നു. കളഞ്ഞുപോയ പ്രസ്തുത സമ്പാദ്യം ആത്മീയ നേട്ടങ്ങളിലൂടെ വീണ്ടും പുനരാർജ്ജിക്കുവാൻ കേരള മുസ്ലികൾക്ക് അനുഗ്രഹമുണ്ടാകട്ടെ-ആമീൻ.

*(അൽ-മൻബഅ്-ദശവാർഷിക സുവനീർ-1989)*

# അഹ്ലുസ് സുന്നത്തി വൽജമാഅഃ

അഹ്ലുസ്സുന്നത്തി വൽജമാഅഃ അഹ്ലുൽ ബിദ്അഃ എന്നിങ്ങനെ മുസ്ലിം സമുദായത്തിൽ എണ്ണപ്പെടുന്ന വ്യക്തികളെ രണ്ട് വിധമാക്കി റസൂൽ (സ) തന്നെ തരംതിരിച്ചതായി ഹദീസുകളിൽ വ്യക്തമായി കാണാം. അത് കൊണ്ട് തന്നെ അവ രണ്ടിന്റെയും പര്യായം ഗ്രഹിച്ചിരിക്കേണ്ടത് മുസ്ലിംകളുടെ കടമയാണ്. സഹീഹു മുസ്ലിം ജാബിർ (റ) വിൽ നിന്നും സഹീഹുൽ ബുഖാരി അബ്ദുല്ലാഹിബ്നുമസ്ഊദിൽ നിന്നും റിപ്പോർട്ട് ചെയ്ത ഒരു ഹദീസിൽ ഇപ്രകാരം കാണാം. “തീർച്ചയായും ഉത്തമമായ വാർത്ത, അല്ലാഹുവിന്റെ കിതാബും ഉത്തമചര്യ മുഹമ്മദ് (സ)യുടെ ചര്യയുമാണ് കാര്യങ്ങളിൽ ദുഷിച്ചത്. പുതുനിർമ്മിതങ്ങളാണ് എല്ലാ നിർമ്മിത കാര്യങ്ങളും ബിദ്അത്തും എല്ലാ ബിദ്അത്തും പിഴച്ചതുമത്രെ”. ഹ: അബൂദാവൂദ്, തുർമുദി , ഇബ്നുമാജ: മുതലായവർ ഇർബാളുബ്നുസാരിയ:വഴി റിപ്പോർട്ട് ചെയ്ത സുദീർഘമായ ഹദീസിന്റെ അവസാനം ഇപ്രകാരം കാണാം. “എനിക്ക് ശേഷം ജീവിക്കുന്നവർക്ക് പിന്നീട് വളരെയധികം ഭിന്നാഭിപ്രായങ്ങൾ കാണാവുന്നതാണ്. അപ്പോൾ എന്റെ ചര്യയും സൻമാർഗ്ഗികളായ ഖുലഫാഉർറാശിദുകളുടെ ചര്യയും നിങ്ങൾ മുറുകെ പിടിക്കുവിൻ. അവയെ അണപ്പല്ലുകളെ കൊണ്ട് കടിച്ച് പിടിക്കുകയും ചെയ്യുവിൻ. എല്ലാ ബിദ്അത്തുകളും പിഴച്ചതത്രെ”.

പ്രസ്തുത രണ്ട് ഹദീസുകൾ വിലയിരുത്തുമ്പോൾ റസൂൽ (സ) യുടെയും ഖുലഫാഉർ റാശിദുകളിടെയും സുന്നത്തുകൾ മുറുകെ പിടി

ക്കണമെന്നും പ്രസ്തുത സുന്നത്തിനെതിരായ നടപടികൾ ബിദ്അത്താണെന്നും ബിദ്അത്തുകൾ പിഴച്ചതാണെന്നും വ്യക്തമായല്ലോ. അപ്പോൾ റസൂൽ (സ) യുടെയും ഖുലഫാഉർറാശിദുകളുടേയും നടപടിക്ക് സുന്നത്ത് എന്ന് പറയുന്നുവെന്നും അവയുടെ എതിരിൽ വരുന്ന കാര്യങ്ങൾക്ക് ബിദ്അത്ത് എന്ന് പറഞ്ഞുവരുന്നുവെന്നും വ്യക്തമാണ്. സുന്നത്തിനെതിരിൽ വരുന്ന ബിദ്അത്തിന് ശറഇയ്യായ ബിദ്അത്ത് എന്ന് പറയുന്നുവെന്നും ഗ്രഹിക്കേണ്ടതാണ്. അത് നരകത്തിലേക്കുള്ള പാതയാണ്. എല്ലാ ബിദ്അത്തും എന്നതിന്റെ വിവക്ഷ ശറഇൽ മേൽപറഞ്ഞ സുന്നത്തിനെതിരായ ബിദ്അത്ത് എന്നാണ്. എന്നാൽ സുന്നത്തിന് ഭാഷാർത്ഥത്തിൽ റസൂലിന്റെ ഹദീസുകൾ, ഫർളല്ലാത്തത് എന്നെല്ലാം ഉപയോഗമുള്ളത് പോലെ ബിദ്അത്തിനും ഭാഷാർത്ഥത്തിൽ റസൂൽ (സ)യിൽ നിന്ന് നേരിൽ സ്ഥിരപ്പെടാത്ത നടപടി, പുതിയത് എന്നും പറയാറുണ്ട്. അത് ശറഇയ്യായ ബിദ്അത്തിനെക്കുറിച്ചല്ല. ഭാഷാർത്ഥത്തിൽ മാത്രമാണെന്ന് ഗ്രഹിക്കേണ്ടതാണ്.

തറാവീഹ് ഒരു ഇമാമിന്റെ കീഴിൽ പള്ളിയിൽ സംഘടിപ്പിച്ച് കൂട്ടായി നിസ്കരിക്കാൻ നിർദ്ദേശിച്ച ശേഷം പ്രസ്തുത നടപടിയെക്കുറിച്ച് ഹ.ഉമർ(റ) 'ഇത് നല്ല ബിദ്അത്ത് ആണ്' എന്ന് പറഞ്ഞത് മേൽപ്പറഞ്ഞത് ഭാഷാർത്ഥത്തിലാണ്. ശറഇൽഖുലഫാഇന്റെ നടപടിക്ക് സുന്നത്ത് എന്നാണ് പറയുന്നതെന്ന് ഉപരിസൂചിത ഹദീസ് വ്യക്തമാക്കിയിരിക്കെ ഹ. ഉമറിന്റെ മേൽനടപടി സുന്നത്തിലാണ് പെടുന്നത്, ശറഇയ്യായ ബിദ്അത്തിലല്ല. ആകയാൽ ശറഇൽ ബിദ്അത്തും സുന്നത്തും പരസ്പര വിരുദ്ധമായ രണ്ട് ആശയങ്ങളാണ്. അതുകൊണ്ട് തന്നെ അഹ്ലുസ്സുന്നത്തിൽ വിശ്വസിക്കുന്നവർക്ക് സുന്നികൾ എന്നും അതിനെതിരായ വാദം സ്വീകരിക്കുന്നവർക്ക് മുബ്തദിഅ് എന്നും പറഞ്ഞ് വരുന്നു. അവ രണ്ടും രണ്ട് മേഖലകളിൽ സഞ്ചരിക്കുന്നതും ഒന്ന് മറ്റൊന്നിന് കടക വിരുദ്ധവുമാണ്. രണ്ടും ഒന്നായി ചിത്രീകരിക്കാൻ മുതിരുന്നവർക്ക് വിവരദോഷികൾ എന്നേ പറയാൻ കഴിയൂ എന്ന് മിതമായി ചിന്തിച്ചാൽ ഗ്രഹിക്കാവുന്നതാണ്.

ബിദ്അത്തിനെ വെറുക്കലും സുന്നത്തിനെ അറിഞ്ഞ് മുറുകെ പിടി

കലും മുസ്ലിമിന്റെ കർത്തവ്യവും ബാധ്യതയുമാണ് കാരണം അഹ്ലുസ്സുന്നത്തിനെതിരായ പാർട്ടികളെല്ലാം നരകാവകാശികളാണെന്ന് റസൂൽ (സ) പഠിപ്പിച്ചതാണ്. ഇമാം തുർമുദി, ഹ. അബ്ദുല്ലാഹിബ്നു ഉമറിൽ നിന്നും നിവേദനം ചെയ്ത ഒരു ഹദീസിന്റെ അവസാനത്തിൽ പറയുന്നു. ഇസ്രാഈൽ സന്തതികൾ എഴുപത്തിരണ്ട് മതക്കാരായി പിരിഞ്ഞിരുന്നു. എന്റെ ഉമ്മത്തുകൾ എഴുപത്തിമൂന്ന് മതക്കാരായി പിരിയും. അവരെല്ലാം നരകത്തിലാണ് ഒരൊറ്റ മതക്കാരല്ലാതെ. സ്വഹാബികൾ ചോദിച്ചു. അവർ ആരായിരിക്കും തിരുദൂതരെ? അവിടുന്ന് പറഞ്ഞു: "ഞാനും എന്റെ സഹാബികളും ഏതൊന്നിലാണോ അതിനെ മുറുകെപിടിക്കുന്നവർ" അപ്പോൾ അഹ്ലുസ്സുന്നത്തി വൽജമാഅഃ എന്നാൽ റസൂൽ (സ) യുടെയും സഹാബികളുടെയും ചര്യമുറുകെ പിടിക്കുന്നവരാണെന്നും പ്രസ്തുത പാർട്ടി മാത്രമേ സ്വർഗാവകാശികളായി ഉള്ളൂ എന്നും വ്യക്തമായി.

എന്നിരിക്കെ അതിന്റെ മാർഗ്ഗമേതെന്ന് ചിന്തിച്ച് പഠിച്ച് മുറുകെ പിടിക്കേണ്ടതും ബിദ്അത്തിന്റെ പാർട്ടിയിൽ നിന്ന് ഒഴിഞ്ഞ് നിൽക്കേണ്ടതും രക്ഷയെ തേടുന്ന സ്വർഗ്ഗത്തെ ആഗ്രഹിക്കുന്ന ഏതൊരു മുസ്ലിമിനും നിർബന്ധമെന്ന കാര്യത്തിൽ സംശയത്തിനവകാശമില്ലല്ലോ. എല്ലാ പാർട്ടികളും തങ്ങളാണ് സത്യത്തിന്റെ പാന്ഥാവിലെന്നാണ് ആദ്യകാലം മുതൽക്കെ ഇവിടെ വാദിച്ച് വരുന്നത്. അത് കൊണ്ട് പ്രസ്തുത "ഞാനും എന്റെ സഹാബ്യുകളും ചലിച്ച മാർഗ്ഗം" ഏതെന്ന് വിവേചിച്ച് അറിയാൻ ശ്രമിക്കേണ്ടതാണ്. അതിനായി ഉത്തമ നൂറ്റാണ്ടു തന്നെ മാതൃകയാക്കുകയല്ലാതെ നിർവ്വാഹവുമില്ല. "നൂറ്റാണ്ടുകളിൽ ഉത്തമം എന്റെ നൂറ്റാണ്ടും പിന്നീട് അതോടടുത്തതുമത്രെ" എന്ന ഹദീസ് അത് നമ്മെ ബോധ്യപ്പെടുത്തുന്നതുമാണ്.

അങ്ങനെ പരിശോധിക്കുമ്പോൾ സഹാബത്തിന്റെ കാലത്ത് തന്നെ പൊട്ടിപ്പുറപ്പെട്ട ഖദരിയ്യാ വിശ്വാസവും റാഫിളി വിശ്വാസവും താബിഉകളുടെ കാലത്ത് പുറപ്പെട്ട മുഅ്തസിലീ വിശ്വാസവും അതേകാലയളവിലുൾപ്പെടുന്ന വിവിധ ശീഈ വിഭാഗങ്ങളും ഖവാരിജീ വിഭാഗങ്ങളുമെല്ലാം ചർച്ചയ്ക്ക് വിധേയമാക്കപ്പെടേണ്ടതായിട്ടുണ്ട്. അവയെല്ലാം വിവേചനം ചെയ്ത് ഹിജ്റ 260 -324 ജീവിച്ച മഹാനായ ഇമാം അബുൽഹസ

നൂൽ അശ്അരിയും ഹിജ്റാബ്ദം 333 ൽ വഫാത്തായ ഇമാം അബൂ മൻസൂറൽ മാതുരീദിയും സ്വഹാബികൾ വെട്ടിത്തെളിയിച്ച അഹ്ലുസ്സുന്നത്തിന്റെ പാതസലക്ഷ്യം അടയാളപ്പെടുത്തിയിട്ടുണ്ട്. അവർക്ക് ശേഷം വന്ന ഇമാമുകളെല്ലാം പ്രസ്തുത രണ്ട് മാർഗ്ഗങ്ങൾ മാത്രമാണ് അഹ്ലുസ്സുന്നത്തി വൽജമാഅഃ എന്ന് ഖണ്ഡിതമായി പ്രഖ്യാപിക്കുകയും ചെയ്തിട്ടുള്ളതാണ്. ഹിജ്റ മൂന്നാം നൂറ്റാണ്ടിന് ശേഷം വിരചിതമായ അഖീദയുടെയും ഫിഖ്ഹിന്റെയും ശതക്കണക്കിന് ഗ്രന്ഥങ്ങൾ അതിന് തെളിവായി ഉദ്ധരിക്കാൻ സാധിക്കുന്നതാണ്. പ്രാഥമിക മത വിദ്യാർത്ഥികൾക്ക്പോലും ഈ വസ്തുത ഗ്രാഹ്യമാകയാൽ ഉദ്ധരണികൾ ആവശ്യമില്ലല്ലോ.

ഇനി നമുക്ക് വർത്തമാനകാല പാർട്ടികളെ കുറിച്ച് പരിശോധിച്ചാൽ ഏതെല്ലാം പാർട്ടികൾ ബിദ്അത്തിന്റെ വാദമുൾക്കൊള്ളുന്നുവെന്നും അഹ്ലുസ്സുന്നത്തിവൽജമാഅത്ത് എന്ന് വാദിച്ചാൽ പോലും അതിൽ ഉൾപ്പെടാത്തവരാണ് പലരും എന്നതും കണ്ടെത്താൻ പ്രയാസമില്ല. ഖദ്രിയ്യാക്കളുടെയും ഖവാരിജുകളുടെയും വാദവുമായി ബന്ധമുള്ള, സഹാബത്ത് പിഴച്ചവരാണെന്നും പ്രവാചകർ പാപസുരക്ഷിതർ അല്ലെന്നും ഉള്ള വാദക്കാരായ ജമാഅത്തെ ഇസ്ലാമിയും വഹാബിപ്രസ്ഥാനവും അഹ്ലുസ്സുന്നത്തിൽപ്പെടുകയില്ലെന്ന കാര്യം വ്യക്തമാണ്. തവസ്സുലും ഇസ്തിഗാസയും തസവ്വുഫും നിഷിദ്ധമാക്കിയും മൂന്ന് ത്വലാഖും ഒന്നിച്ച് ചൊല്ലിയാൽ ഒന്ന് മാത്രമേ പോകൂ എന്ന് വാദിച്ച് രംഗത്ത് വന്ന തീമിയ്യാ, വഹാബിയാവാദക്കാരും, അതിന്റെ വകഭേദമായി നിസ്കാരത്തിൽ നബി (സ)യെ ഓർത്താൽ പോലും മുശ്രിക്കാകുമെന്ന് വാദിക്കുന്ന തബ്ലീഗ് ജമാഅത്തുമെല്ലാം ബിദ്അത്തുകാരും സുന്നത്ത് ജമാഅത്തിൽ നിന്ന് പുറത്ത് പോയവരും സഹാബികളുടെ മാർഗ്ഗത്തിൽ നിന്ന് ഒറ്റപ്പെട്ടവരുമാണ്.വിശദമായ ചർച്ചകളിലേക്കും തെളിവുകളിലേക്കും കടക്കാൻ ഈ കൊച്ചു ലേഖനത്തിന്റെ സീമ അനുവദിക്കുന്നില്ല. വ്യാഖ്യാനത്തിന്റെ സംശയബലത്തിൽ അവയെല്ലാം മുബ്തദിഉകളാണെന്ന് മഹാന്മാരായ പണ്ഡിതരും അവരുടെ സംഘടനയായ സമസ്ത കേരളയും ഇയ്യത്തുൽ ഉലമയും തീരുമാനിച്ചിട്ടുണ്ട്.

എന്നാൽ ഇസ്‌ലാമിൽ തന്നെ പുറത്ത് പോയിട്ടുള്ള ബഹായികൾ, ഖാദിയാനികൾ, നിരീശ്വരവാദികൾ, യുക്തിവാദികൾ, സൂര്യാരാധന നടത്തുകയും നിസ്ക്കാരാദി നിർബന്ധ കടമകൾ നിഷേധിക്കുകയും ചെയ്യുന്ന തരീഖത്തുകൾ തുടങ്ങിയവരെ ചിലപ്പോൾ കാനേഷുമാരിയിൽ മുസ്ലിം അംഗസംഖ്യയിൽ ഭൗതിക ഗവൺമെണ്ടുകൾ ചേർത്ത് എണ്ണുമെങ്കിലും അവയൊന്നും നമ്മുടെ ചർച്ചയ്ക്ക് വിധേയമല്ലതന്നെ. ഉപരി സൂചിത എല്ലാ ബിദ്അത്തിന്റെ പാർട്ടികളുമായും നിസ്സഹകരിക്കുകയും പ്രത്യേക പെരുമാറ്റച്ചട്ടം സ്വീകരിക്കുകയും വേണമെന്ന് ഫുഖഹാക്കൾ തീരുമാനിച്ചിട്ടുള്ളതാണ്. ഹദീസുകളുടെ പിൻബലത്തോടെയാണവർ അത് പ്രഖ്യാപിച്ചിട്ടുള്ളത്.

അവരുടെ പ്രസ്ഥാനം നല്ലതാണെന്ന ധാരണ സുന്നി മുസ്ലിംകൾക്ക് വരാതിരിക്കാനും വെറുക്കപ്പെടാനുമാണ് അങ്ങനെ നിർദ്ദേശിക്കപ്പെട്ടത്. അത്തരക്കാരെ കണ്ടാൽ സലാം ചൊല്ലാതിരിക്കുക, അവരുടെ സലാം മടക്കാതിരിക്കുക, തുടർന്ന് നമസ്കരിക്കാതിരിക്കുക, ജനാസനിസ്കാരത്തിൽ പങ്കെടുക്കാതിരിക്കുകമുതലായവ അവയിൽ ചിലത് മാത്രമാണ്. അത്തരം കാര്യങ്ങൾ ശ്രദ്ധിച്ച് ആചരിക്കേണ്ടത് സുന്നികളായ എല്ലാ മുസ്‌ലിമിന്റെയും കടമയാണ്. അനുകരിക്കപ്പെടേണ്ട ഇമാമുകൾ, ഖതീബുമാർ, ഖാസിമാർ, തുടങ്ങിയ മതനേതാക്കൾക്ക് ഇത് കൂടുതൽ ബാദ്ധ്യതയും എതിർ പ്രവർത്തിക്കൽ അനുവദനീയമല്ലാത്തതുമാണ്.

വസ്തുത ഇപ്രകാരമായിരിക്കെ, ഗൗസുൽ അഅ്സം അബ്ദുൽ ഖാദിർ ജീലാനി (റ) ഗുൻയത്തിൽ പറഞ്ഞത് പോലെ "മതകാര്യത്തിൽ അവരുമായി വെറുപ്പ് പ്രകടമാക്കാൻ വിട്ടുനിൽക്കണ"മെന്ന് ധരിക്കുകയും അത് അനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യേണ്ടതാണ്. അതിനെതിരായി ജനങ്ങളെ തെറ്റിദ്ധരിപ്പിച്ചും അവർക്ക് നവീന പാർട്ടികളോടുള്ള നീരസം നശിപ്പിച്ചും എല്ലാം ഒന്നാണ്, എല്ലാം സത്യമാണ്, എല്ലാം ഇസ്‌ലാമാണ് എന്ന് വരുത്തിത്തീർക്കുകയും ചെയ്യാൻ പാടുപെടുന്ന വാടക പ്രസംഗകരും രാഷ്ട്രീയ മേലാളന്മാരുടെ ദല്ലാളികളായി മാറിക്കഴിഞ്ഞ പണ്ഡിതരും സുന്നത്ത് ജമാഅത്തിനോട് ചെയ്യുന്ന ക്രൂരവിനോദം പൊറുപ്പിക്കാൻ സാധ്യമല്ല.

ഒരു സംശയം ഇവിടെ ഉടലെടുക്കുന്നുണ്ട്. ഭാരത രാഷ്ട്രീയത്തിൽ മുസ്ലിംകളുടെ പൊതുവായ അവകാശം നേടിയെടുക്കാൻ നമ്മുടെ അംഗബലം വർദ്ധിപ്പിക്കുകയും ഐക്യം ഉറപ്പിക്കുകയും വേണ്ടത് ആവശ്യമല്ലേ? സ്വാഭാവികമായും ന്യായമായ സംശയമാണത്. കൂടാതെ ഗവൺമെന്റ് നിയോഗിക്കുന്ന കമ്മിറ്റികളിലും മറ്റും നവീനാശയക്കാരോട് ഒത്ത് ചേർന്നാൽ അത് നിസ്സഹകരണത്തെ മറികടക്കലാവുകയില്ലേ? എന്നാൽ ഫുഖഹാക്കൾ നിശ്ചയിച്ച നിബന്ധനകളെക്കുറിച്ച് ശ്രദ്ധിക്കപ്പെടാത്തതിനാലാണ് ഈ ആശങ്കയുണ്ടാക്കി തദടിസ്ഥാനത്തിൽ അവരോട് ചങ്ങാത്തത്തിന് കൂട്ട് നിൽക്കാൻ വഴിയൊരുക്കുന്നത്! "നിർബന്ധിതാവസ്ഥയും കൂടുതൽ കൂടുതൽ കുഴപ്പം ഭയപ്പെടലും ഇല്ലെങ്കിൽ" എന്ന് ഫുഖഹാക്കൾ പ്രസ്തുത വിധി രേഖപ്പെടുത്തിയ സ്ഥലങ്ങളിൽ തന്നെ നിബന്ധനയാക്കിയത് കാണാം.

അപ്പോൾ മുസ്ലിംകളുടെ അവകാശം നേടിയെടുക്കാൻ മറ്റു മാർഗ്ഗമില്ലെന്ന് ഉറപ്പായ സ്ഥലങ്ങളിൽ അത്തരം നിർബന്ധിതാവസ്ഥയിൽ അത് അനുവദനീയമാകുന്നതും അത് മറ്റ് സാധാരണ സ്ഥലങ്ങളിലും സ്റ്റേജുകളിലും പാടില്ലാത്തതുമാണ്. അവരെ ആശംസിക്കുകയും സ്വാഗതം ചെയ്യുകയും സലാമും ഹസ്തദാനവും ചെയ്ത് സ്വീകരിക്കുകയും ഭക്തി ബഹുമാനം കാണിക്കുകയും റഹ്മത്ത് തേടുകയും മറ്റും ചെയ്യുന്നത് ഒരിക്കലും പ്രസ്തുത നിർബന്ധാവസ്ഥയിൽ പെടുകയില്ലെന്ന് ഓർക്കേണ്ടതാണ്. ഒന്നിച്ചിരുന്ന് മറുപക്ഷം സുന്നത്ത് ജമാഅത്തിനെതിരായി നിയമം കൊണ്ട് വരുന്നതും തീരുമാനമുണ്ടാക്കുന്നതും തടയുകയും എതിർക്കുകയും ചെയ്യുന്നത് അവരോട് ഭക്തിയുണ്ടാക്കുകയില്ല. മറിച്ച് അവരെ സ്വാഗതം ചെയ്യുകയും സ്വീകരിക്കുകയും ചെയ്യുന്നത് അവരോട് അനുകമ്പയും സ്നേഹബന്ധവും ഉണ്ടാക്കിത്തീർക്കുന്നതാണ്. ഈ തത്വം മനസ്സിലാക്കി സുന്നത്ത് ജമാ അത്തിന്റെ വിശ്വാസാചാരങ്ങൾ മുറുകെ പിടിച്ച് ഭാവി തലമുറയ്ക്ക് പകർന്നുകൊടുക്കാൻ നാഥാ നീ ഞങ്ങളെ തുണക്കണെ ! ആമീൻ.

*(അൽമിസ്ബാഹ് വാർഷികപ്പതിപ്പ്- 1990)*

# സമസ്ത എന്ന ആദർശ പ്രസ്ഥാനം

സമസ്ത കേരള ജംഇയ്യത്തുൽ ഉലമാ സാങ്കേതികമായി ഒരു സംഘടനയുടെ പേരായി ഉപയോഗിക്കുന്നുവെങ്കിലും യഥാർത്ഥത്തിൽ അതൊരു ആദർശ പ്രസ്ഥാനമാണ് ഒരു വലിയ ഗ്രന്ഥമായി ക്രോഡീകരിക്കപ്പെടേണ്ട വിഷയമാണിത്. കാരണം സമസ്തയുടെ രൂപീകരണ പാശ്ചാത്തലവും സ്ഥാപകരെയും വിലയിരുത്തുമ്പോൾ ഇക്കാര്യം സമ്മതിക്കാതെ നിർവാഹമില്ല.

ഹിജ്റ ഒന്നും രണ്ടും നൂറ്റണ്ടുകൾ മുതൽ ഇസ്‌ലാമിക വിശ്വാസാചാരങ്ങളും സംസ്കാരവും ആസ്വദിച്ച പ്രദേശമാണ് ഇന്ത്യ, വിശിഷ്യാ കേരളം. കേരള ജനതയ്ക്ക് അക്കാര്യം സൂര്യ പ്രകാശം പോലെ വ്യക്തമായ വസ്തുതയാണ്. വൈദേശിക കയ്യേറ്റത്തിന് മുമ്പുള്ള ചരിത്രം പരിശോധിക്കുന്ന ഏതൊരു സത്യാന്വേഷിക്കും ആ കാര്യം വ്യക്തമാവും. ഭരണ കൂടങ്ങൾ മാറി മാറി വരികയും വ്യത്യസ്ത വിഭാഗങ്ങൾ ഭരണ ച്ചെങ്കോലേന്തുകയും ചെയ്തപ്പോൾ സമുദായത്തിന്റെ വിശ്വാസാചാരങ്ങൾ അടിയുറച്ചു തന്നെ നിലകൊണ്ടു. മതപണ്ഡിതന്മാരും ആത്മീയ നേതാക്കളായ വിവിധ മശാഇഖുകളുമായിരുന്നു അതിന്റെ കടിഞ്ഞാൺ പിടിച്ചത്.മാലിക്ബ്നുദീനാറും അനുയായികളും പ്രഥമ നൂറ്റാണ്ടുകളിൽ സ്ഥാപിച്ച പ്രശസ്ത ഭിത്തി മധ്യ നൂറ്റാണ്ടുകളിൽ മഖ്ദൂമികൾ തുടങ്ങിയ മഹാരഥന്മാർ അരക്കിട്ടുറപ്പിച്ചു. വൈദേശിക കയ്യേറ്റവും തുടർന്ന് ലോക ജനതക്കിടയിൽ പരിവർത്തനം വന്നുകൊണ്ടിരുന്ന സ്വാതന്ത്ര്യാവസാനവും മാറ്റത്തിന്റെ കൊടുങ്കാറ്റിനു ബീജാവാപം നൽകിയെന്നത്

അനിഷേധ്യ വസ്തുതയാണ്.

1900ന് ശേഷം ബ്രിട്ടീഷുകാർ പ്രോത്സാഹനം നൽകി വളർത്തിയ ഖാദിയാനി പ്രസ്ഥാനവും വിവിധ സ്ഥലങ്ങളിൽ നിന്ന് ചേക്കേറിയ വ്യാജ ത്വരീഖത്തുകാരും 1921 ഓടു കൂടി ഈജിപ്തിൽ നിന്നിറക്കുമതി ചെയ്ത വഹാബി പ്രസ്ഥാനവും ഒത്തു കൂടി പതിനാലു നൂറ്റാണ്ടുകളായി ഒരേ ചരടിൽ കോർത്തിണക്കിയ മുസ്ലിം കേരളത്തെ നവീന ചിന്താഗതിയിലേക്കും തദ്വാരാ ശിഥിലീകരണത്തിലേക്കും നയിക്കാൻ തുടങ്ങി. വടക്കെ ഇന്ത്യയിൽ രണ്ട് നൂററാണ്ടുകൾക്ക് മുമ്പ് തന്നെ 'ഇസ്മാഈൽ ദഹ്ലവി'യുടെയും അനുയായികളുടെയും നവീകരണ പ്രവർത്തനം രംഗം വഷളാക്കിയിരുന്നു. ഈ വിഷക്കാറ്റ് സ്വൽപാൽപം തെക്കോട്ടേക്കും വീശാൻ തുടങ്ങി. ഈ ദശാസന്ധിയിലാണ് അല്ലാഹുവിന്റെ ആരിഫീങ്ങളിൽ ഒരാളായ പുതിയങ്ങാടി വരക്കൽ മുല്ലക്കോയ തങ്ങൾ അവർകൾ ഉന്നതരായ ആലിമീങ്ങളെ വിളിച്ചു ശിഥിലീകരണ വാസനയിൽ നിന്ന് മുസ് ലിം ജനതയെ രക്ഷിക്കാനായി രംഗത്ത് വന്നത്.

മുസ്ലിം സമൂഹത്തിന്റെ ഭാവിയെ ഉൽകണ്ഠയോടെ വീക്ഷിച്ച മഹാനവർകൾ പണ്ഡിതൻമാരെ വിളിച്ച് വിഷയം ചർച്ച ചെയ്തു. അദ്ദേഹത്തിന്റെ നിർദേശപ്രകാരം കോഴിക്കോട് ജുമുഅത്ത് പള്ളിയിൽ യോഗം ചേരുകയും 1925 ൽ ഒരു പണ്ഡിത സംഘടനയ്ക്ക് രൂപം നൽകുകയും ചെയ്തു. തുടർന്ന് 1926ൽ കേരളത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള പ്രമുഖ പണ്ഡിതന്മാരെ അണിനിരത്തി കോഴിക്കോട്ട് ടൗൺ ഹാളിൽ വിവിധമായ ഒരു കൺവെൻഷൻ നടത്തുകയും വരക്കൽ മുല്ലക്കോയ തങ്ങൾ അദ്ധ്യക്ഷനായി പുതിയ ഭാരവാഹികൾ നിലവിൽ വരുകയും ചെയ്തു. സംഘടനയ്ക്ക് 'സമസ്ത കേരള ജംഇയ്യത്തുൽ ഉലമ' എന്ന നാമകരണം ചെയ്തത് പ്രസ്തുത കൺവെൻഷനിൽ വെച്ചാണ്. വൈജ്ഞാനിക രംഗത്ത് വെട്ടിത്തിളങ്ങിയ താരങ്ങളായ 'പാങ്ങിൽ അഹ്മദ് കുട്ടി മുസ്ലിയാർ' 'വാളക്കുളം അബ്ദുൽ ബാരി മുസ്ലിയാർ' തുടങ്ങിയ നാല്പതംഗങ്ങൾ ഉൾക്കൊള്ളുന്ന സമസ്ത മുശാവറായും ഇതോടൊപ്പം നിലവിൽ വന്നു.

തിരുനബി (സ) യുടെയും സ്വഹാബത്തിന്റെയും ചര്യ മുറുകെ പിടിച്ച് തോളോടു തോളുരുമ്മി ജീവിച്ച് വന്ന കേരള മുസ്‌ലിംകൾക്കിടയിൽ ഛിദ്രതയുടെ വിത്തു പാകിയ നവീന വാദികളുടെ കുത്സിതശ്രമങ്ങളിൽ നിന്ന് സമൂഹത്തെ രക്ഷിക്കുകയായിരുന്നു സമസ്തയുടെ പ്രഥമ ലക്ഷ്യം . സമുദായത്തിൽ മാർഗ്ഗ ഭ്രംശത്തിന്റെ സൂചനകൾ കാണുമ്പോൾ സൽപന്ഥാവിലേക്ക് നയിക്കുകയെന്ന നൂറ്റാണ്ടുകളായി തുടർന്ന് വന്ന പണ്ഡിത പാരമ്പര്യം സമസ്തയുടെ നേതാക്കളും നിർവഹിച്ചു.

ഖിലാഫത്ത് പ്രസ്ഥാനത്തിന്റെ ആളുകളായി ചമഞ്ഞ് മുസ്‌ലിംകളെ കലാപത്തിന്റെ വക്കിലെത്തിക്കുകയും കലാപം തുടങ്ങിയപ്പോൾ ഭീരുക്കളായി തിരുവിതാംകൂറിലേക്ക് ഒളിച്ചോടുകയും ചെയ്ത കെ.എം. മൗലവിയെപ്പോലുള്ള ചില മൗലവിമാർ രൂപീകരിച്ച 'ഐക്യ സംഘം' സമുദായത്തിൽ അനൈക്യത്തിന്റെ നാമ്പു തീർക്കാനുള്ള കാരണങ്ങളിലൊന്നാണ്. കലാപകാലപ്രവാസത്തെ വിപ്രവാസത്തിനിടയ്ക്ക് വക്കം മൗലവി വഴി ലഭിച്ച 'ഇബ്നുഅബ്ദിൽ വഹാബി'ന്റെ നൂതനാശയം കേരള മുസ്‌ലിംകൾക്കിടയിൽ പ്രചരിപ്പിക്കുകയായിരുന്നു സംഘത്തിന്റെ ലക്ഷ്യം. സമസ്തയുടെ പണ്ഡിതൻമാർ ഇവരുടെ വിശ്വാസത്തിന്റെ അബദ്ധങ്ങൾ സമുദായത്തെ ബോദ്ധ്യപ്പെടുത്തി. അക്കാലത്ത് സമുദായത്തിന്റെ ആത്മിയ ബോധം ചൂഷണം ചെയ്യാൻ ഇറങ്ങിത്തിരിച്ച കൊരൂർ, ചോറ്റൂർ, കള്ളശൈഖന്മാരുടെ തനിനിറവും സമുദായ മദ്ധ്യേ സമസ്ത തുറന്നുകാട്ടി. നാൽപതുകൾ മുതൽ തന്നെ മഹാൻമാരായ പണ്ഡിതനേതാക്കളോടൊത്ത് സമസ്തയുടെ പ്രവർത്തനത്തിലേർപ്പെടാൻ ഭാഗ്യം ലഭിച്ച ഈ വിനീതന് സമസ്തയുടെ പ്രവർത്തനങ്ങൾ അയവിറക്കുന്നതിൽ ചാരിതാർത്ഥ്യവും സന്തോഷവുമുണ്ട്. പുത്തൻ പ്രവർത്തകർ സമസ്തയുടെ ചരിത്രം വസ്തു നിഷ്ഠമായി മനസിലാക്കണമെന്ന് ഓർമ്മപ്പെടുത്തുകയും ചെയ്യുന്നു.

പ്രവിശാലവും സുദീർഘവുമായ സമസ്തയുടെ ലക്ഷ്യങ്ങളെ സംക്ഷിപ്തമായി ഇവിടെ പ്രതിപാദിക്കാം. (1) ഇസ്‌ലാമിക വിശ്വാസാചാരങ്ങളുടെ യതാർത്ഥ രൂപമായി അഹ്‌ലുസ്സുന്നത്തിവൽ ജമാഅ

ത്തിന്റെ വിശ്വാസാദർശങ്ങൾക്കെതിരായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ ദൂഷ്യവശങ്ങൾ സമുദായത്തെ ഉണർത്തി അവയെ നിയമാനുസൃതം നേരിടുക. (2) സമുദായത്തിന്റെ മത സാമൂഹിക വിദ്യാഭ്യാസ അവകാശങ്ങളുടെ സംരക്ഷണം (3) മത വിദ്യാഭ്യാസ പ്രചരണവും മതവിരുദ്ധമല്ലാത്ത ഭൗതിക വിദ്യാഭ്യാസ പോഷണവും. (4) അനൈക്യം, അധർമ്മം, അന്ധവിശ്വാസം എന്നിവയിൽ നിന്ന് സമുദായത്തെ രക്ഷിക്കുക.

ഇസ്‌ലാമിന്റെ ആത്മാവ് അന്യമായ കേവല വികാരമുള്ള കുറെ മനുഷ്യക്കോലങ്ങളുടെ ഐക്യത്തിന് പകരം യാഥാർത്ഥ്യ ബോധവും ദീർഘ വീക്ഷണവും ഉദാത്ത സേവന പാരമ്പര്യമുള്ള ഉന്നത പണ്ഡിത സംഘമായിരുന്നു സമസ്തയിലൂടെ യാഥാർത്ഥ്യമായത്. ഇസ് ലാമിന്റെ ശത്രുക്കൾ ഏത് വേഷത്തിൽ വന്നാലും അവരെ തിരിച്ചറിയാനുള്ള ആശയ വൃത്തവും ശാസ്ത്ര സാമൂഹിക സാമ്പത്തിക രംഗത്തെ നൂതന പ്രശ്നങ്ങളെ പൂർണ്ണമായും ഇസ്‌ലാമിക ദൃഷ്ടിയാൽ വിശകലനം ചെയ്യാനുള്ള വൈജ്ഞാനിക മികവും സമസ്തയുടെ പ്രത്യേകതയാണ്.

### സമ്മേളനങ്ങളും പ്രമേയങ്ങളും

സമസ്തയുടെ വാർഷിക സമ്മേളനങ്ങൾ കേരളത്തിന്റെ ഇസ്‌ലാമിക പ്രബോധന ചരിത്രത്തിൽ അവിസ്മരണീയ സംഭവങ്ങളാണ്. 1927 ഫെബ്രുവരിയിൽ നടന്ന ഒന്നാം സമ്മേളനത്തോടെ ഈ പരമ്പര തുടങ്ങുന്നു. രണ്ടാം സമ്മേളനം 1927 ഡിസംബറിൽ മോളൂരിലും മൂന്നാം സമ്മേളനം 1929 ജനുവരിയിൽ ചെമ്മങ്കുഴിയിലും നാലാം സമ്മേളനം 1930 മാർച്ചിൽ മണ്ണാർക്കാടും അഞ്ചാം സമ്മേളനം 1931 മാർച്ചിൽ വെള്ളിയഞ്ചേരിയിലും നടന്നു. 1933 മാർച്ച് അഞ്ചിന് ഫറൂഖിൽ ചേർന്ന ആറാം സമ്മേളനം സമസ്തയുടെ ചരിത്രത്തിൽ ഒരു വഴിത്തിരിവായിരുന്നു. 'നജ്ദിയൻ' വിശ്വാസ പ്രചാരകരായ 'ഐക്യസംഘ'ത്തിനും 'കേരള ജംയ്യത്തുൽ ഉലമാ'ക്കും. ഈ സമ്മേളനം ആഘാതം സൃഷ്ടിക്കുമെന്ന് കണ്ട ശത്രുക്കൾ സമ്മേളനം മുടക്കാനുള്ള പദ്ധതി ആസൂത്രണം ചെയ്തു. കേരള ജംഇയ്യത്തുൽ ഉലമക്കാർ മഹാനായ മഹാനായ ശിഹാ

ബുദ്ധിൻ അഹ്മദ് കോയ ശാലിയാത്തിയുടെ പേരിൽ ഒരു ലോയർ നോട്ടീസയച്ചു. കേരള ജംഇയ്യത്തുൽ ഉലമ രജിസ്റ്റേർഡ് സംഘടനയാണെന്നും അതിന്റെ സമ്മതം കൂടാതെ കേരള ജംഇയ്യത്തുൽ ഉലമയുടെ സമ്മേളനം ചേരുന്നത് നിയമ വിരുദ്ധമാണെന്നുമായിരുന്നു നോട്ടീസിലെ ഉള്ളടക്കം. ദീർഘ വീക്ഷണമുള്ള ശാലിയാത്തി, പാങ്ങിൽ പോലുള്ള നേതാക്കൾ ശത്രുക്കളുടെ നിയമ പരമായ ആക്രമണം മനസ്സിലാക്കി 'സമസ്ത കേരള ജംയ്യത്തുൽ ഉലമ' എന്ന പേരിൽ നേരത്തെ സംഘടന രജിസ്റ്റർ ചെയ്തിരുന്നു. 'കേരള ജംഇയ്യത്തുൽ ഉലമ' രജിസ്റ്റേർഡായത് കൊണ്ട് കേരള ജംയ്യത്തുൽ ഉലമയുടെ സമ്മേളനം നടത്തുന്നതിന് യാതൊരു നിയമ തടസ്സവുമില്ലെന്ന് സമസ്ത നേതാക്കൾ മറുപടി അയച്ചപ്പോൾ ശത്രുക്കൾ ഇളിഭ്യരായി. പ്രസ്തുത സമ്മേളനത്തിലാണ് പുത്തൻ വാദികളോടുള്ള നയം വ്യക്തമാക്കുന്ന പ്രസിദ്ധ പ്രമേയങ്ങൾ പാസാക്കിയത്.

1944 വരെ പതിനഞ്ചു സമ്മേളനങ്ങൾ നടന്നു. ഇവയെല്ലാം പണ്ഡിത പൊതു ജനഭേദമന്യേ ലോക ശ്രദ്ധയാകർഷിച്ചു. പക്ഷെ, ഈ സമ്മേളനങ്ങളുടെ വിശദ വിവരങ്ങൾ ചരിത്രരേഖയായി കാണുന്നില്ലെന്നത് ദുഃഖ സത്യമാണ്.

1945 മെയ് മാസം മർഹും ശംസുൽ ഉലമ 'ഖുതുബി മുഹമ്മദ് മുസ്ലിയാ'രുടെ അദ്ധ്യക്ഷതയിൽ കാര്യവട്ടത്തു നടന്ന പതിനാറാം സമ്മേളനവും 1947 മാർച്ചിൽ വെല്ലൂർ ബാഖിയാത്തും സ്വാലിഹാത്ത് പ്രിൻസിപ്പാളായിരുന്ന മർഹൂം, ശൈഖ് ആദം ഹസ്റത്തിന്റെ അദ്ധ്യക്ഷതയിൽ മീഞ്ചന്തയിൽ നടന്ന പതിനേഴാം സമ്മേളനവും ചരിത്ര പ്രസിദ്ധമാണ്. നിരാക്ഷേപം 1300 കൊല്ലമായി അറബിയിൽ നടന്നുവരുന്ന ജുമുഅഖുതുബ പരിഭാഷപ്പെടുത്താനായുള്ള ചിലരുടെ നീക്കത്തിനെതിരെ ഖുതുബ പരിഭാഷ മുൻകറത്തായ ബിദ്അത്താണെന്ന പ്രമേയം പാസാക്കിയത് 17-ാം സമ്മേളനത്തിലാണ്. മഹാനായ പറവണ്ണയുടെയും 'റശീദുദ്ദീൻ മൂസ മുസ്ലിയാരു'ടെയും ശ്രമ ഫലമായി ഈ സമ്മേളനത്തിൽ 5000 പേർക്ക് ഭക്ഷണ സൗകര്യം 50,000 പേർക്ക് ഇരുന്നു കേൾക്കാ

ന്നുള്ള വിശാലമായ പന്തലും ഒരുക്കിയിട്ടുണ്ട്.

18-ാം സമ്മേളനം 1950 ഏപ്രലിൽ വളാഞ്ചേരിയിലാണ് നടന്നത്. 1951 മാർച്ച് 23,24, 25, തിയ്യതികളിൽ വടകരയിൽ ചേർന്ന 19-ാം സമ്മേള നത്തിൽ മദ്റസകളും ദർസുകളും അഭിവൃദ്ധിപ്പെടുത്താനും അവയില്ലാത്ത മഹല്ലുകളിൽ ആരംഭിക്കാനും ആഹ്വാനം ചെയ്യുന്ന പ്രമേയം പാസ്സാക്ക പ്പെട്ടു. മദ്റസകളും ദർസുകളും കേന്ദ്രാടിസ്ഥാനത്തിൽ ഏകീകരിക്കാ നാവശ്യമായ സിലബസ്സും പുസ്തകങ്ങളും ഉണ്ടാക്കുന്നതിനായി 'സമസ്ത കേരള ഇസ്ലാമത വിദ്യഭ്യാസ ബോർഡ്' രൂപീകരിക്കപ്പെട്ടു. പിന്നീട് കേരളത്തിനകത്തും, പുറത്തും പടർന്നു പന്തലിച്ച ബോർഡിംഗ് മദ്റസകളടക്കമുള്ള മദ്റസകൾക്ക് നിദാനമായ ഈ ആഹ്വാനത്തിനു കളമൊരുക്കിയത് ഈ വിനീതൻ തയ്യാറാക്കി സമസ്തക്ക് അയച്ച പ്രമേ യമായിരുന്നുവെന്നത് ചാരിതാർത്ഥ്യമുണ്ടാക്കുന്നു.

മഹാൻമാരുടെ പേരിൽ കഴിച്ചുവരാറുള്ള നേർച്ചകളിലും മറ്റും നടന്ന് വരുന്ന 'അഹ്ലുസുന്നത്തി വൽജമാഅ'ത്തിന്റെ പണ്ഡിതൻമാർ വിരോധിച്ച എല്ലാ അനാചാരങ്ങളും നിർത്തൽ ചെയ്ത് തൽസ്ഥാനത്ത് സുന്നത്തായ ആചാരങ്ങൾ മാത്രംനടപ്പിൽ വരുത്താൻ ഉപദേശിക്കുന്ന പ്രമേയവും ഇതൊടൊപ്പം പാസ്സാക്കപ്പെട്ടു. 1954ൽ ഇരുപതാം സമ്മേളനം താനൂരിൽ നടന്നു. 1961 ഫെബ്രുവരി 7,8,9 തിയ്യതികളിൽ കക്കാട്ട് നടന്ന 21-ാം സമ്മേളനത്തിലാണ് 'സുന്നി യുവജന സംഘ'ത്തെ സമസ്തയുടെ കീഴ്ഘടകമായി അംഗീകരിച്ചത്. മുസ്ലികൾക്കിടയിൽ ഭിന്നിപ്പുണ്ടാക്കി കൊണ്ടിരുന്ന 'കേരള ജംയ്യത്തുൽ ഉലമ', 'നദ്വത്തുൽമുജാഹിദീൻ', 'ജമാഅത്തെ ഇസ്ലാമി' തുടങ്ങിയ സംഘടനകൾക്കെതിരെ പ്രമേയം പാസ്സാക്കി വിളംബരം ചെയ്തത് ഈ സമ്മേളനത്തിലാണ്.

1963 ൽ കാസർഗോഡു നടന്ന ഇരുപത്തിരണ്ടാം സമ്മേളനം ശ്രദ്ധേ യമാണ്. സമ്മേളന ചർച്ചകളിൽ ദർസുകൾക്ക് ഏകീകൃത സിലബസ്സ് ചർച്ച നടന്നുവെങ്കിലും അംഗങ്ങൾക്കിടയിൽ അഭിപ്രായ ഐക്യം രൂപ പ്പെടാത്തതിനാൽ പ്രായോഗിക മാവാതെ പോയത് ദു:ഖ പൂർവ്വം അനു സ്മരിക്കട്ടെ.

23-ാം സമ്മേളനം 1972 ൽ തിരുനാവായയിലാണ് നടന്നത്. 1985 പതിനായിരങ്ങൾ അണിനിരന്ന സമസ്തയുടെ അറുപതാം വാർഷിക സമ്മേളനം ( 24-ാം സമ്മേളനം) ചരിത്രത്തിലെ നാഴികക്കല്ലായിരുന്നു. സമ്മേളനങ്ങൾക്ക് പുറമെ ഇടയ്ക്കിടെ നടക്കാറുള്ള മുശാവറയോഗ തീരുമാനങ്ങൾ ലോക ശ്രദ്ധയാകർഷിച്ചതും മുസ്ലിംങ്ങളുടെ ഭാവി ഭാഗധേയം നിർണ്ണയിക്കുന്നത് അനിഷേധ്യ പങ്കു വഹിച്ചവയുമാണ്. ഖാദിയാനിമുതൽ വഹാബി, മൗദൂദി , തബ്ലീഗാദി വികല പ്രസ്ഥാനങ്ങൾക്ക് കേരള മണ്ണിൽ കൂടുതൽ വേരോട്ടമില്ലാതാക്കാൻ സഹായിച്ചതിലും ബാങ്കു പലിശ, സിനിമ, ശരീഅത്ത് ഭേദഗതി തുടങ്ങിയവയുടെ പ്രത്യാഘാതങ്ങളെ കുറിച്ച് മുസ്ലിംകളെ ബോധവൻമാരാക്കിയതിലും സമസ്തയുടെ തീരുമാനങ്ങളും പ്രമേയങ്ങളും വഹിച്ച പങ്ക് നിസ്തുലമാണ്.

## വിദ്യഭ്യാസ സാഹിത്യ പ്രവർത്തനങ്ങൾ

മേൽ സൂചിപ്പിച്ചതു പോലെ ഞാനയച്ച പ്രമേയം ചർച്ച ചെയ്ത് 1951 ൽ വടകരയിൽ ചേർന്ന സമസ്തയുടെ 19-ാം സമ്മേളനം മദ്റസകളും ദർസുകൾ വിപുലീകരിക്കാനും ഏകീകൃത സിലബസ്സും പാഠപുസ്തകങ്ങളും ഉണ്ടാക്കാനുമായി മർഹൂം പ'റവണ്ണ മൊയ്തീൻകുട്ടി മുസ്ലിയാർ' കൺവീനറായി 'സമസ്ത കേരള ഇസ്ലാം മത വിദ്യഭ്യാസ ബോർഡ്' എന്ന കമ്മിറ്റി രൂപീകരിക്കുകയും അതിന് സഹായ സഹകരണങ്ങൾ നൽകാൻ എല്ലാവരോടും ആവശ്യപ്പെടുകയും ചെയ്തു ഇസ്ലാംമത വിദ്യഭ്യാസബോർഡ് രൂപീകരിച്ചതു മുതൽ ഞാനും 'ടി. കെ. അബ്ദുള്ള മൗലവി'യും 'ഉസ്മാൻ സാഹിബി'നോടൊപ്പം സജീവ രംഗത്തിറങ്ങി കഷ്ടിച്ച് പ്രാഥമിക ജ്ഞാനം പോലും നൽകാനാവാത്ത ചില ഓത്തു പള്ളികൾ മാത്രമായിരുന്നു അന്നത്തെ മത പാഠശാലകൾ. ദീർഘ വീക്ഷണക്കാരായ പണ്ഡിതൻമാർക്ക് കീഴിൽ നിസ്വാർത്ഥരായ പ്രവർത്തകർ ത്യാഗം ചെയ്തതിന്റെ ഫലമായി ഏകീകൃത സിലബസ്സും ചിട്ടയുമുള്ള മദ്റസാസംവിധാനവും നിലവിൽ വന്നു. ഇന്നു കാണുന്ന ആയിരക്കണക്കിന് മദ്റസകൾ ഈ പ്രയാണത്തിന്റെ തുടർച്ചയാണ്.

ഉപരി പഠന സൗകര്യത്തിന്റെ കാര്യവും വളരെ ദയനീയമായിരു

ന്നു. 1962 ഏപ്രിൽ ചേർന്ന മുശാവറ ഇതിനൊരു പരിഹാരമായി കോളേജ് സ്ഥാപിക്കാൻ തീരുമാനിച്ചു. 'ജാമിഅ നൂരിയ'യുടെ തുടക്കമായിരുന്നു അത്. അല്പ കാലശേഷം സമസ്ത അവിഭക്ത കണ്ണൂർ ജില്ലാ ഘടകത്തിന്റെ കീഴിലായി മത ഭൗതിക സമന്വയ വൈജ്ഞാനിക വെട്ടം പരത്തി മുന്നേറുന്ന 'ജാമിഅ സഅദിയ്യ അറബിയ്യ' എന്ന മാതൃസ്ഥാപനവും നിലവിൽവന്നു. തുടർന്ന് നിലവിൽവന്ന കേരളത്തിനകത്തും പുറത്തുമുള്ള ഇതര വൈജ്ഞാനിക കോംപ്ലക്സുകളും സമസ്തയുടെ അനുപമ വൈജ്ഞാനിക മുന്നേറ്റത്തിന്റെ ജ്വലിക്കുന്ന ഉദാഹരണങ്ങളാണ്.

അധ്യാപകരുടെ ക്ഷേമ പ്രവർത്തനങ്ങൾക്കായി 1976 ജൂലൈ 25 ന് ഈയുള്ളവൻ അവതരിപ്പിച്ച മു അല്ലിം ക്ഷേമ നിധിയുടെ പദ്ധതി വിദ്യ്യാസ ബോർഡ് അംഗീകരിക്കുകയും മുഅല്ലിംകളുടെയും ആശ്രിതരുടെയും ചികിത്സ, വിവാഹം, വീട് നിർമ്മാണം തുടങ്ങിയവക്കായി 'മുഅല്ലിം ക്ഷേമ നിധി' രൂപീകരിക്കുകയും ചെയ്തു. ലോകത്തിൽ തന്നെ മുഅല്ലിംവിഭാഗത്തിനുള്ള അതുല്യ പദ്ധതിയായി ഇത് ഇന്നും നടക്കുന്നുവെന്ന കാര്യം ചാരിതാർത്ഥ്യത്തോടെ സ്മരിക്കട്ടെ.

മുപ്പതുകളിൽ സമസ്ത പുറത്തിറക്കിയ 'അൽബയാന്' അറബി മലയാള മാസികയും 1948 ൽ ആരംഭിച്ച അൽബയാൻ മലയാള പതിപ്പും സമസ്തയുടെ സാഹിത്യ പ്രവർത്തനങ്ങളിൽ എടുത്തു പറയത്തക്കതാണ്. അൽബയാനിലെ ലേഖനങ്ങൾ ആനുകാലിക പ്രശ്നങ്ങൾ സുന്നത്ത് ജമാഅത്തിന്റെ ആദർശത്തിലധിഷ്ഠിതമായി വിലയിരുത്തുകയും ശത്രുക്കളുടെ വാദങ്ങൾക്ക് തെളിവ് സഹിതം മാന്യമായി മറുപടി നൽകുകയും ചെയ്യുന്നവയായിരുന്നു. സുന്നി യുവജന സംഘത്തിന് കീഴിൽ പ്രസിദ്ധീകൃതമായ 'സുന്നി ടൈംസ്' ആണ് പിന്നീട് 'സുന്നി വോയ്സാ'യി ഇറങ്ങിയത്. കൂടാതെ 'വാളക്കുളം അബ്ദുൽ ബാരി തങ്ങൾ റശീദുദ്ദീൻ മൂസ മുസ്‌ലിയാർ, ടി.കെ. അബ്ദുള്ള മുസ്‌ലിയാർ, അബ്ദുൽ ബശീർ, പറവണ്ണ മൊയ്തീൻ കുട്ടി മുസ്‌ലിയാര് തുടങ്ങിയ നേതാക്കളുടെ ലേഖനങ്ങൾ വികല വാദങ്ങൾക്കും ഗൂഢതന്ത്രങ്ങൾക്കും എതിരെ

യുള്ള കുറമ്പുകളായിരുന്നു.

## കഴിഞ്ഞ കാല നേതാക്കൾ

സമസ്തയെ സമ്പുഷ്ടമാക്കിയ ത്യാഗി വര്യൻമാരായ നേതാക്കളുടെപട്ടിക വളരെ നീണ്ടതാണ്. 'അസ്സയ്യിദ് വരക്കൽ മുല്ലക്കോയ തങ്ങളി'ൽ നിന്ന് തുടങ്ങുന്നു ആ ശൃംഖല. കേരളത്തിൽ ബിദ്അത്തുകൾ പ്രത്യക്ഷപ്പെടാൻ തുടങ്ങിയപ്പോൾ മർഹൂം 'പാങ്ങിൽ അഹ്മദ് കുട്ടി മുസ്ലിയാ'രടക്കമുള്ള അക്കാലത്തെ പ്രശസ്ത പണ്ഡിതൻമാരെ പുതിയങ്ങാടിയിലേക്ക് വിളിപ്പിച്ച് മുസ്ലിം സമുദായത്തിൽ ഇസ്ലാമിന്റെ ശത്രുക്കളായ നജ്ദിയൻ ചിന്തകരും സുന്നി വിരുദ്ധരും നുഴഞ്ഞ് കയറിയിട്ടുണ്ടെന്ന് പണ്ഡിതൻമാർ സംഘടിച്ച്പൊതു ജനങ്ങളെ ഇവരുടെ വലയിൽ നിന്ന് രക്ഷിക്കണമെന്നും അദ്ദേഹം പറഞ്ഞതിന്റെ അടിസ്ഥാനത്തിലാണ് 'സമസ്ത' ഉത്ഭവിച്ചത്. പ്രഥമ പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ടതും മാതൃകാ യോഗ്യനായ 'മുല്ലക്കോയ തങ്ങൾ' തന്നെ. പൊതു സമ്മേളനങ്ങളിൽ പ്രത്യക്ഷപ്പെടാതെ ആത്മീയ നേതൃത്വം നൽകിയായിരുന്നു ആ മഹാൻ സമസ്തയെ നയിച്ചത്.

മർഹൂ. മുല്ലക്കോയ തങ്ങൾക്ക് ശേഷം സമസ്തയുടെ പ്രസിഡണ്ട് പദവി ഏറ്റെടുത്തത് പാങ്ങിൽ അഹമ്മദ് കുട്ടി മുസ് ലിയാരായിരുന്നു. അനുഗ്രഹീത വാഗ്മിയും തൂലിക രംഗത്തെ പ്രഗത്ഭനുമായ അദ്ദേഹത്തിന്റെ പ്രസംഗവും എഴുത്തും ജനമനസ്സുകളിൽ ഉണ്ടാക്കിയ സ്വാധീനം വളരെ വലുതാണ്. ബ്രിട്ടീഷ് ഗവൺമെന്റിനെതിരെ ഖിലാഫത്ത് പ്രസ്ഥാനം ആഞ്ഞടിച്ചപ്പോൾ അതിൽ ആകൃഷ്ടനായി മലപ്പുറം കുന്നിൽ വെച്ച് മഹാൻ നടത്തിയ പ്രസംഗം ബ്രിട്ടീഷ്കാരോട് ഇന്ത്യ വിട്ട് പോകാൻ ആഹ്വാനം ചെയ്യുന്നതും അതേ സമയം അവർക്കെതിരെയുള്ള സമരം അക്രമമുക്തമായിരിക്കണമെന്ന് ഉപദേശിക്കുന്നതുമായിരുന്നു. നിരവധി ഗ്രന്ഥങ്ങളുടെ കർത്താവായ അദ്ദേഹം ഒരു അനുഗ്രഹീത കവി കൂടിയാണ്.

സമസ്ത സ്ഥാപക വൈസ്പ്രസിഡണ്ടും പാങ്ങിലിനു ശേഷം പ്രസിഡണ്ടു പദവി അലങ്കരിച്ചവരുമായ മർഹൂ. വാളക്കുളം അബ്ദുൽ ബാരി

ത്തങ്ങളും തൂലിക രംഗത്തെ വിപ്ലവകാരിയാണ്. 1985 ജമാദുൽ അവ്വൽ രണ്ടിന് പരലോകം പ്രാപിക്കുന്നതുവരെ മഹാൻ സമസ്തയുടെ പ്രസിഡണ്ടായി തുടർന്നു. സുന്നത്ത് ജമാഅത്തിന് നേരെ വന്ന ഒളിയമ്പുകളെ തരിപ്പണമാക്കിയ അൽബയാൻ അറബി- മലയാള മാസികയിലെ അദ്ദേഹത്തിന്റെ ലേഖനങ്ങളും ഫത്വകളുടെ സമാഹാരമായ 'ഫതാവൽ ബാരി'യും പ്രസിദ്ധമാണ്. 'ലോകാനുഗ്രഹി' എന്ന പേരിൽ 1956 ൽ ഞാൻ എഴുതിയ സുന്നി രംഗത്തെ പ്രഥമ ചരിത്ര ഗ്രന്ഥത്തിന് അവതാരികയെഴുതി പ്രോത്സാഹിപ്പിച്ചത് മഹാനായിരുന്നു.

പ്രതിഭാശാലിയും വടക്കേ ഇന്ത്യയിലെ ഉന്നത പണ്ഡിതനായ 'അഹ്മദ് രിസാഖാൻ' (റ) യുടെ ശിഷ്യനും നാല് മദ്ഹബിലും ഫത്വ നൽകിയ അഗ്രേസരനായ പണ്ഡിതനുമായ മർഹൂം ശിഹാബുദ്ദീൻ അഹമ്മദ് കോയ ശാലിയാത്തിയും കേരള മുസ്‌ലിം പണ്ഡിത നഭോമണ്ഡലത്തിൽ ദീർഘ കാലം വെട്ടിത്തിളങ്ങിയ ശംസുൽ ഉലമ 'മൗലാനാ ഖുതുബി മുഹമ്മദ് മുസ്‌ലിയാ'രും സമസ്തയെ ധന്യമാക്കിയ മഹത്തുക്കളാണ്. ബഹു. ശാലിയാത്തി അവതരിപ്പിച്ച പ്രമേയങ്ങളും തബ് ലീഗ് ജമാഅത്തിനെ കുറിച്ച് പഠിച്ച് പൊതു ജനതയ്ക്ക് അതിന്റെ യാഥാർത്ഥ്യം വ്യക്തമാക്കി കൊടുക്കാനായി മൗലാന ഖുതുബി സമസ്തയിലേക്ക് അയച്ച കത്തും പ്രത്യേകം സ്മരണീയമത്രെ.

പ്രസിദ്ധീകരണ രംഗത്ത് അബ്ദുൽബാരി തങ്ങളെന്നപോലെ ഖണ്ഡന പ്രസംഗത്തിൽ നൂതനാശയക്കാർക്കെതിരെ തുറന്നടിച്ച പണ്ഡിതനാണ് കണ്ണൂരിനടുത്ത പുറത്തിയിലെ 'അബ്ദുൽ ഖാദിർ സാനി'യുടെ പരമ്പരയിൽ ജനിച്ച റശീദുദ്ദീൻ മുസ്‌ലിയാർ. ഇബ്നു അബ്ദുൽ വഹാബിന്റെ 'അത്തൗഹീദ്' എന്ന ക്ഷുദ്രകൃതിയുടെ മലയാള പതിപ്പിറങ്ങിയ ഉടനെ അതിനെതിരെ 'അൽ ഖൗലുസ്സദീദ് ഫി റദ്ദി തൗഹീദ്' എന്ന ഗ്രന്ഥം അദ്ദേഹം എഴുതി. 1904 ൽ ജനിച്ച ആ ധീര യോദ്ധാവ് 1948 ൽ വിടവാങ്ങി.

ശത്രു പാളയം മണത്തറിഞ്ഞ് പ്രതിരോധിച്ച് മുന്നേറിയ അത്ഭുതകരമായ വാഗ്ധോരണിയുടെ ഉടമയായ മർഹൂം പതി അബ്ദുൽ

ഖാദിർ മുസ്‌ലിയാർ സമസ്തയുടെ ജീവനും വഹാബികളുടെ കണ്ണിലെ കരടുമായിരുന്നു. കേരളത്തിൽ അങ്ങോളമിങ്ങോളം അദ്ദേഹം നടത്തിയ പ്രസംഗങ്ങളും ഖണ്ഡനങ്ങളും സമസ്തയുടെ ആദർശ പ്രചാരണത്തിൽ നിസ്തുല പങ്കു വഹിച്ചു.

സമസ്തയുടെ ചരിത്രത്തിൽ വിസ്മരിക്കാനാവാത്ത വ്യക്തികളിൽ ഒരാളാണ് പാനായിക്കുളം പുതിയാപ്പ അബ്ദു റഹ്മാൻ മുസ്‌ലിയാർ. പ്രഗത്ഭ പണ്ഡിതനായ കുട്ട്യാമു മുസ്‌ലിയാരുടെ ശിഷ്യനായി വളർന്നു അദ്ദേഹത്തിന്റെ പുത്രിയെ വിവാഹം ചെയ്തതു കാരണമാണ് അദ്ദേഹം 'പുതിയാപ്പ' എന്ന പേരിൽ അറിയപ്പെട്ടത്.

സമസ്തയുടെ ചരിത്രത്തിലെ മറ്റൊരു മഹാനാണ് എന്റെ മാർഗ്ഗദർശികളിലൊരാളായ മർഹൂം പാലോട്ട് മൂസക്കുട്ടി ഹാജി. മഹാനായ യൂസുഫു നബഹാനി (റ)ന്റെ ശിഷ്യനായി കുറെ കാലം മദീനയിൽ താമസിച്ച് പഠിച്ച് ഈ മഹാൻ കണ്ണൂർ കാമ്പസാറിൽ സ്വതന്ത്രമായി ഒരു ബുക് സ്റ്റാൾ നടത്തി ജീവിതം ധന്യമാക്കി. ദീനിസേവനത്തിലേർപ്പെട്ടു. പകൽ സമയത്ത് ജമാഅത്ത് നിസ്കാരനന്തരം തൊട്ടടുത്ത മുഹ്‌യിദ്ദീൻ പള്ളിയിൽ ഹദീസ് ക്ലാസ് നടത്തി. വിദേശികളും സ്വദേശികളുമായ ധാരാളം പേരിൽ അദ്ദേഹം ദീനി ബോധം ഉണ്ടാക്കി. നവീനവാദികളുടെ നേരെ ആഞ്ഞടിച്ച സുന്നിപ്രവർത്തനകേന്ദ്രമായി പ്രവർത്തിച്ചിരുന്ന കണ്ണൂർ ജില്ലയിലെ ഒരു ഓഫീസ് തന്നെയായിരുന്നു അദ്ദേഹത്തിന്റെ ബുക്ക് ഡിപ്പോ.

എന്റെ അകന്ന ബന്ധുവും തിരൂർ തോരങ്ങാത്ത് മുദരിസുമായ അബൂബക്കർ മുസ്‌ലിയാർ മുശാവറയിൽ ഒത്തുചേർന്നിരുന്നില്ലെങ്കിലും സമസ്തയുടെ പ്രവർത്തനത്തിൽ സജീവ സാന്നിധ്യം വഹിച്ച ആത്മസുഹൃത്ത് മർഹൂം ടി.കെ. അബ്ദുള്ള മൗലവി മാട്ടൂൽ എന്നിവരും അനുസ്മരണീയ വ്യക്തികളാണ്. ദീർഘകാല വിദ്യാഭ്യാസ ബോർഡ് സെക്രട്ടറിയും സമസ്തയുടെ വൈസ് പ്രസിഡണ്ടുമായിരുന്ന കോട്ടുമല അബൂബക്കർ മുസ്‌ലിയാർ, സമസ്ത പ്രസിഡണ്ടും വിദ്യാഭ്യാസ ബോർഡുപ്രസിഡണ്ടുമായ വാണിയമ്പലം അബ്ദുൽ റഹ്മാൻ

മുസ്‌ലിയാർ എന്നിവരെയും സുന്നി കേരളത്തിന് വിസ്മരിക്കാൻ കഴിയില്ല.

അബ്ദുൽ ബാരി തങ്ങൾക്ക് ശേഷം സമസ്തയുടെ പ്രസിഡണ്ടായ മഹാൻമാരായ 'സ്വദഖത്തുള്ള മുസ്‌ലിയാർ' 'കണ്ണിയത്ത് അഹമ്മദ് മുസ്‌ലിയാർ' എന്നിവരും സ്മര്യ പുരുഷൻമാരാണ്. ലൗഡ്സ്പീക്കർ ഉപയോഗ വിഷയത്തിൽ അഭിപ്രായവ്യത്യാസം മൂലം സമസ്ത വിട്ട് 'സമസ്ഥാന കേരള ജംഇയ്യത്തുൽ ഉലമ' രൂപീകരിച്ച് സ്വതന്ത്രമായി നീങ്ങിയിരുന്നുവെങ്കിലും അഗാധ പണ്ഡിതനും സുന്നത്ത് ജമാഅത്തിന്റെ വിശ്വാസത്തിൽ അടിയുറച്ചയാളുമായിരുന്നു സ്വദഖത്തുല്ല മുസ്‌ലിയാർ.

പരലോക ചിന്ത മാത്രം കൈമുതലാക്കി ജീവിതം നയിച്ച മഹാനായ കണ്ണിയത്ത് പണ്ഡിതൻമാർക്ക് പഠിക്കുവാനും പകർത്താനും മാതൃകയായിരുന്നു. പ്രാർത്ഥിക്കുവാൻ മാത്രം സമീപിക്കാൻ അർഹമായ ആ നാമം ഭൗതിക കാഴ്ച പാടുകൾക്ക് അതീതമായ അന്ത്യ ഘട്ടത്തിൽ വഴിതിരുവുകാർ ദുരുപയോഗപ്പെടുത്തിയത് കേരളം കണ്ട ദുഃഖസത്യങ്ങളിലൊന്നായി രേഖപ്പെടുത്തേണ്ടതൊന്നാണ്. പതിക്ക് ശേഷം ശത്രു പാളയത്തിൽ ഓടികയറി പ്രതിരോധത്തിൽ മുഴുകി ത്യാഗ ജീവിതം നയിച്ച 'ഇ.കെ. ഹസൻ മുസ്‌ലിയാരെ'യും കേരളം ഒരിക്കലും വിസ്മരിക്കില്ല അദ്ദേഹത്തിന്റെ ശേഷം ശത്രു പാളയത്തിന് കണ്ഠം കോടാലിയായി വർത്തിച്ച മർഹൂം അണ്ടോണ മുഹ്‌യിദ്ദീൻ മുസ്‌ലിയാരും അവിസ്മരണിയ വ്യക്തികളിൽ ഒരാളാണ്.

സമസ്തയെന്ന മഹാപ്രസ്ഥാനത്തെ വെല്ലുവിളികളുടെ അനുസ്യൂത പ്രവാഹത്തിനിടയിൽ പോറൽ

ഏൽക്കാതെ മുന്നോട്ട് നയിച്ച മഹാൻമാർ നിരവധിയാണ്. 'ബേപ്പൂർ ഖാസിയെന്ന' അറിയപ്പെട്ട പി.പി. മുഹമ്മദ് കോയ മുസ്‌ലിയാർ , കിതാബിങ്ങാന്റെകത്ത് അബ്ദുല്ല കോയ ഹാജി, ഏലത്തൂർ എൻ. അഹമ്മദ് ഹാജി, ജർമൻ അഹമ്മദ് മുസ്‌ലിയാർ, കാന്തങ്ങാട് അബൂബക്കർ മുസ്‌ലിയാർ നീളുന്ന ആ പട്ടിക വിശദീകരിക്കാൻ പരിമിതമായ പേജുകൾ പര്യാപ്തമല്ല. ചുരുക്കത്തിൽ മഹാനായ വരക്കൽ സയ്യിദ്

അബ്ദുൽ റഹ്മാൻ ബാഅലവി മുല്ലക്കോയ തങ്ങൾ സ്ഥാപിച്ച ആദർശ പ്രസ്ഥാനം അത്തരം മഹാൻമാരുടെ കരങ്ങളിലായി മുക്കാൽ നൂറ്റാണ്ട് പരിപോഷിപ്പിച്ചു വന്നതിന് ശേഷം ഇന്നത് ബുഖാരി സാദാത്തുക്കളിൽ അതി പ്രധാനിയും 'ഉള്ളാൾ സെയ്യിദ് മദനി കോളേജ്' പ്രിൻസിപ്പാളുമായ 'താജുൽ ഉലമ സയ്യിദ് അബ്ദുൽ റഹ്മാൻ കുഞ്ഞിക്കോയ തങ്ങൾ 'പ്രസിഡണ്ടും കാന്തപുരം എ.പി. അബൂബക്കർ മുസ്ലിയാർ ജനറൽ സെക്രട്ടറിയുമായി തുടരുന്നു. രാഷ്ട്രീയക്കാരന്റെ വിധേയത്വമില്ലാതെ മുല്ലക്കോയ തങ്ങൾ സ്ഥാപിച്ച ആദർശ പ്രസ്ഥാനം പ്രസ്തുത വ്യക്തികളുടെ കരങ്ങളിൽ നിർവീര്യമാകാതെ തുടർന്നു വരുന്നു. അത് ഖിയാമത്ത്നാൾ വരെ റബ്ബ് നിലനിർത്തുമാറാകട്ടെ.

## വഴിത്തിരിവുകൾ

പരിശുദ്ധ അഹ്ലുസ്സുന്നത്തി വൽ ജമാഅത്തിന്റെ സംരക്ഷണത്തിനായി നിസ്വാർത്ഥരായ മഹാ പണ്ഡിതരാൽ നയിക്കപ്പെട്ട 'സമസ്ത' ലോക ശ്രദ്ധയും പ്രശംസയും നേടി മുന്നേറുമ്പോൾ ചരിത്രത്തിന്റെ ആവർത്തനമെന്നോണം അതിൽ അസൂയ പൂണ്ട ഒരു വിഭാഗം ഉണ്ടായിരുന്നു. പണ്ഡിതൻമാരുടെ ഒറ്റക്കെട്ടായ പ്രവർത്തനം തങ്ങളുടെ അധികാര ഗോപുരങ്ങൾ തകർക്കാൻ കാരണമാകുമെന്ന് മനസ്സിലാക്കിയ നവീന ആശയങ്ങൾ തലയിൽ കയറിയ രാഷ്ട്രീയ മേലാളൻമാർ സമസ്തയിലെ ചില പണ്ഡിതൻമാരെ തങ്ങളുടെ ചൊൽപ്പടിക്ക് കീഴിലാക്കാനുള്ള ശ്രമങ്ങൾ ആരംഭിച്ചു. ഇതിന്റെ അനന്തര ഫലമായി വർഷങ്ങളായി തുടർന്ന് വന്ന നിലപാടിൽനിന്ന് സമസ്തയുടെ ഉത്തരവാദപ്പെട്ടവർ രാഷ്ട്രീയക്കാരുടെ ആജ്ഞാനുവർത്തിയായി മാറുന്നതായാണ് കാണാൻ കഴിഞ്ഞത്. ഒരു പ്രസ്ഥാനത്തിന്റെ ഭാവി കണക്കിലെടുത്ത് ആദ്യമൊക്കെ ഞങ്ങൾ മൗനം ദീക്ഷിച്ചുവെങ്കിലും സംഗതി കൂടുതൽ അപകടത്തിലേക്കു നീങ്ങുന്നുവെന്ന് കണ്ടപ്പോൾ മാന്യമായ രീതിയിൽ ഈ നീക്കത്തിന്റെ ഭവിഷ്യത്തുകളെ കുറിച്ച് ഉണർത്തി. പക്ഷെ ദീർഘ വീക്ഷണത്തോടെ ചിന്തിച്ച് തീരുമാനമെടുക്കുന്നതിന് പകരം ഞങ്ങളുടെ അഭിപ്രായത്തിന് യാതൊരു വിലയും കൽപ്പിക്കാതെ സമസ്തയുടെ നിയമങ്ങൾ കാറ്റിൽ പറത്തി

രാഷ്ട്രീയ മുതലാളിമാരുടെ കളിപ്പാവയായി സമസ്ഥയെ മാറ്റാനുള്ള ശ്രമമാണ് പിന്നീട് നടന്നത്.

സമസ്തയുടെ നിലനിൽപ്പ് സുന്നത്ത് ജമാഅത്തിന്റെ നിലനിൽപ്പാണെന്നും അസത്യത്തിന് കൂട്ടുനിൽക്കാനാവില്ലെന്നുമുള്ള നിലപാട് എടുത്ത് താജുൽ ഉലമയും ഈ വിനീതനും എ. പി. യും അടക്കമുള്ള 11 പേർ അങ്ങനെ സമസ്തയുടെ യോഗത്തിൽ നിന്ന് ഇറങ്ങി വരാൻ നിർബന്ധിതരായത് ദുഃഖത്തോടെ അനുസ്മരിക്കട്ടെ. ചില നശ്വര ഭൗതിക നേട്ടങ്ങൾക്കു വേണ്ടി ഒരുന്നത ആദർശ പ്രസ്ഥാനത്തിന്റെ കടക്കൽ കത്തി വെച്ചവർ അതിന്റെ തിക്ത ഫലങ്ങൾ അനുഭവിക്കട്ടെയെന്നു മാത്രം പറഞ്ഞ് വേദനകൾ കടിച്ചമർത്തുന്നു.

## സമസ്ത ഉയരങ്ങളിലേക്ക്

സമസ്ത തകരണമെന്നാഗ്രഹിച്ച ശത്രുക്കളെ അമ്പരപ്പിച്ച് ഉള്ളാൾ സയ്യിദ് അബ്ദുർ റഹ്മാൻ കുഞ്ഞിക്കോയ തങ്ങളുടെ നേതൃത്വത്തിലുള്ള സമസ്ത ഉയരങ്ങൾ കീഴടക്കുന്നതാണ് കേരളം പിന്നീട് കണ്ടത്. പുത്തനാശയക്കാർക്ക് പുറമെ രാഷ്ട്രീയ വൈരികളുടെയും അവരുടെ കളിപ്പാവകളായ ചിലരുടെയും നിരന്തരമായ എതിർപ്പും ആക്രമണവും വകവെയ്ക്കാതെ സുന്നീ പ്രവർത്തകർ ആത്മാർത്ഥത കൈ മുതലാക്കി പണ്ഡിത വൃന്ദത്തിനു കീഴിൽ രംഗത്ത് ഇറങ്ങിയതാണ് പ്രസ്തുത വിജയത്തിന് നിദാനം. കേരളത്തിലാകെ പ്രഭ വിതറിയ സമസ്ത ഇന്ന് വളർന്ന് പന്തലിച്ച് അഖിലേന്ത്യ തലത്തിലുള്ള ഇസ്ലാമിക പ്രബോധന പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുകയാണ്.

മത വിദ്യാഭ്യാസ മേഖലകളിൽ അടുത്ത കാലത്തുണ്ടായ പുരോഗതി ശത്രുക്കൾ പോലും സമ്മതിക്കുന്നു. കാലാനുസൃതവും ശാസ്ത്രീയവുമായ ഒരു പാഠ്യപദ്ധതിയും സൗകര്യങ്ങളുമുള്ള ആയിരക്കണക്കിന് മദ്റസകൾ ഇന്ന് കേരളത്തിന് അകത്തും പുറത്തും പ്രവർത്തിക്കുന്നുവെന്നതിൽ നമുക്ക് അഭിമാനിക്കാം. വിദ്യാഭ്യാസ ബോർഡിന്റെ പ്രവർത്തനം അഖിലേന്ത്യ വിദ്യാഭ്യാസ ബോർഡ് രൂപീകൃതമായതോടെ ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലേക്ക് വ്യാപിച്ച് കഴിഞ്ഞു. ഉറുദു ഭാഷ

യിൽ ശാഫിഈ, ഹനഫി, മദ്ഹബുകളിലുള്ള ഫിഖ്ഹ് പാഠപുസ്തകങ്ങളും ഇതര പുസ്തകങ്ങളും കേരളത്തിലെ മദ്റസകളുടെ മാതൃക പിൻപറ്റി നിരവധി സംസ്ഥാനങ്ങളിലെ മദ്റസകളിൽ പഠിപ്പിച്ചു വരുന്നു.

വിദ്യാഭ്യാസ മേഖലയിൽ സുന്നി വിദ്യാഭ്യാസബോർഡ് സ്തുത്യർഹമായ സേവനങ്ങളർപ്പിക്കുമ്പോൾ സാമൂഹിക സാംസ്കാരിക മേഖലയിൽ വിപ്ലവാത്മക പുരോഗതിയായി എസ്. വൈ.എസ്. മുന്നേറുന്നു. വിദ്യാർത്ഥികളുടെ സാമൂഹിക സാംസ്കാരിക പുരോഗതി ലക്ഷ്യം വെച്ചുള്ള എസ്. എസ്. എഫിന്റെ പ്രവർത്തനവും ശ്രദ്ധേയമാണ്.

ആദർശ ബോധവും മത- ഭൗതിക വിദ്യഭ്യാസവുമുള്ള പണ്ഡിത സമൂഹത്തിന് മാത്രമെ ശാസ്ത്ര സാങ്കേതിക വിദ്യയുടെ അതിപ്രസരമുള്ള ആധുനിക സമൂഹത്തിൽ പ്രബോധനം നടത്താൻ കഴിയൂ എന്ന കാര്യം വിസ്മരിക്കരുത്. ആദർശ ലക്ഷ്യ ബോധമില്ലാത്ത ഒരു സമൂഹത്തിന് വിജയം സാധ്യമല്ല. അതിനാൽ അണികളിൽ വിശിഷ്യാ യുവാക്കളിൽ ആദർശ ബോധമുണ്ടാക്കാനുള്ള നിരന്തര ശ്രമങ്ങൾ അനിവാര്യമാണ്. വിദ്യഭ്യാസ സ്ഥാപനങ്ങൾ സുഗമമായി നടക്കാൻ ആവശ്യമായ സ്ഥായിയായ വരുമാനങ്ങൽ ഉണ്ടാക്കേണ്ടിയിരുന്നു അത് പോലെ ആനുകാലിക വിഷയങ്ങൾ ചർച്ച ചെയ്ത് തക്ക പരിഹാരങ്ങൾ നിർദേശിക്കുകയും വേണം. നിസ്വാർത്ഥമായ സേവനത്തിലൂടെ സമസ്തയെന്ന മഹാ പ്രസ്ഥാനത്തെ ഉയരങ്ങളിലേക്കുന്നയിക്കാനായി നമുക്കൊരുമിച്ച് യത്നിക്കാം. നാഥൻ തുണയ്ക്കട്ടെ. ആമീൻ

(സുന്നി ജംഇയ്യത്തുൽ മുഅല്ലിമീൻ ദശവാർഷിക സ്മരണിക-2001)

# സമസ്തയുടെ സന്ദേശം അഖിലേന്ത്യാ തലത്തിൽ

1951 മുതൽ കേരളത്തിൽ പ്രാഥമിക വിദ്യാഭ്യാസ രംഗത്തുണ്ടായ നേട്ടങ്ങൾ തൊട്ടടുത്ത പ്രദേശങ്ങളിലേക്കും വ്യാപിച്ചിരുന്നെങ്കിലും അഖിലേന്ത്യാ തലത്തിൽ വ്യാപിക്കേണ്ടതിന്റെ ആവശ്യകത പലപ്പോഴും ചർച്ച ചെയ്യപ്പെട്ടിരുന്നു. ഒന്ന് രണ്ട് തവണ യഥാക്രമം കെ.കെ. അബൂബക്കർ മുസ്‌ലിയാർ, കെ.വി. മുഹമ്മദ് മുസ്‌ലിയാർ, ഇ.കെ. അബൂബക്കർ മുസ്‌ലിയാർ, എ.പി.അബൂബക്കർ മുസ്‌ലിയാർ എന്നിവരെ ചുമതലപ്പെടുത്തിയതായും ഓർക്കുന്നു. എന്നാൽ അതൊന്നും പ്രായോഗിക തലത്തിൽ ഫലപ്രദമാകാതെ പോവുകയായിരുന്നു.

അസംഘടിതരായ പണ്ഡിത സമൂഹം ഒരു ഭാഗത്തും ദീനി വിദ്യാഭ്യാസമോ ബോധമോ തൊട്ടുതീണ്ടാത്ത സാധാരണക്കാർ മറുഭാഗത്തും ഇടയനില്ലാത്ത ആടുകളെപ്പോലെ ഇന്നും ഇന്ത്യയിലെ ഭൂരിപക്ഷം പ്രദേശങ്ങളും നീങ്ങിക്കൊണ്ടിരിക്കുന്ന കാഴ്ച ആശങ്കാജനകമാണ്. നാൽപതുകൾക്ക് മുമ്പ് കേരളത്തിലുണ്ടായിരുന്ന സമ്പ്രദായംപോലെ മക്തബുകളെന്ന പേരിൽ പള്ളികളിലോ മരച്ചുവട്ടിലോ കുട്ടികളെ വിളിച്ചിരുത്തി ഖുർആൻ ഓതിപ്പഠിപ്പിച്ചു വരുന്ന മുല്ലമാരോ, മദ്രസ എന്ന പേരിൽ ഏകീകൃതമല്ലാത്ത വിധം പ്രവർത്തിക്കുന്ന ചില സ്ഥാപനങ്ങളോ ചില സ്ഥലങ്ങളിൽ കാണാമെങ്കിലും ഭൂരിപക്ഷം മതവിജ്ഞാനം എന്തെന്നറിയാതെ അജ്ഞതയിൽ ആപതിച്ചു കഴിയുന്നു. യുവാക്കളെ മാത്രമല്ല,

വയോധികരെ വിളിച്ചന്വേഷിച്ചാൽപോലും ശഹാദത്ത് കലിമയോ നിസ്കാരമോ എന്തെന്നറിയാത്ത വേദനാജനകമായ അവസ്ഥയാണ്.

'ഓൾ ഇന്ത്യ സുന്നി ജംഇയ്യത്തുൽ ഉലമ' എന്ന പേരിൽ മഹാനായ അഹ്മദ് രിളാ ഖാന്റെ അനുയായികൾക്ക് ഒരു സംഘടന നിവിലുണ്ടെങ്കിലും, ഉറുസുകളിൽ തടിച്ചുകൂടുന്ന ജനങ്ങൾക്കിടയിലോ മുബ്തദിഉകളെ എതിർക്കാനുള്ള സദസ്സുകളിലോ മാത്രം ഒതുങ്ങിയതായിരുന്നു അതിന്റെ പ്രവർത്തനം. പ്രായോഗിക പ്രവർത്തനങ്ങളോ അതിനെക്കുറിച്ചുള്ള ചർച്ചകളോ അവർക്ക് അപരിചിതമായിരുന്നു.

ഈ അവസ്ഥക്ക് അറുതി വരുത്തിക്കൊണ്ട് കേരളത്തിലെ പ്രവർത്തന മാതൃകയിൽ അഖിലേന്ത്യാ തലത്തിൽ സുന്നത്ത് ജമാഅത്തിന്റെ പ്രവർത്തനവും മതവിദ്യാഭ്യാസ രംഗവും ഏകീകൃത നേതൃത്വത്തിലാക്കാനുദ്ദേശിച്ചാണ് 6-02-92ന് ബാംഗ്ലൂർ മസ്ജിദുന്നൂർ ശാഫിയിൽ വിളിച്ചുകൂട്ടിയ പണ്ഡിത കൺവെഷനിൽവെച്ച് താഴെപ്പറയുന്ന ഭാരവാഹികൾ ഉൾകൊള്ളുന്ന അഖിലേന്ത്യാ ജംഇയ്യത്തുൽ ഉലമക്ക് രൂപം നൽകിയത്. മൗലാനാ ഹാഫിള് അബ്ദുൽ ഹഫീസ് ജുനൈദി പ്രസിഡണ്ടും, മൗലാനാ അബ്ദുൽ ജബ്ബാർ ഹസ്രത്ത്(കടപ്പ), മൗലാനാ ശംസുൽ ഖാദിരി(ബാംഗ്ലൂർ) വൈസ് പ്രസിഡണ്ടുമാരായും എ.പി. അബൂബക്കർ മുസ്‌ലിയാർ ജനറൽ സെക്രട്ടറിയായും സി. വി. അബൂബക്കർ ഹസ്രത്ത് (കോയമ്പത്തൂർ) സഹീർ അഹ്മദ് ബാഖവി (കടപ്പ) ജോയിന്റ് സെക്രട്ടറിമാരും സെയ്യിദ് അബ്ദുൽ റഹ്മാൻ അൽബുഖാരി ഖജാഞ്ചിയായുമുള്ള 40പേർ ഉൾകൊള്ളുന്നതായിരുന്നു പ്രസ്തുത കമ്മിറ്റി. ബാംഗ്ലൂർ കടമ്പ, കോയമ്പത്തൂർ, ഹാസൻ, കന്യാകുമാരി, മദ്രാസ്, സിദ്ധാപുർ, ഹൈദ്രാബാദ്,ഹുബ്ലി,ശ്രീനഗർ, ചിക്ക്മംഗ്ലൂർ,തുംകൂർ, വെല്ലൂർ, കർനൂൽ, ഉത്തർപ്രദേശ്, നിസാമാബാദ് എന്നിവിടങ്ങളിൽ നിന്നുള്ളവരായിരുന്നു ആ 40 പേർ, ഇത് സംഘടിപ്പിക്കുന്നതിലും അഖിലേന്ത്യാ തലത്തിൽ ടൂർ നടത്തി സന്ദേശം കൈമാറുന്നതിലും ശാഹുൽ ഹമീദ് ബാഖവി ശാന്തപുരം വഹിച്ചുകൊണ്ടിരിക്കുന്ന പങ്ക് നന്ദിപൂർവ്വം സ്മരിക്കാതെ നിർവ്വാഹമില്ല. കെ.പി. ഹംസ മുസ്‌ലിയാർ കൺവീനറായി യൂത്ത് ഓർഗനൈസിംഗ് കമ്മിറ്റിയും അവിടെ വെച്ച് തന്നെ തെരഞ്ഞെടുക്കുകയുണ്ടാ

യി.

പിന്നീട് പ്രസ്തുത കമ്മിറ്റി പുനരുദ്ധരിച്ചുകൊണ്ട് 1999ൽ ബാംഗ്ലൂരിൽ വെച്ച് വിപുലമായി ചേർന്ന കൺവെൻഷനിൽ ജാമിഅ: അഷ്റഫിയ്യ: മുബാറക്പൂർ(യു.പി) പ്രിൻസിപ്പാൾ മൗലാനാ ളിയാഉൽ മുസ്തഫ പ്രസിഡണ്ടും, എ.പി. ജനറൽ സെക്രട്ടറിയുമായുള്ള കമ്മിറ്റിയാണ് ഇപ്പോൾ നിലവിലുള്ളത്.

20-06-98ന് ഉത്തർപ്രദേശിലെ ബറേലി ശരീഫിൽ ചേർന്ന അഖിലേന്ത്യാ സുന്നി കൺവെൻഷനിൽവെച്ച് സുന്നി വിദ്യാഭ്യാസ ബോർഡ് അഖിലേന്ത്യാ കമ്മിറ്റിയും രൂപീകരിച്ചു. താഴെപ്പറയുന്നവരാണ് അതിന്റെ ഭാരവാഹികൾ.

രക്ഷാധികാരികൾ:1. സെയ്യിദ് അബ്ദുർ റഹ്മാൻ ബുഖാരി ഉള്ളാൾ, മർഹൂം സെയ്യിദ് അബ്ദുൽഖാദിർ അഹ്ദൽ അവേലത്ത്, മൗലാനാ മുഫ്തി ശരീഫുൽഹഖ്അംദി(മുബാറക്പൂർ യു.പി), അല്ലാമാ മുഹമ്മദ് അക്തർ റസാഅൽ അസ്ഹരി(ബറേലി ശരീഫ് യു.പി.) മർഹൂം ഹസ്റത്ത് അല്ലാമാ അർഷദുൽ ഖാദിരി(ബീഹാർ), സെയ്യിദ് മുഹമ്മദ് അമീൻ ബറകതി അലീഗഢ് യു.പി, മൗലാനാ മുഫ്തി മുഹമ്മദ് മിയാൻ സമർദഹ്ലവി(ഡൽഹി) മൗലാനാ എം.എ. അബ്ദുൽ ഖാദിർ മുസ്ലിയാർ(പ്രസിഡണ്ട്) മുഫ്തി മുതീഉൽ റഹ്മാൻ(ബീഹാർ) (ജനറൽ സെക്രട്ടറി), എ.പി.അബൂബക്കർ മുസ്ലിയാർ കാന്തപുരം (ട്രഷറർ) പ്രസ്തുത കൺവെൻഷനിൽ വെച്ച് തന്നെ ഭരണ ഘടനാ സമിതിയും സിലബസ് കമ്മിററിയും നിലവിൽ വന്നു. ഭരണ ഘടനാ സമിതി-എം.എ. അബ്ദുൽ ഖാദിർ മുസ്ലിയാർ, മുഫ്തി മുതീഉൽ റഹ്മാൻ പാട്ന, കാന്തപുരം എ.പി. അബൂബക്കർ മുസ്ലിയാർ, ഡോ. സെയ്യിദ് ജമാലുദ്ദീൻ, മൗലാനാ യാസീൻ അക്തർ മിസ്ബാഹി, ശാഹുൽ ഹമീദ് ഹസൻ മലബാരി,

സിലബസ് കമ്മിറ്റി: ഡോക്ടർ സയ്യിദ് ജമാലുദ്ദീൻ(ഡൽഹി), അബ്ദുൽ മുബീൻ നുഅ്മാനി (യു.പി.) ഡോക്ടർ ഷറർ മിസ്ബാഹി (ഹംദർദ് ഡൽഹി), ഡോക്ടർ ഖുലാം യഹ്യ അൻജും(ഡൽഹി), മൗലാനാ ശംസുൽ ഹുദാ (മുബാറക്പൂർ), ഡോക്ടർ അഹ്മദ്

കാകോർവി (ബോംബെ) ശാഹുൽ ഹമീദ് ഹസൻ മലബാരി.

മലയാളം, ഉർദു, തമിഴ് ഭാഷകളിൽ അഞ്ചാം തരം വരെക്കും അഞ്ചു മുതൽ പത്ത് വരെ അറബിയിലുള്ള സിലബസ്സനുസരിച്ചും, പാഠപുസ്തകങ്ങൾ തയ്യാറാക്കി വിതരണം ചെയ്ത് വരുന്നു. ബീഹാർ ഗവൺമെന്റ് വിദ്യാഭ്യാസ വകുപ്പും, രാജസ്ഥാൻ, ഗുജറാത്ത് ആന്ധ്രപ്രദേശ് എന്നിവടങ്ങളിലെ വിവിധ കമ്മിറ്റികളും പ്രസ്തുത പാഠപുസ്തകങ്ങൾ പഠിപ്പിച്ചിരുന്നു. ഡൽഹിയിൽ ദാകിർ നഗറിലാണ് വിദ്യാഭ്യാസ ഓഫീസ് സ്ഥിതി ചെയ്യുന്നത്. 'ഇസ്ലാമി തഅ്ലീമി ബോർഡ് ഓഫ് ഇന്ത്യ' എന്ന പേരിലാണ് അത് പ്രവർത്തിച്ച് വരുന്നത്. ഡൽഹി ജാമിഅ് മസ്ജിദിനടുത്തുള്ള സീനത്ത് മസ്ജിദിന്റെ പാർശ്വത്തിൽ വിപുലമായ ഓഫീസ് പ്രവർത്തനത്തിനായി രൂപരേഖ നൽകി പ്രവർത്തനം ആരംഭിക്കുകയും ചെയ്തത് സന്തോഷം രേഖപ്പെടുത്തട്ടെ. പ്രസ്തുത സന്ദേശം വ്യാപകമായി പ്രചാരം ചെയ്യുകയും നടപ്പിലാക്കുകയും ചെയ്യാൻ അഖിലേന്ത്യാ ഭാഷയായ ഉറുദുവും ആഗോള ഭാഷയായ ഇംഗ്ലീഷും കൈകാര്യം ചെയ്യാൻ കഴിവും സേവന മനസ്ഥിതിയുമുള്ള യുവ പണ്ഡിതൻമാരുടെ പരിശ്രമം അത്യാവശ്യമത്രെ. അതിനായുള്ള ശ്രമം നമ്മുടെ സഅദിയ്യ: മർകസ്, അൽമഖർ തുടങ്ങിയ സ്ഥാപനങ്ങൾ നടത്തുകയും കഴിവുള്ള പണ്ഡിതരെ വാർത്ത് വിടുകയുമാണ് ചെയ്യേണ്ടത്. അതിനുള്ള അനുഗ്രഹത്തിനായി നമുക്ക് പ്രാർത്ഥിക്കാം. അഖിലേന്ത്യാ ഓർഗനൈസർ ശാന്തപുരം ശാഹുൽ ഹമീദ് മൗലവിയുടെ മാതൃക സ്വീകരിക്കാൻ യുവ പണ്ഡിതരെ ആഹ്വാനം ചെയ്ത് ഈ കുറിപ്പുനിർത്തുന്നു.

(അൽ അമാൻ വാർഷികപ്പതിപ്പ്-2002)

# മുസ്‌ലിം കേരളത്തിലെ നവോത്ഥാന നീക്കങ്ങൾ

പ്രസ്ഥാനങ്ങളോ ആശയങ്ങളോ തളർച്ചയ്ക്ക് ശേഷം ഉണർച്ചയിലേക്ക് നീങ്ങുന്നതിനെയാണ് നവോത്ഥാനം എന്ന് പറയുക. നവോത്ഥാനങ്ങളും അതിന് നേതൃത്വം നൽകുന്ന മുജദ്ദിദുകളും ഇസ്ലാമിക ചരിത്രത്തിൽ അങ്ങിങ്ങായി ധാരളമുണ്ട്. പൂർവ്വകാലത്ത് സത്യധർമ്മാദി മൂല്യങ്ങൾക്ക് അപചയം നേരിട്ടപ്പോൾ പ്രവാചകന്മാർ നിയോഗിതരായതുപോലെ, റസൂലുല്ലാഹി (സ) ക്കു ശേഷം ഇസ്‌ലാമിക സമൂഹത്തിന് ഉണർവ്വും ഉന്മേഷവും നശിക്കുമ്പോൾ അവരെ തൊട്ടുണർത്താനും മുന്നോട്ട് നയിക്കാനും മുജദ്ദിദുകൾ (നവോത്ഥാന നായകർ) രംഗത്തുവന്നു. സ്വലാഹുദ്ദീൻ അയ്യൂബിയും ഇമാം അഹ്മദും സർഹിന്ദിയും ഖ്വാജാ മുഈനുദ്ദീൻ ചിശ്തിയും പോലുള്ള ഇത്തരം മഹത്തുക്കൾ വിവിധ കാലങ്ങളിൽ ലോകത്ത് ധാരളമുണ്ടായിട്ടുണ്ട്. കേരളവും ഇതിനപവാദമല്ല.

മാലിക് ദിനാർ (റ) കൊളുത്തിയ ഇസ്‌ലാമിക വെളിച്ചം കാത്ത് സൂക്ഷിക്കാൻ പതിനാല് നൂറ്റാണ്ടുകളിലെ കേരള മുസ്‌ലീംകൾ ബദ്ധശ്രദ്ധരായിരുന്നുവെന്ന് നാം പൊതുവെ വിലയിരുത്താറുണ്ടെങ്കിലും ഇത് ഖണ്ഡിതമായി അവകാശപ്പെടാനുള്ള ചരിത്ര രേഖകൾ നമുക്കില്ല. മാലിക് ദിനാർ മുതൽ സൈനുദ്ദീൻ മഖ്ദൂം വരെയുള്ള കാലവും മഖ്ദൂമി കാലഘട്ടത്തിനുശേഷമുള്ള ചില നൂറ്റാണ്ടുകളും ചരിത്രപരമായി വിസ്മൃതിയിലാണ്. ആ നൂറ്റാണ്ടുകളുടെ ചരിത്രത്താളുകൾ ഇരുണ്ടതായിത്തീ

രാൻ കാരണം അക്കാലങ്ങളിൽ മതപരമായും വൈജ്ഞാനികമായും അപചയമുണ്ടായത് കൊണ്ടാണെന്ന് ഉറപ്പിച്ച് പറയുന്നില്ലെങ്കിലും ആകാനുള്ള സാധ്യത നിരാകരിക്കാനും നമുക്ക് സാധ്യമല്ല. ചില അപൂർവ്വ നാമങ്ങൾ മാത്രമേ മേൽപ്പറഞ്ഞ ഇരുണ്ട ചരിത്രത്താളുകളിൽ തെളിഞ്ഞു കാണുന്നുള്ളൂ.

മഹാന്മാരായ മഖ്ദൂമുകൾ മുതൽ സയ്യിദ് മുഹമ്മദുശരീഫുൽമദനി, സയ്യിദ് അലിയ്യുൽകൂഫി, ശൈഖ് അബ്ദുൾ ഖാദിർ സാനി, സയ്യിദ് മൗലൽ ബുഖാരി, ശൈഖ് ഉമറുൽ ഖാളി, സയ്യിദ് ജിഫ്രി, വഴി ഇരുപതാം നൂറ്റാണ്ടു വരെ നീളുന്ന ആ പരമ്പരയിലെ ഓരോ കണ്ണികളും ഏതെങ്കിലും ഒരു തരത്തിൽ അവരുടെ സമൂഹത്തെ നിദ്രയിൽ നിന്ന് ഉണർത്തുകയും ഉത്തേജിപ്പിക്കുകയും ചെയ്തതായി കാണാം. അവരൊക്കെയാണ് ഗതകാല മുസ്ലിം കേരളത്തിന്റെ നവോത്ഥാന നായകന്മാർ. ഇത്തരം മുജദ്ദിദുകൾ കേരളത്തിൽ കാലാകാലമായി വന്നിട്ടുണ്ടെന്ന് സാരം.

ലോകത്ത് മിക്കയിടത്തും ഇസ്ലാമികമായോ അല്ലാതെയോ നടന്ന നവോത്ഥാന ശ്രമങ്ങളുമായി തുലനം ചെയ്യുമ്പോൾ പ്രകടമായ വലിയ വ്യത്യാസം കേരളത്തിൽ ഇസ്ലാമിക നവോത്ഥാനത്തിനുണ്ട്. അമേരിക്കയിലും, റഷ്യയിലും, ഇറാനിലും ഉണ്ടായെന്ന് പറയപ്പെടുന്ന വ്യത്യസ്ഥ ദിശകളിലേക്കുള്ള നവോത്ഥാനങ്ങൾക്കു പിന്നിൽ യഥാക്രമം അബ്രഹാം ലിങ്കണെയും, ഒക്ടോബർ വിപ്ലവത്തെയും ഷാ വിരുദ്ധ പോരാട്ടത്തെയും കാണാൻ കഴിയും ആ നവോത്ഥാനങ്ങൾ രാഷ്ട്രീയവുമായ കൂടികലർന്നിട്ടാണുണ്ടായതെന്നർത്ഥം. ഇസ്ലാമികമായിത്തന്നെ വീക്ഷിച്ചാൽ സ്പെയിനും പോർച്ചുഗലും സിസിലുയും മറ്റും ഒരിക്കൽ നവോത്ഥാനത്തിലേക്കും പിന്നീട് പതനത്തിലേക്കും മാറിമറിഞ്ഞുകൊണ്ടിരിക്കുന്നത് ഭരണ മാറ്റങ്ങളുമായി ബന്ധപ്പെട്ടുകൊണ്ടാണ്. ആധുനിക അറബി രാഷ്ട്രങ്ങളടക്കം പലേടത്തും മതപരമായ ഉണർവ്വിന് നിദാനം രാഷ്ട്രീയ വളർച്ച തന്നെ.

എന്നാൽ കേരളത്തിൽ (ഒരു വേള ഇന്ത്യ മുഴുക്കെ) ഭരണാധിപത്യവും

മതനവോത്ഥാനവും തമ്മിൽ പാരസ്പര്യമില്ലെന്നത് അത്ഭുതകരമായ ഒരു സത്യമാണ്. കണ്ണൂരും ചുറ്റുവട്ടത്തും കേന്ദ്രീകരിച്ച് പ്രവർത്തിച്ച അറക്കൽ സ്വരൂപവും പടയോട്ടത്തിനിടെ വല്ലപ്പോഴും കേരളത്തിലൂടെ കടന്നുപോയ ടിപ്പുസുൽത്താനുമല്ലാതെ കേരളത്തിൽ മറ്റൊരു മുസ്‌ലിം ഭരണാധികാരിയുടേയും സ്വാധീനം ഉണ്ടായിരുന്നില്ല. സാമൂതിരിക്കും, കോലാത്തിരിക്കും, ദവളന്മാർക്കുമായിരുന്നു എല്ലാ കാലവും കേരളത്തിന്റെ ആധിപത്യം. അപ്പോൾ ഭരണ മേതാവിത്തത്തിന്റെ പൻബലമില്ലാതെ മറ്റുചില മാർഗ്ഗങ്ങളിലൂടെയാണ് പൂർവ്വകാല മഹത്തുക്കൾ കേരളത്തിൽ ഇസ്‌ലാമിക നവോത്ഥാനത്തിന് നേതൃത്വം നൽകിയതെന്ന് നിസ്സംശയം നമുക്ക് പറയാൻ സാധിക്കുന്നു. ആ മാർഗ്ഗങ്ങൾ കണ്ടെത്തലും സംരക്ഷിക്കലും അതിന്റെ പിൻതുടർച്ചക്കാരാകലുമാണ് ഇന്ന് നവോത്ഥാന സംരംഭങ്ങൾക്ക് നേതൃത്വം നൽകുന്നവരുടെ പ്രഥമ ബാധ്യത.

വിജ്ഞാനമായിരുന്നു ആ മാർഗ്ഗം. മദീന മുനവ്വറയുടെ മാതൃക സ്വീകരിച്ച് കൊണ്ട് മാലിക് ദീനാറും സഹഗാമികളും സമാരംഭിച്ച പള്ളിദർസുകളും അതിലൂടെ വളർന്നു വന്ന ആത്മീയ നേതാക്കളുമാണ് മുസ്‌ലിം നവോത്ഥാനത്തിന്റെ വിധാതാക്കളും പ്രയോക്താക്കളുമായി കേരളത്തിലുണ്ടായത്. നേരത്തേ പേരെടുത്ത് പറഞ്ഞവരെല്ലാം ഈ ഗണത്തിൽപ്പെടുന്നു. മാത്രമല്ല ഈ ഗണത്തിൽ ഇല്ലാത്ത ഒരു നാമം പോലും എടുത്തു കാട്ടാൻ സാധ്യവുമല്ല. ബ്രിട്ടീഷ് ഇന്ത്യയിലെ മലബാർ കലക്ടറായിരുന്ന 'വില്യം ലോഗ'ന്റെ 'മലബാർ മാനുലി'ൽ മമ്പുറം സാദാത്തിങ്ങളുടെ അനിഷേധ്യ നേതൃ ശേഷിയേയും സ്വാധീനത്തെയും സംബന്ധിച്ച് പറയുന്നുണ്ട്. സമരവും സമാധാനവും വ്യക്തി ജീവിതവും കുടുംബവിഷയങ്ങളും പൊതുപ്രവർത്തനവുമെല്ലാം സാദാത്തീങ്ങൾക്ക് വിധേയമായിട്ടാണ് അക്കാലത്തെ ഏറനാടൻ മുസ്‌ലികൾ ആവിഷ്കരിച്ചതെന്നാണ് ലോഗന്റെ റിപ്പോർട്ട്. ഈ വിധേയത്വവും അനുസരണശീലവുമായിരുന്നു പഴയ കാല നവോത്ഥാനത്തിന്റെയെല്ലാം അടിക്കല്ല്.

എന്നാൽ അപചയത്തിന്റെ ആവർത്തനം പിന്നെയുമുണ്ടായി. ഒരളവോളം പതിനേഴാം നൂറ്റാണ്ടിൽ അരങ്ങേറിയ ഫ്രഞ്ചു വിപ്ലവത്തോടെ

യായിരുന്നു ഇത്. ഫ്രഞ്ചു വിപ്ലവത്തിന്റെ ഫലമായി പൊതു ജനങ്ങളിൽ ഉടലെടുത്ത സ്വാതന്ത്ര്യ വാസന പഴയ സമ്പ്രദായത്തിൽ നിന്നും നിയന്ത്രണങ്ങളിൽ നിന്നും മുക്തമാകാൻ കേരള മുസ്‌ലിംകൾക്ക് ദുഷ്പ്രേരണ നൽകുകയും അതിന്റെ ഫലമെന്നോണം മതത്തിലടിയുറപ്പും വിജ്ഞാനവുമില്ലാത്തവരുടെ കരങ്ങളിലേക്ക് സമുദായ നേതൃത്വം വഴുതി വീഴുകയും തദ്വാര ദീനിന്റെ ചൈതന്യത്തിന് മങ്ങലേൽക്കുകയും ചെയ്തു. ഇരുപതാം നൂറ്റാണ്ട് പിറക്കുമ്പോൾ ഈ അവസ്ഥയ്ക്ക് ശക്തി കൂടി വന്നു.

ബ്രിട്ടീഷുകാരുടെ കരങ്ങളിലമർന്ന രാഷ്ട്രത്തിന് ഒരാത്മീയ നേതൃത്വം ഇല്ലാതെ വരികയും ആ ചാൻസ് മുതലെടുത്ത് കൊണ്ട് 1921 ന് ശേഷം നവീന ചിന്താഗതിക്കാർ പ്രചാരമാരംഭിക്കുകയും സ്വാതന്ത്ര്യാനന്തരം അവരുടെ വേലകൾക്ക് കൂടുതൽ വികാസം സിദ്ധിക്കുകയും ചെയ്തു. യുക്തിവാദത്തിലധിഷ്ഠിതമായ സോഷ്യലിസ്റ്റ് കമ്മ്യൂണിസ്റ്റ് ചിന്താഗതി ആഗോളതലത്തിൽ തന്നെ ജനഹൃദയങ്ങളെ സ്വാധീനിച്ച് തുടങ്ങിയ കാലഘട്ടമായിരുന്നു അത്. ഈ പശ്ചാത്തലത്തിലാണ് ഇരുപതാം നൂറ്റാണ്ടിലെ നവോത്ഥാന സംരംഭങ്ങൾക്ക് തുടക്കം കുറിച്ച് കൊണ്ട് ഒരു സംഘടന രൂപീകരിക്കാൻ മഹത്തുക്കളായ സാദാത്തുക്കളും ഉഖ്റവിയായ ആലിമീങ്ങളും തയ്യാറായത്. അതെത്രെ 'സമസ്ത കേരള ജംഇയ്യത്തുൽ ഉലമാ'.

സ്വാതന്ത്ര്യാനന്തരം ഇടയൻ നഷ്ടപ്പെട്ട ആട്ടിൻ പറ്റത്തെപ്പോലെ അലഞ്ഞു തിരിഞ്ഞു കൊണ്ടിരിക്കുന്ന സമുദായത്തെ മത വിജ്ഞാനത്തിലേക്കും ആത്മസംസ്കരണത്തിലേക്കും കൈപിടിച്ചുയർത്താൻ ഈ പണ്ഡിത സംഘടന നേതൃത്വം നൽകി. ഇന്നു കേരളത്തിന്റെ മുക്ക് മൂലകളിൽ കാണുന്ന മദ്രസാ പ്രസ്ഥാനവും അതു വഴി കുട്ടികൾക്ക് ലഭിക്കുന്ന പ്രാഥമിക വിദ്യാഭ്യാസവും ഈ പ്രവർത്തനത്തന്റെ മുന്നോടിയായിത്തീർന്നു. അങ്ങനെ ഇന്നു നാം കാണുന്ന നവോത്ഥാനത്തിന്റെ മുഖ്യ ശില്പിയായ സമസ്ത നിലകൊണ്ടു. അല്പം കൂടി മുന്നോട്ട് നീങ്ങിയപ്പോൾ പൊതു ജനങ്ങളെക്കൂടി സംഘടിപ്പിച്ച് ഇസ്‌ലാമിക സംസ്കാരം നിലനിർത്താനും ദീനിയ്യായ ചൈതന്യം കാത്ത് സൂക്ഷിക്കാനും ഒരു

സംഘടന ആവശ്യമാണെന്ന് ബോധ്യപ്പെടുകയും അതിന്റെ അടിസ്ഥാനത്തിൽ സുന്നി യുവജന സംഘത്തിന് രൂപം നൽകുകയും ചെയ്തു. ഈ രണ്ട് ഘടകങ്ങളും കൂടിച്ചേർന്ന് പ്രവർത്തിക്കുകയും സമുദായത്തിന്റെ ഭാവിയെ കുറിച്ച് അഗാധമായ ചർച്ചകളും ദീർഘവീക്ഷണവുമുൾക്കൊള്ളുകയും പൂർവ്വികരിൽ നിന്ന് കരസ്ഥമാക്കിയ ആത്മീയ വിജ്ഞാന പ്രചരണത്തോടൊപ്പം ഭൗതിക വിഷയങ്ങളിൽ പിന്തള്ളപ്പെട്ടു പോവാതിരിക്കാനുള്ള പദ്ധതികളാവിഷ്കരിക്കുകയും ചെയ്തു.

തൊഴിൽ പരിശീലനവും സമുദായ നന്മയ്ക്ക് ഉപകാരപ്രദമാണെന്ന നിഗമനത്തിലെത്തിയതിനെ തുടർന്ന് രണ്ട് ദശാബ്ദക്കാലമായ ജില്ലകളിലും താലൂക്കുകളിലും മേഖലകളിലും മത- ഭൗതിക വിജ്ഞാന കേന്ദ്രങ്ങളും കോംപ്ലക്സുകളും ഉയർന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു. അതത്രയും ആശാവഹമാണ്. മറ്റു സമുദായങ്ങളോടൊപ്പം സ്വാശ്രയരായ ഒരു ജനതയെ വാർത്തെടുക്കുന്നതിന് ഇത് ഉപകരിക്കും. ഈ സമുദായത്തിന്റെ ആദ്യഭാഗത്തെ പിൻപറ്റൽ കൊണ്ടല്ലാതെ അന്തിമ ഭാഗം നന്നാവുകയില്ല എന്ന ഹദീസ് വിലയിരുത്തുമ്പോൾ സ്വഹാബ കിറാം ഇരുമേഖലകളിലുമുള്ള വിജ്ഞാനം കരഗതമാക്കിയിരുന്നതോടൊപ്പം സ്വാശ്രയ ശീലമുള്ളവരായിരുന്നു എന്നത് കൊണ്ട് അതേ കാൽപ്പാടുകൾ അനുധാവനം ചെയ്താൽ മാത്രമേ വിജയം കൈവരിക്കാൻ സാധിക്കുകയുള്ളൂ എന്ന് മനസ്സിലാക്കാവുന്നതാണ്. അതിനായുള്ള പ്രയത്നങ്ങളാണ് പ്രസ്തുത വൈജ്ഞാനിക സമുച്ചയങ്ങളും കോംപ്ലക്സുകളും അതേ സമയം അനിവാര്യമായ സുരക്ഷിതത്വവും വിദ്യാർത്ഥികളിൽ ധാർമ്മികാടിത്തറയും സ്ഥാപിക്കുന്നതിന് മിക്ക സ്ഥാപനങ്ങൾക്കും സാധിച്ചിട്ടില്ല എന്ന ദുഖ: സത്യവും ഇവിടെ പറയാതെ വയ്യ.

പുരോഗതിയോട് പുറം തിരിഞ്ഞ് നിൽക്കുന്ന മതമല്ല ഇസ്ലാം. അതേ സമയം ഭൗതികാഡംബരങ്ങളുടേയും സുഖലോലുപതയുടേയും അനിയന്ത്രിതമായ കടന്നു കയറ്റത്തെ അംഗീകരിച്ചാലെ നവോത്ഥാനമാകു എന്ന കാഴ്ചപ്പാടും അതിനില്ല. വൈജ്ഞാനിക രംഗത്ത് അനിവാര്യവും അനുവദനീയവുമായ മാറ്റങ്ങളെ ഉൾക്കൊള്ളുകയും അതിലൂടെ വിജ്ഞാന പരിപോഷണവും കൂടുതൽ ആളുകളിലേക്ക് അതെത്തിക്കാ

നുള്ള ശ്രമവും ശ്ലാഘനീയവും പുരോഗമനാത്മകവുമാണ്. വർത്തമാന കാല പണ്ഡിത നേതൃത്വം ഈ ദൗത്യം ഏറ്റെടുക്കുകയും സംവിധാനങ്ങൾ പരമാവധി അതിനുവേണ്ടി ഉപയോഗപ്പെടുത്തുകയും ചെയ്യുന്നുണ്ട്. കേരളത്തിലെ സുന്നികൾക്ക് ലഭിച്ചിട്ടുള്ള പുത്തനുണർവ്വ് ഈ ഉത്കർഷത്തിന്റെ നിദാന ദർശനമാണ്.

എങ്കിലും ജന ഹൃദയങ്ങളിൽ ആത്മീയ ചൈതന്യത്തിന്റെ ശക്തമായ അഭാവം നിഴലിച്ചു കാണുന്നതിനാൽ ഇത്തരം പ്രവർത്തനങ്ങൾ പൂർണ്ണമായി വിജയിച്ചു എന്ന് അവകാശപ്പെടാൻ നിർവ്വാഹമില്ല. റസൂൽ (സ) യിൽ നിന്നും അനസ് ബിൻ മാലിക് (റ) കേട്ടതായി സ്വഹീഹുൽ ബുഖാരി റിപ്പോർട്ട് ചെയ്യുന്നു. "വരാനിരിക്കുന്ന ഒരു കാലമുണ്ട്. അതിന് ശേഷമുള്ള കാലം അതിനേക്കാൾ ദുഷിച്ചതായിട്ടല്ലാതെ കണ്ടെത്തുകയില്ല". ബാഹ്യമായ നവോത്ഥാനങ്ങളും പുരോഗതികളും ആശാവഹമാണെങ്കിലും മേൽ സൂചിപ്പിച്ച ആന്തരികമായ അപചയം ദു:ഖ ഹേതുവായി നിലനിൽക്കുന്നു. ഭൗതികമായ ഉന്നമനത്തോടൊപ്പം ആത്മീയ ചൈതന്യം നിറഞ്ഞ് തുളുമ്പുന്ന ഒരു സാഹചര്യം സംജാതമായാൽ ഈ പ്രയത്നങ്ങൾ ധന്യമായി. അത്തരം പ്രവർത്തനങ്ങൾ അഖിലേന്ത്യാതലത്തിലും ആഗോളതലത്തിലും വ്യാപിപ്പിച്ചാൽ ആശ്വാസത്തിന് വകയുണ്ട്. അതിനുള്ള അനുഗ്രഹത്തിനായി അല്ലാഹുവിനോട് പ്രാർത്ഥിക്കാം.

(സന്ദേശം ദശവാർഷിക സുവനീർ-2000)

# ഭാരതത്തിൽ ഇസ്‌ലാമിന്റെ ഭാവിയും ഭൂതവും

മുഹമ്മദ്ബ്നുഖാസിമിന്റെ ജൈത്രയാത്രയായിരുന്നു അഖണ്ഡ ഭാരതത്തിൽ വിശിഷ്യ വടക്കൻ മേഖലയിൽ ഇസ്‌ലാമിന്റെ ചരിത്രത്തിന് നാന്ദി കുറിച്ചിരുന്നതെങ്കിൽ കേരളത്തിൽ മഹാനായ മാലിക്ക്ബ്നുദീനാറും പതിനൊന്നു കൂട്ടുകാരും നയിച്ച സാർത്ഥവാഹക സംഘത്തിന്റെ ആത്മീയ നേതൃത്വമായിരുന്നു അതിന് തുടക്കം കുറിച്ചിരുന്നത്. പ്രസ്തുത രണ്ട് മേഖലകളും ഒത്തുചേരുന്ന മുഗൾ സാമ്രാജ്യത്തിന്റെയും ദക്ഷിണേന്ത്യൻ വ്യാഘ്രമായിരുന്ന ടിപ്പുസുൽത്താന്റെയും പതനത്തോടു കൂടി ഇസ്‌ലാമിന്റെ ഭൗതിക പ്രഭാവത്തിന് മങ്ങലേൽപിക്കാനുള്ള ശ്രമം നാനാഭാഗത്തുനിന്നും നടന്നുകൊണ്ടിരിക്കുകയാണെന്ന വസ്തുത ഇന്ത്യയുടെ ഭൂതകാല ചരിത്രവുമായി ഭാവിയെ തുലനംചെയ്തു നിവാരണം കാണാൻ ആകാംക്ഷയുള്ള ഹൃദയങ്ങളെ വ്യാകുല ചിത്തരാക്കുകയാണ്. സംഘടിത നേതൃത്വത്തിനായി രാഷ്ട്രീയമായ കാഴ്ചപ്പാടിലൂടെ പലരും ശ്രമിക്കുകയും വിജയിക്കുകയും പരാജയപ്പെടുകയും ചെയ്തുകൊണ്ടിരിക്കുന്ന ഏതാണ്ട് ഒരു നൂറ്റാണ്ട് കാലത്തെ ഭൗതിക ചരിത്രം വിലയിരുത്തുന്നതിൽ മനോവിഷമമുള്ളതിന് പുറമെ ഒരു കൊച്ചു ലേഖനത്തിന്റെ സീമയെ അതിലംഘിച്ചു പോകുമെന്നുള്ള ഭയവും കൂടിയായപ്പോൾ അതു നിവർത്താതെ ചുരുട്ടിവെക്കുകയാണ്.

സാംസ്കാരിക മണ്ഡലത്തിലൊതുക്കി നിർത്തികൊണ്ട് സഹൃദയരുടെ ശ്രദ്ധയാകർഷിക്കേണ്ട ചില വസ്തുതകൾ മാത്രം നമുക്കിപ്പോൾ

ചർച്ചക്ക് വിധേയമാക്കാം. വടക്കെ ഇന്ത്യയിൽ ഇസ്‌ലാമിന്റെ സംസ്കാരവും ഭരണവും ഒത്തിണങ്ങിച്ചേർന്ന് നൂറ്റാണ്ടുകൾ പലതും കഴിഞ്ഞുപോയിട്ടുണ്ടെങ്കിലും ദക്ഷിണേന്ത്യക്ക് വിശിഷ്യാ കേരള മണ്ണിന് അതിന്റെ സാംസ്കാരിക കഥയാണ് പ്രധാനമായും പറയാനുള്ളത്. അത് വിലയിരുത്തി പ്രചോദനമുൾക്കൊള്ളാൻ മുതിരുന്ന മുസ്‌ലിം ഹൃദയം അവശേഷിക്കുന്നുണ്ടെങ്കിൽ നമുക്ക് ഭാവിയുണ്ടെന്ന് സമാശ്വസിക്കാം.

തമ്മിലടിച്ചു സ്വാർത്ഥ താൽപര്യങ്ങൾക്കായി ജീവിച്ച മുസൽമാന്റെ മഹത്തായ സംസ്കാരത്തെ വിസ്മരിച്ചു കഴിയുന്ന മുസ്‌ലിം രാഷ്ട്രതലവൻമാരിൽ നിന്നും, രാഷ്ട്രീയ നേതാക്കളിൽ നിന്നും, ഈ മണ്ഡലത്തിൽ വലിയ പ്രതീക്ഷക്കൊന്നും വഴി കാണാവതല്ല. അവരുടെ ഉയർച്ചയിൽ നിന്നും അധോഗതിയിൽനിന്നും പാഠം ഉൾക്കൊള്ളാൻ മാത്രം സമുദായം വിലയിരുത്തിയാൽ മതിയാകുന്നതാണ്. മഹത്തായ ഒരു സംസ്കാരത്തിന്റെ വാക്താക്കളായി സമുദായത്തിന്റെ പൃതിമി കേരളത്തിന്റെ പതിനൊന്ന് കേന്ദ്രങ്ങളിൽ കത്തിച്ചുവെച്ചുകൊണ്ട് ഇസ്ലാമിക സംസ്കാരം പ്രാരംഭം കുറിച്ച ചരിത്രം നാം അയവിറക്കുന്നത് അത്യാഗാധമായ ആവേശത്തോട് കൂടിയാണ്. ഭൗതിക ശക്തിയോ, ആയുധമോ, പ്രതാപമോ, പ്രകടമാക്കാതെ, അവർ മഹാപിള്ളമാരായി സഹോദര സമുദായത്തിന്റെ വർഗ്ഗീയക്കണ്ണേടയിൽ പതിയാതെ സുരക്ഷിതരായ ചരിത്രം ഏത് സത്യാന്വേഷിയെയാണ് കോൾമയിർ കൊള്ളിക്കാത്തത്.

## ചിന്താർഹമായ വസ്തുത

വടക്കെ ഇന്ത്യയിൽ വർഗ്ഗീയക്കോമരങ്ങൾ അഴിഞ്ഞാടുകയും റോഡുകളും ഗല്ലികളും മുസൽമാന്റെ രക്തപ്പുഴ ഒലിച്ചുപോകുന്നത് ദർശിക്കുകയും ചെയ്ത ആയിരക്കണക്കിന് ചരിത്രകഥകൾ ചുമർഭിത്തികൾക്ക് എണ്ണിപ്പറഞ്ഞ് കേൾപ്പിക്കാറുണ്ട്. 'ഗർഫിർദൗസ്ബർ റോയേ സമീൻ അസ്തഹാമ അസ്ത'' ( ഭൂമുഖത്തിൽ സ്വർഗ്ഗപ്പൂങ്കാവനമുണ്ടെങ്കിൽ അത് ഇവിടെയാണ്.) എന്ന് ഉല്ലേഖനം ചെയ്ത് വെച്ച ' മോത്തി മസ്ജിദി'ന്റെ പരിസരത്തെ ഇസ്‌ലാമിക പ്രഭാവവും ചരിത്രസ്മാരകമായവശേഷിക്കുന്നു. എങ്കിൽ അജ്മീരിന്റെ വനാന്തര പ്രദേശത്ത് നാട്ടിവെച്ച പ്രഭാപൂരി

തമായ സാംസ്കാരിക പ്രഭാവം മങ്ങലേൽക്കാതെ സർവ്വാദരണീയമായിത്തന്നെ നില നിൽക്കുന്നുവെന്ന അതിന്റെ മറുവശവും സുചിന്തിതമത്രെ.

## സംസ്കാരത്തിന്റെ ഉറവിടം

അന്തിമ വിശകലനത്തിൽ പതിനാല് നൂറ്റാണ്ടുകളായി പൂർവ്വികൻമാർ പരമ്പരാഗതമായി നമ്മുടെ സാംസ്കാരിക കേന്ദ്രങ്ങളായ പള്ളികളിലും മസാറുകളിലും മഹ്ളറകളിലും, തക്യാവുകളിലും തിങ്ങിക്കഴിഞ്ഞിരുന്ന ആത്മീയ നേതാക്കളുടെ ദിവ്യസന്ദേശങ്ങളിലൂടെയും ചൈതന്യപൂരിതമായ ദിക്ർഹൽഖകളിലൂടെയും നില നിന്നുവന്ന സാംസ്കാരികാവശിഷ്ടങ്ങൾ മാത്രമേ ഇസ്ലാമിന്റെ പേരിൽ നമുക്കിന്ന് ദൃശ്യമാകുന്നുള്ളുവെന്ന് കണ്ടെത്താൻ സത്യാന്വേഷിക്ക് വിഷമമുണ്ടാവില്ല. ഗുരുനാനാക്കിന്റെ സന്ദേശം വായിച്ചു പഠിക്കുകയും പാശ്ചാത്യർ ചിന്താഗതിയെ പുണരുകയും ചെയ്തതിനാൽ ഇസ്ലാമിന്റെ സന്ദേശവും സംസ്കാരവും യഥാവിധി ഗ്രഹിക്കാനുള്ള അവസരം നഷ്ടപ്പെട്ട മുസ്ലിം നാമധാരികൾ അതൊന്നും സമ്മതിച്ചെന്ന് വരില്ല. മോഡേണിസ്റ്റ് വിഭാഗവും അവരിൽ നിന്നാവേശം നുകർന്ന എം.ഇ.എസ്. കേന്ദ്രവും എത്ര അലങ്കോലപ്പെടുത്താൻ മുതിർന്നാലും ചരിത്രവും പശ്ചാത്തലവും അറിയുന്ന ഗണ്യമായ ഒരു വിഭാഗം സമുദായത്തിലവശേഷിക്കുന്നിടത്തോളം അവരുടെ തിരുത്തി എഴുത്ത് പൂർണ്ണമാവുകയില്ല.

ദീനുൽ ഇസ്ലാമിന്റെ സംസ്കാരം തിരുദൂതരിൽ നിന്ന് സഹാബികളും അവരിൽ നിന്ന് താബിഊകളും പകർത്തിയിരുന്നത് പള്ളികളിൽ നിന്നായിരുന്നു. ഭൗതിക കലാലയങ്ങളിൽ നിന്നല്ല. മശാഇഖുകളുടെ ആത്മീയ പ്രഭാപൂരിതമായ നിർദ്ദേശങ്ങളിൽ നിന്നും ശിക്ഷണത്തിൽ നിന്നുമായിരുന്നു. യുക്തിയുടെ സ്വതന്ത്ര ചിന്തയിൽ നിന്നല്ല. ഈ യാഥാർത്ഥ്യം സമ്മതിക്കാത്തവന്ന് ചരിത്രാന്വേഷിയെന്നോ യാഥാർത്ഥ്യം ഉൾക്കൊള്ളുവാൻ സൻമനസുള്ള നിഷ്പക്ഷകനെന്നോ വിലയിരുത്താൻ സാദ്ധ്യമല്ല. പ്രസ്തുത സംസ്കാരം പള്ളികളിലെ മാതൃകാ യോഗ്യരായ ഇമാമുകൾ, ഉസ്താദുമാർ എന്നിവരിൽ നിന്നും ത്വരീഖത്തിന്റെ മശാഇഖുകളിൽ നിന്നും ഉൾകൊള്ളുകയും അവരോട് ഭക്തി പുലർത്തി ദീനി

യായ സ്വഭാവവും ആവേശവും അനുസരണവും നിലനിർത്തുകയുമായിരുന്നു മുസ്‌ലിം ജനതയുടെ ചരിത്രം.

## സ്വതന്ത്ര ചിന്ത ഉടലെടുക്കുന്നു

ഫ്രഞ്ച് വിപ്ലവത്തെ തുടർന്നു ലോകത്തിൽ ഉടലെടുത്ത സ്വതന്ത്ര ചിന്താഗതി പാശ്ചാത്യർക്കിടയിൽ നിന്ന് പൗരസ്ത്യരിലേക്കും ക്രമേണ ഭാരതത്തിലേക്കും പടർന്ന് പിടിക്കാൻ ആരംഭിച്ചതോടെയാണ് പ്രസ്തുത സാംസ്കാരിക പൈതൃകത്തിന് ഉലച്ചൽ തട്ടാൻ തുടങ്ങിയത്. അതോടൊപ്പം മദ്ധ്യേഷ്യയിലെ നവീന ചിന്താഗതിക്കാരുടെ കുൽസിത പ്രചരണവും കൂടി ഒത്തിണങ്ങിയപ്പോൾ സമുദായം ഒരു വഴിത്തിരിവിലേക്ക് നീങ്ങുകയായിരുന്നു. റഷീദ്‌രിസായുടെയും, ഇസ്മാഈൽ ദഹ്‌ലവിയുടെയും, ജമാലുദ്ദീൻ അഫ്ഗാനിയുടെയും, സർസയ്യിദിന്റെയും മറ്റും ചിന്താഗതികൾ സമുദായ മദ്ധ്യത്തിൽ ഇറങ്ങിയതോടെ സമുദായത്തിന്റെ സാംസ്കാരികമായ കെട്ടുറപ്പും മഹാൻമാരോടുള്ള അനുസരണ ബോധവും കെട്ടടങ്ങാൻ വഴിതെളിഞ്ഞുവെന്നതും വിസ്മരിക്കാവതല്ല.

കലങ്ങിമറിഞ്ഞ അന്തരീക്ഷങ്ങൾക്കിടയിൽ സമുദായാംഗങ്ങളിൽ പൊതുവെ ഭൗതിക ചിന്തയുടെ അതിപ്രസരമാണ് ഉയർന്നുവരുന്നത്. ആദ്യമാദ്യം പാശ്ചാത്യൻ ഭൗതിക വിദ്യാ സമ്പന്നർക്കിടയിലും ക്രമേണ ആ തത്വത്തിലധിഷ്ഠിതമായ സാമ്പത്തികാഭിവൃദ്ധികാംക്ഷിക്കുന്ന മണ്ഡലങ്ങൾക്കിടയിലുമാണ് അത് അള്ളിപ്പിടിച്ച് നിന്നതെങ്കിലും ക്രമേണയായി ആ വ്യാധി സാധാരണക്കാരിലും ദീനീസേവകരിലും മുഅല്ലിമീങ്ങളിലും മതവിദ്യാർത്ഥികളിലും, മുഹമ്മദ് നബി(സ) ദീർഘദർശനം ചെയ്തതു പോലെ അതിന്റെ പാരമ്യതയിലെത്തിയിരിക്കുകയാണ്. അവിടുന്ന് പ്രസ്താവിച്ചു; "ഇതര സമുദായങ്ങൾ നിങ്ങളുടെ മേൽ അന്യോന്യം ക്ഷണിച്ചു തുടങ്ങുന്ന സമയമടുത്തിരിക്കുന്നു. ഭുജിക്കാനിരിക്കുന്ന കൂട്ടുകാർ അന്യോന്യം ക്ഷണിക്കുന്നതു പോലെ", സ്വഹാബത്ത് അന്വേഷിച്ചു " ഞങ്ങൾ അന്ന് തുച്ഛമായത്കൊണ്ടായിരിക്കുമോ?" തിരുദൂതർ അവിടെന്ന് പ്രതികരിച്ചു; "അല്ല നിങ്ങൾ വളരെയധികമുണ്ടാകും. എന്നാൽ നിങ്ങൾ മലവെള്ളത്തിലെ ചവറുകളെപോലെയായിത്തീരും. ശത്രുക്ക

ളുടെ ഹൃദയത്തിൽ നിന്ന് നിങ്ങളോടുള്ള ഭയം നീക്കിക്കളയുകയും നിങ്ങളുടെ ഹൃദയത്തിൽ ബലഹീനത അല്ലാഹു ഇട്ടുതരുകയും ചെയ്യും".'വഹൻ' (ബലഹീനത) എന്താണെന്ന് ഒരാൾ അന്വേഷിച്ചു. അവിടുന്ന് അരുളുകയുണ്ടായി. " ഭൗതിക പ്രേമവും മരണത്തോടുള്ള നീരസവുമത്രെ അത". (അബൂദാവൂദ്) ഈ സ്ഥിതി വിശേഷവും അതിന്റെ മൂലകാരണമായി അവിടന്നറിയിച്ച ഭൗതികതയിൽ അതിരറ്റ പ്രേമവും എത്രമാത്രം ഇന്ന് സമുദായത്തെ കാർന്നുതിന്നുകൊണ്ടിരിക്കുന്നുവെന്ന് അധികമാളുകളും ചിന്തിക്കുന്നില്ല.

## സാമ്പത്തിക ശേഷി പുരോഗതിയല്ല

സമുദായത്തിന് പൊതുവെയും മുസ്‌ലിം രാഷ്ട്രങ്ങൾക്ക് പ്രത്യേകിച്ചും കൈവന്നുകൊണ്ടിരിക്കുന്ന സാമ്പത്തികാഭിവൃദ്ധിയിൽ മതിമറക്കുകയാണ് മറ്റൊരു വിഭാഗം. വാസ്തവത്തിൽ ഇത്തരമൊരവസ്ഥയെ തിരുദൂതർ ഭയപ്പെടുകയാണ് ചെയ്തിരുന്നത്. കാരണം മാനുഷികമൂല്യങ്ങളിൽ നിന്നും ആത്മീയ വളർച്ചയിൽ നിന്നും അത് തടഞ്ഞു നിർത്തുമെന്ന് വ്യക്തമാണ്. ഒരിക്കൽ തിരുനബി(സ) പ്രസ്ഥാവിച്ചു. " രാവിലെയും വൈകുന്നേരവും വസ്ത്രങ്ങൾ മാറ്റിയെടുക്കുകയും ഒരു ഭക്ഷണപാത്രം മുമ്പിൽ വെക്കുമ്പോൾ മറ്റൊരു ഭക്ഷണപാത്രം ഉയർത്തപ്പെടുകയും, നിങ്ങളുടെ പാർപ്പിടങ്ങൾ കഅ്ബാലയം മറക്കപ്പെടുന്നത് പോലെ വിധാനിച്ചു മറക്കപ്പെടുകയും ചെയ്യുന്ന അവസര നിങ്ങളിൽ വന്നാലുള്ള സ്ഥിതി എന്തായിരിക്കും? സഹാബത്ത് പ്രവചിച്ചു; " ഞങ്ങൾ അന്ന് ഉത്തമൻമാരായിരിക്കുമല്ലോ; ജീവിത ഭാരമില്ലാത്ത ആരാധനക്കായി ഒഴിഞ്ഞിരിക്കാൻ കഴിയും". അവിടുന്ന് പ്രസ്ഥാവിച്ചു; "ഒരിക്കലുമല്ല; നിങ്ങൾക്ക് ഇന്നുള്ള ദാരിദ്രത്തിലാണ് അന്നത്തെക്കാൾ പതിൻമടങ്ങ് ഗുണം".(തുർമുതി)

ചുരുക്കത്തിൽ ഭൗതികപുരോഗതി കണ്ട് മതിമറക്കാവതല്ലെന്നും അത് സമുദായത്തിന്റെ ഉയർച്ചക്കായി ഗണിക്കരുതെന്നും നേരെ മറിച്ച് ആത്മീയമായും സാസ്ക്കാരികമായുമുള്ള ഉന്നമനമാണ് ബുദ്ധിയുള്ള കാംക്ഷിക്കേണ്ടതെന്നും വിശുദ്ധ ഖുർആന്റെയും തിരുദൂതരുടെയും നിർദ്ദേശങ്ങളിൽ വ്യക്തമാണ്. സമുദായത്തിന്റെ ദൈനംദിന ചലനം ഈ ചിന്താഗ

തിയിൽ നിന്ന് വഴിമാറിക്കൊണ്ടിരിക്കുകയുമാണ്. പൂർവ്വികന്മാരായ മഹാൻമാർ സലഫുസ്സാലിഹീങ്ങളിൽ നിന്ന് പകർത്തിത്തന്ന വസ്ത്ര ധാരണ രീതിയോടും താടി, മുടി, മുതലായ ശരീരാലങ്കാര ഭാഗങ്ങളോടും വിരക്തി വർദ്ധിച്ചു കൊണ്ടിരിക്കുന്നു.

ഖുർആൻ പാരായണം, മശാഇഖുകളുടെ ത്വരീഖത്ത് സ്വീകരിച്ചു കൊണ്ടുള്ള ദിക്റുകളും ഔറാദുകളും മുതലായവ വഴി ഹൃദയത്തെ അല്ലാഹുവിന്റെ സാന്നിദ്ധ്യവും സാമീപ്യവും ആഗ്രഹിക്കുന്ന മാർഗ്ഗത്തിലേക്ക് തിരിച്ചുവിടുന്നതിൽ സമുദായത്തിലെ സ്ത്രീകളും പുരുഷന്മാരും ഉൽസുകരല്ല. സ്ത്രീകൾ പർദ്ദ വലിച്ചെറിഞ്ഞ് പുറത്തിറങ്ങുകയും ദുഷിച്ചനാറി നഗ്നതയിലേക്ക് അടിവെച്ചു നീങ്ങുകയും ചെയ്യുന്നത് പട്ടണത്തെ മാത്രമല്ല ഗ്രാമാന്തര പ്രദേശങ്ങളെയും ഇന്ന് വലയം ചെയ്തിരിക്കുന്ന സ്ഥിതി വിശേഷമാണ്. "ഹലാലും, ഹറാമു" മെന്ന വിവേചന ചിന്ത തന്നെ പാടെ വലിച്ചെറിയപ്പെടുന്നു. ഈ ദുഷിത വലയത്തിൽ നിന്ന് മതപണ്ഡിതൻമാർക്കോ മുതഅല്ലിമീങ്ങൾക്കോ, മുഅല്ലിമീങ്ങൾക്കോ ഒഴിഞ്ഞു നിൽക്കാൻ സാധിക്കാത്ത പതനത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കയും അനുകരണ ഭ്രമം എല്ലാ വിഭാഗത്തെയും പിടികൂടി കൊണ്ടിരിക്കുയുമാണ്.

അവസാനം സാമ്പത്തികാഭിവൃദ്ധിയും ഭൗതികപുരോഗതിയും ഒറ്റമൂലിയായെടുത്തുകൊണ്ടുള്ള നീക്കം മതരംഗത്തെ ദൈനംദിനം നിശ്ചലമാക്കുകയും ദീനിന്റെ പുരോഗതിയലാകാംക്ഷയുള്ള പ്രവർത്തകരെ ഹൃദയം വെന്തെരിയുന്ന തീച്ചൂളയിലെത്തിച്ച് കൊണ്ടിരിക്കയുമാണ്. മതവിദ്യാർത്ഥികളിലും മുഅല്ലിമീങ്ങളിലും പാസ്പോർട്ടോ അറബിമുൻഷി സർട്ടിഫിക്കറ്റോ ഇല്ലാത്ത വ്യക്തികൾ ദിനേന അപൂർവ്വമായിത്തീർന്നു കൊണ്ടിരിക്കുന്ന സ്ഥിതി വിശേഷം കൂടിയായപ്പോൾ സമുദായമെ! നിന്റെ ഭാവിയോർത്ത് വിലപിക്കാനുള്ള ജിഹ്വപോലും നഷ്ടപ്രായമായല്ലോ! എന്ന് സ്വയം കേഴാൻ നിർബന്ധിതമായിരിക്കയാണ്.

## പരിഹാരം അടിയന്തിരം

അടിയന്തിരമായും പരിഹാരം കാണാൻ സമുദായം കണ്ണുതുറക്കാത്ത പക്ഷം സമീപഭാവിയിൽ റഷ്യയിലും മറ്റു പല രാഷ്ട്രങ്ങളിലുമുണ്ടായ അനുഭവം ഭാരതവും അനുഭവിക്കേണ്ടിവരുമെന്നതാണ് വാസ്തവം. നാമത്തിന് ദീനി സ്ഥാപനങ്ങൾ പല ഭാഗങ്ങളിലുയർന്ന് വന്നിട്ടുണ്ടെങ്കിലും ബിരുദധാരികളുടെ എണ്ണം പെരുപ്പിച്ചു കാണിക്കാൻ സാധിക്കുമെങ്കിലും അത്തരക്കാർ ഭിന്നന മതരംഗം വിട്ടുമാറുകയാണ്. പൂർവ്വികൻമാർ ആത്മീയ മൂല്യം പകർന്നു കൊടുത്തിരുന്ന 'ഇൽമുത്തസവ്വുഫും' അംഗീകൃതമശാഇഖുകളുടെ ത്വരീഖത്തുകളും കൂടുതൽ ഉത്തേജനത്തോടെ പ്രാവർത്തികമാക്കി മാർഗ്ഗഭ്രംശം വന്നുകൊണ്ടിരിക്കുന്ന സമുദായാംഗങ്ങളെ ആത്മീയ പുരോഗതിയിലേക്കാനയിക്കുകയത്രെ അതിപ്രധാനമായത്.

തസവ്വുഫും ഭയഭക്തിദായകവുമായ മതപ്രഭാഷണങ്ങളുംവഴി അത് വീണ്ടെടുക്കാൻ ശ്രമിക്കുകയും അത്തരം പ്രാസംഗികൻമാരെ വളർത്തിയെടുക്കുകയും വേണം. വാടക പ്രാസംഗികൻമാരായി മാറുന്ന സ്ഥിതിവിശേഷം ഇല്ലാതാക്കി മതപ്രഭാഷണം നടത്തുന്നവർ സാത്വികമായി സലഫുസ്സാലിഹീങ്ങളുടെ നടപടി മുറുകെ പിടിക്കുന്നവരും അത് നടപ്പിലാക്കുന്നതിൽ ഉൽസുകരുമായിത്തീരണം. അതിൽ വിരക്തി കാണിക്കുന്ന പ്രാസംഗികൻമാരെ പ്രസ്തുത രംഗത്ത് നിന്ന് അടിയന്തിരമായും ഒഴിച്ചു നിർത്താൻ സന്നദ്ധമാവണം. വാക്കും പ്രവർത്തിയും തമ്മിൽ പൊരുത്തമില്ലാത്ത സേവകർക്ക് പ്രോത്സാഹനജനകമായ അന്തരീക്ഷം സമുദായത്തിലുണ്ടാവരുത്.

മതൃകായോഗ്യരായ മുഅല്ലിമീങ്ങൾക്കും മുദർരിസീങ്ങൾക്കും രംഗത്തുനിന്നും മാറിനിൽക്കാനിടവരുത്താത്ത വിധം പ്രോത്സാഹനജനകമായ വേതനവും സൗകര്യങ്ങളും നൽകി മനസമാധാനമുണ്ടാക്കുന്നതിന് സ്ഥാപന ഭാരവാഹികൾ അടിയന്തിരമായി ശ്രദ്ധിക്കണം. കലാപ്രകടനത്തിനും മറ്റു അത്യാവശ്യമല്ലാത്ത ധാരാളം കാര്യങ്ങൾക്കും ധൂർത്തടിക്കുന്ന സംഖ്യകളിൽ നിന്ന് ഒരു ഭാഗമെങ്കിലും സാമ്പത്തിക ശേഷിയു

ള്ളവരും വിദേശ രാഷ്ട്രങ്ങളിൽ ജോലി ചെയ്യുന്ന സഹൃദയരും നീക്കി വെക്കാൻ മുതിർന്നാൽ ക്ഷിപ്രസാദ്ധ്യമാകുന്ന കാര്യമാണ് മിക്ക മഹല്ലുകളിലുമുള്ളത്. സാമ്പത്തിക ശേഷിയില്ലെന്ന് പറഞ്ഞ് കൈമലർത്തുന്നതിന് പകരം കൂട്ടായ ശ്രമവും പ്രായോഗിക പദ്ധതിയും അതിനുള്ള മാർഗ്ഗവും സമുദായത്തിന്റെ ഭാവിയോർത്തു എല്ലാ മഹല്ലുകളിലുമുള്ള ദീനി പ്രേമികൾ അടിയന്തിരമായും ആവിഷ്കരിക്കണം.

മഹല്ലുകൾതോറും മതാദ്ധ്യാപന രംഗത്ത് സേവനം ചെയ്യുന്നവർക്ക് പ്രൊവിഡണ്ട് ഫണ്ടുകളും പെൻഷൻ അടിസ്ഥാനത്തിൽ ക്ഷേമനിധി ഫണ്ടുകളും ശേഖരിച്ചു വരണം. മതബോധമുള്ള യുവ സുഹൃത്തുക്കൾ ഇത്തരം പദ്ധതികൾക്ക് ഹൃദയം തുറന്ന സഹകരണം നൽകുന്ന അനുഭവം പല സ്ഥലങ്ങളിലും പ്രകടമാകുന്നുണ്ട്. അത്യാഹിത ഘട്ടങ്ങളിലും കുടുംബാംഗങ്ങളുടെ വിവാഹ ഘട്ടങ്ങളിലും വേണ്ടിവരുന്ന അത്യാവശ്യ ചിലവുകൾ അടിയന്തിരാവശ്യമായ വീട്ടുപകരണങ്ങൾ എന്നിവക്ക് അതുപയോഗപ്പെടുത്താവുന്നതാണ്. നിരാലംബരായി വാർദ്ധക്യം പ്രാപിച്ചു കഷ്ടപ്പെടുന്ന ധാരാളം മുദർരിസീങ്ങളും മുഅല്ലിമീങ്ങളും പള്ളിപരിപാലകരും ഇമാമുകളും കേരളത്തിലുണ്ട്. അത്തരക്കാർക്ക് ഭാവിയിലെങ്കിലും ഉപകരിക്കുന്ന വിധം മേൽപറഞ്ഞ പദ്ധതികളിൽ വിലയിരുത്തേണ്ടതുണ്ട്. സംഘടിത ശ്രമം വഴി അതെല്ലാം പ്രാവർത്തികമാക്കാൻ സാധിക്കുമെന്നതിൽ സംശയത്തിനവകാശമില്ല.

## മത വിദ്യാർത്ഥികൾ

മത വിദ്യാർത്ഥികൾ സാംസ്കാരികമായ ജീവിത ചിട്ടയും ആത്മ സംസ്കാരണത്തിനുതകുന്ന പാഠങ്ങളും നിഷ്കർഷാ പൂർവ്വം നടപ്പിലാക്കുന്നതോടൊപ്പം ദരിദ്ര കുടുംബത്തിൽ നിന്ന് തിരഞ്ഞെടുക്കപ്പെടുന്നവർക്ക് പ്രത്യേകം സ്കോളർഷിപ്പും മറ്റു പ്രോത്സാഹനമാർഗ്ഗങ്ങളും സ്വീകരിച്ചു പ്രസ്തുത രംഗം ആകർഷകമാക്കിത്തീർക്കണം. പഠനത്തോടൊപ്പം തന്നെ സൈഡ് ബിസിനസിലേക്കും അൽപം പുരോഗമിക്കുന്നതോടെ ഗവൺമെന്റ് പരീക്ഷയിലേക്കും പാസ്പോർട്ടിലേക്കും ആകർഷിക്കാനിടവരാത്ത വിധം അവരെ സമ്പൂർണ്ണമാക്കിത്തീർക്കാനുള്ള പദ്ധ

തികൾ മഹല്ലുതോറും കണ്ടെത്തണം. യുവ സംഘടനകൾ അവരുടെ ഇച്ഛക്കൊത്ത പ്രക്രിയകൾക്ക് ദുർവിനിയോഗിക്കുന്ന ധാരാളം സംഖ്യകൾ സമുദായത്തിന് നഷ്ടമല്ലാതെ യാതൊരുപകാരവും ചെയ്യുന്നില്ല. അത്തരം സംഘടനകളുടെ കൂട്ടായ ശ്രമവും ഉത്തരവാദ ബോധവും പ്രസ്തുത വിഷയത്തിലേക്ക് തിരിച്ചു വിടാൻ സന്മനസ്സുമുണ്ടായാൽ വിജയം സുനിശ്ചിതമാണ്. എസ്.എസ്.എഫ് തുടങ്ങിയ വിദ്യാർത്ഥി സംഘടനകളുടെ സജീവ ശ്രദ്ധ അതിലേക്ക് പതിയണം. അങ്ങിനെ ഭരണാധികാരികൾ, മഹല്ലുഭാരവാഹികൾ, യുവസംഘടനകൾ, വിദ്യാർത്ഥി സമാജങ്ങൾ എന്നിവയുടെ കൂട്ടായ ശ്രമവും ദീർഘ ദൃഷ്ടിയും കൊണ്ട് ഈ ദുരവസ്ഥക്ക് നിവാരണം കാണേണ്ടിയിരിക്കുന്നു. അപ്പോൾ അല്ലാഹുവിന്റെ സഹായവും സുനിശ്ചിതമാണ്. നാഥാ! സത്പന്ഥാവിലേക്ക് സമുദായത്തെ നയിക്കാൻ ഉത്തരവാദപ്പെട്ടവർക്ക് സന്മനസ് നൽകുകയും മുത്തഖീങ്ങൾക്ക് അനുകരണീയരായ നേതാക്കളായി ഞങ്ങളെ വളർത്തുകയും ചെയ്യേണമേ!! ആമീൻ!!

(അൽഹുദാ സപ്ലിമെന്റ് - 1978)

# മുസ്‌ലിം ലോകം :
# സാംസ്കാരിക സമസ്യകൾ.

പുരാതന സംസ്കാരങ്ങളുടെ പ്രഭവ കേന്ദ്രങ്ങളായ ചൈന, ഭാരതം, ഈജിപ്ത് എന്നീ നാടുകളിൽ നിന്ന് ഉത്ഭവിച്ച വൈജ്ഞാനിക ഭൗതിക വികാസത്തിന്റെ ഫലമാണ് ഇന്ന് ആധുനിക ലോകം അനുഭവിക്കുന്ന നേട്ടങ്ങൾ. ഈ രംഗത്ത് ഏറ്റവും കൂടുതൽ സംഭാവന ചെയ്തവരാണ് മുസ്‌ലീകൾ.

പ്രപഞ്ച പ്രതിഭാസങ്ങളെ പഠിക്കാനും നിരീക്ഷിക്കാനും കൽപ്പിക്കുന്ന ഇസ്‌ലാം ബീജാണ്ഡങ്ങളും വിരൽതുമ്പും തുടങ്ങി എല്ലാ കാര്യങ്ങളിലും ചിന്തിക്കാൻ ആവശ്യപ്പെടുന്നു. ഭൂമി, ആകാശം, സമുദ്രം, കാറ്റ് എന്നിവ പുർ ആൻ ചിന്തിക്കാൻ പറഞ്ഞ വിഷയങ്ങളാണ്. വാർദ്ധക്യമല്ലാത്ത ഏത് രോഗത്തിനും മരുന്നുണ്ടെന്ന് ഹദീസിൽ കാണാം. ഈ പ്രചോദനം ഉൾക്കൊണ്ടാണ് മുസ്‌ലീംകൾ വളർന്നത്.

ഇസ്‌ലാം സർവ്വ ശാസ്ത്ര ശാഖകളെയും വിജ്ഞാനങ്ങളേയും പ്രോത്സാഹിപ്പിക്കുകയും അവയിലേക്ക് ആഴ്ന്നിറങ്ങാൻ ആജ്ഞാപിക്കുകയും ചെയ്തു. അത് കൊണ്ടാണ് ഇസ്‌ലാമിന്റെ പ്രഥമ നൂറ്റാണ്ടിൽ തന്നെ പ്രാചീന ശാസ്ത്രീയ ഗ്രന്ഥങ്ങൾ അറബിയിലേക്ക് വിവർത്തനം ചെയ്ത് കൊണ്ട് മുസ്‌ലിംകൾ ശാസ്ത്രത്തിന് അടിത്തറ പാകിയത്. ഹിപ്പോക്രാറ്റ്സ്, അരിസ്റ്റോട്ടിൽ, നിയോഫ്രാസ്കസ്, ഗാലൻ, യൂക്ലിഡ്, ടോളമി, ഡിസ്കോറിഡസ് എന്നിവരുടെയെല്ലാം ഗ്രന്ഥങ്ങൾ അറബിയി

ലേക്ക് വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്. വളരെക്കാലം ശാസ്ത്ര ഭാഷ അറബിയിലായിരുന്നതും മുസ്‌ലിംകൾ ശാസ്ത്രത്തിന് നൽകിയ സംഭാവനയുടെ തെളിവാണ്.

എന്നാൽ ശാസ്ത്രീയ ഗ്രന്ഥങ്ങൾ പാരായണം ചെയ്യുന്നത് വിലക്കിക്കൊണ്ട് 1206 ൽ ചേർന്ന ചർച്ച് മേധാവികളുടെ യോഗം ഉത്തരവിറക്കി. മരുന്നുകൾ ഉപയോഗിക്കുന്നത് നിരുത്സാഹപ്പെടുത്തി. പിശാചുക്കളും ദുഷ്ടാത്മാക്കളുമാണ് രോഗം ഉണ്ടാക്കുന്നതെന്നാണ് ചർച്ചുകളിൽ പഠിപ്പിക്കപ്പെട്ടിരുന്നത്. ചർച്ച് മേധാവികൾ രോഗികളെ ചികിത്സിക്കാൻ അനുവദിച്ചിരുന്നില്ല. മധ്യകാല നൂറ്റാണ്ടുകളിൽ ശാസ്ത്രീയ വിജ്ഞാനീയങ്ങളുടെ ശത്രുക്കളായിരുന്നു അവർ.

ഇത്തരം മത നേതാക്കളുടെ മനോഗതിയിൽ നിന്നാണ് മതവും രാഷ്ട്രീയവും ബന്ധമില്ലെന്ന് പറയാൻ യൂറോപ്യർ തയ്യാറായത്. ഇന്ന് ലോക ശാസ്ത്ര വിജ്ഞാനങ്ങളുടെ കുത്തകക്കാരായി അറിയപ്പെടുന്ന അമേരിക്കയും അവരുടെ പൂർവ്വികരായ യൂറോപ്യരും ഒരു കാലത്ത് അതിന്റെ ശത്രുക്കളായിരുന്നപ്പോൾ, ഇന്ന് പുരോഗതിയുടെ ശത്രുക്കളായി മുദ്രയടിക്കപ്പെട്ട മുസ്‌ലിംകളാണ് അതിന് വെള്ളവും വളവും നൽകിയിരുന്നതെന്നത് പലർക്കും അറിയാത്ത ചരിത്ര സത്യമാണ്.

ലോകത്തിന്റെ അധീശാധിപത്യം മുസ്‌ലിംകൾക്ക് ലഭിക്കുമെന്ന് ഭയപ്പെട്ടവർ, ബുദ്ധി പരമായി നേരിടാൻ കഴിയാത്തത് കൊണ്ട് അവർക്കെതിരിൽ നടത്തിയ പോരാട്ടമാണ് കുരിശ് യുദ്ധം. വർഷങ്ങളായി മുസ്‌ലിംകളുടെ മേൽ യൂറോപ്പ് വെച്ച് പുലർത്തിയ പകയുടെ ബഹിസ്ഫുരണങ്ങളാണ് ഈ യുദ്ധം.

യൂറോപ്പും ഏഷ്യയും തമ്മിൽ, കിഴക്കും പടിഞ്ഞാറും തമ്മിൽ, ഇസ്‌ലാമും ക്രിസ്തുമതവും തമ്മിൽ, കുരിശും ചന്ദ്രക്കലയും തമ്മിൽ നടന്ന ഏറ്റുമുട്ടലുകൾ . കുറച്ച് കൂടി വ്യക്തമാക്കിയാൽ യൂറോപ്പിലെ ക്രൈസ്തവ ഭരണകൂടങ്ങൾ ഒത്ത് ചേർന്ന് പൗരസ്ത്യ മുസ്‌ലിം ലോകത്തിന് നേരെ കുരിശ് ചിഹ്നമായി സ്വീകരിച്ച് നടത്തിയ രണ്ട് നൂറ്റാണ്ട് നീണ്ട് നിന്ന പോരാട്ട പരമ്പര അതാണ് ചരിത്രത്തിൽ കുരിശ് യുദ്ധ

മായി അറിയപ്പെട്ടത്. (താരീഖുൽ ഇസ്‌ലാമിൽ അറബി ഡോ. ഇബ്രാഹിം ഹസൻ 4/243)

കുരിശ് യുദ്ധങ്ങളെക്കുറിച്ച് ജവഹർലാൽ നെഹ്റു പറയുന്നത് കാണുക. ഇങ്ങനെ എ.ഡി. 1905 ആണ്ടിൽ കുരിശ് യുദ്ധം ആരംഭിച്ചു. നൂറ്റിയമ്പത് കൊല്ലത്തിലേറെ ക്രിസ്തുമതവും ഇസ്‌ലാമും കുരിശും ചന്ദ്രക്കലയും തമ്മിൽ ഇടഞ്ഞു പൊരുതി. 1905 -ാം ആണ്ടിൽ ദീർഘമായ വിശ്രമവേളകൾ ഇതിനിടയ്ക്ക് ഉണ്ടായിട്ടുണ്ട്. എങ്കിലും ഇരു കക്ഷികളും എന്നും ഒരു യുദ്ധാവസ്ഥയിലായിരുന്നു. ക്രിസ്ത്യാനികളായ കുരിശ് യോദ്ധാക്കൾ അണിയണിയായ് പുണ്യ ഭൂമിയിൽ ചെന്ന് പടപൊരുതുവാനും വേണ്ടി വന്നാൽ പ്രാണൻ ബലിയർപ്പിക്കാനും സന്നദ്ധരായി തുടരെത്തുടരെ വന്നുകൊണ്ടിരുന്നു. ദീർഘനാളത്തെ ഈ സമരം കൊണ്ട് കുരിശുയോദ്ധാക്കൾക്ക് ഗണ്യമായ യാതൊരു നേട്ടവും ഉണ്ടായിട്ടില്ല. അല്പകാലത്തേക്ക് എരുശലം (ബൈത്തുൽ മുഖദ്ദിസ്) കുരിശ് യോദ്ധാക്കളുടെ കൈയ്യിലായി. എന്നാൽ തുർക്കികൾ അത് വീണ്ടെടുത്തു. പിന്നീട് അവർ അവിടെത്തന്നെ തങ്ങിനിൽക്കുകയും ചെയ്തു. ലക്ഷോപലക്ഷം ക്രിസ്ത്യാനികളെയും മുസൽമാൻമാരെയും മരണത്തിന്റെയും ദുരന്തത്തിന്റെയും കരാളവക്രത്തിലേക്ക് തള്ളിവിട്ടു. ഏഷ്യാമൈനറിനേയും പലസ്തീനെയും ഒരിക്കൽ കൂടി മനുഷ്യ രക്തത്തിൽ കുതിർത്തെടുത്തു എന്നതിൽ കവിഞ്ഞു ഈ കുരിശ് യുദ്ധം കൊണ്ട് ഒരു ഫലവും ഉണ്ടായില്ല. (ദ ഗ്ലിംപ്സസ് ഓഫ് വേൾഡ് ഹിസ്റ്ററി- ജവഹർലാൽ നെഹ്റു. (മലയാള വിവർത്തനം ഭാഗം 2 പുറം 265)

തുർക്കികൾ വീണ്ടെടുത്തു എന്നാണ് നെഹ്റു എഴുതിയതെങ്കിലും അതിന് എത്രയോ മുമ്പ് സ്വലാഹുദ്ദീൻ അയ്യൂബി ഫലസ്തീൻ വീണ്ടെടുത്ത് കഴിഞ്ഞിട്ടുണ്ട്. കുരിശ് യുദ്ധം കൊണ്ടുള്ള ശത്രുക്കളുടെ ലക്ഷ്യം പൂവണിഞ്ഞില്ലെങ്കിലും വിവിധ ശത്രുക്കൾ മുസ്‌ലിംകൾക്കെതിരെ ഒന്നിച്ചത് ഈ യുദ്ധത്തോടെയായിരുന്നു. നവ മുസ്‌ലിമും ഗ്രന്ഥകാരനുമായ മുഹമ്മദ് ആസാദ് (ആസ്ത്രേലിയ) പറയുന്നു. "ചരിത്രത്തിൽ ആദ്യമായി യൂറോപ്പ് ഒറ്റക്കെട്ടാണെന്ന ബോധം ഉടലെടുത്തു. നമുക്ക് അതി

ശയോക്തി കൂടാതെ തന്നെ പറയാം. യൂറോപ്പ് എന്ന ആശയം കുരിശ് യുദ്ധങ്ങളുടെ ആത്മാവിൽ നിന്നാണ് ജന്മം കൊണ്ടത്. അതിന് മുമ്പ് അവിടെ ഇംഗ്ലണ്ടുകാരും ഫ്രഞ്ചുകാരും നോർമൻകാരും ഇറ്റലിക്കാരും ഉണ്ടായിരുന്നു. കുരിശ് യുദ്ധ വേളയിലാണ് പാശ്ചാത്യ നാഗരികത എന്ന ചിന്ത ഉടലെടുത്തത്. അത് ഏക ലക്ഷ്യമായി കരുതി എല്ലാ യൂറോപ്യൻ ജനതയും ഒരുപോലെ അതിന് വേണ്ടി പ്രവർത്തിക്കാൻ തുടങ്ങി". 'ഇസ്‌ലാം വഴിത്തിരിവിൽ' (അറബി വിവ:ഡോ.ഉമർഫാറൂഖ്. പേജ് 56)

ഉറുദു ഇസ്‌ലാമിക വിജ്ഞാന കോശത്തിന്റെ വരികൾ ശത്രുക്കളുടെ ലക്ഷ്യത്തിലേക്ക് വിരൽ ചൂണ്ടുന്നു. കുരിശ് യുദ്ധങ്ങളിലെ പരാജയത്തിന് ശേഷം യൂറോപ്പിലെ പണ്ഡിതരും ചർച്ചിലെ പുരോഹിതരും പ്രായോഗിക രംഗത്തും മുസ്‌ലിംകളെ തളർത്താൻ തീരുമാനിച്ചു. ഓറിയന്റലിസത്തിന്റെ മറവിൽ അറബി ഇസ്‌ലാമിക വിജ്ഞാനങ്ങളുടെ സംരക്ഷണവും ഗവേഷണവുമെന്ന പേരിൽ ഇസ്‌ലാമിനെയും ഇസ്‌ലാമിന്റെ പ്രവാചകരെപ്പറ്റിയും തെറ്റിദ്ധാരണകൾ പരത്താനുള്ള പ്ലാനുകൾ തയ്യാറാക്കി ഇസ്‌ലാമിക വിശ്വാസത്തിലും പ്രത്യയ ശാസ്ത്രത്തിലും സംശയം ജനിപ്പിക്കാനും പുതിയ മുസ്‌ലിം തലമുറയെ ഇസ്‌ലാമുമായി അകറ്റാനും ഉദ്ദേശിച്ച് ഇസ്‌ലാമിലെ അവാന്തര വിഭാഗങ്ങളെക്കുറിച്ചുള്ള പ്രസ്താവനകൾക്ക് കൂടുതൽ എരിവും പുളിയും നൽകി.

ആദ്യകാലഘട്ടങ്ങളിലെ വൈജ്ഞാനിക ചിന്താ ചർച്ചകളെ സംബന്ധിച്ച് സ്വതന്ത്ര ഗവേഷണം എന്ന പേരിൽ പഠനം നടത്തി തെറ്റിദ്ധാരണ തന്നെ സൃഷ്ടിക്കാൻ ശ്രമിച്ചു. ഇസ്‌ലാമിലെ യുദ്ധവീക്ഷണവും മുസ്‌ലിം സ്റ്റേറ്റിലെ അമുസ്‌ലിംകളുടെ സ്വാതന്ത്ര്യവും സംബന്ധിച്ച് ചിന്തിപ്പിക്കുന്ന വിവരങ്ങളും നിഗമനങ്ങളും ശേഖരിച്ചു. ഇസ്‌ലാമിക കർമ്മശാസ്ത്രത്തിന്റെ സ്രോതസ്സുകളുടെ സാധുതയും പ്രാമാണികതയും സംശയകരമായി അവതരിപ്പിച്ചു. (ഇസ്‌ലാമിക വിജ്ഞാനകോശം 3/218)

കുരിശ് യുദ്ധത്തിന്റെ നേട്ടത്തെക്കുറിച്ച് ഗ്രന്ഥകാരനായ പ്രൊഫസർ വേലായുധൻ പറയുന്നു: "എന്നിരുന്നാലും കുരിശ് യുദ്ധങ്ങൾ കൊണ്ട് യാതൊരു സാംസ്കാരിക നേട്ടങ്ങളും ഉണ്ടായിട്ടില്ലെന്ന് പറഞ്ഞ് കൂടാ.

അറബി ഭാഷയിലെ പല വാക്കുകളും യൂറോപ്യൻ ഭാഷകളിൽ ലബ്ധ പ്രതിഷ്ഠിതമായത് കുരിശ് യുദ്ധങ്ങൾ വഴിയാണ്. ഗോത്തിക് ശില്പ ശൈലിയിൽ നിർമ്മിച്ച ദേവാസന പള്ളികളുടെ കണ്ണാടികളുടെ വർണ്ണപകിട്ട് നൽകുന്ന സാങ്കേതിക വിദ്യ അറബികളിൽ നിന്ന് മനസ്സിലാക്കി യൂറോപ്പിന് ലഭ്യമാക്കിയത് കുരിശ് യുദ്ധക്കാരനാണത്രെ. വെടിമരുന്ന്, അച്ചടി വിദ്യ, വടക്കുനോക്കി യന്ത്രം എന്നിവയെല്ലാം കുരിശ് യുദ്ധങ്ങൾ വഴിയാണ് മദ്ധ്യ പൗരസ്ത്യ ദേശത്തു നിന്ന് യൂറോപ്പിൽ പ്രവേശിച്ചത്. ഇതു നിമിത്തം യൂറോപ്യരുടെ ഭൂമിശാസ്ത്ര വിജ്ഞാനം വളരെ വർദ്ധിക്കുകയും നീണ്ട നാവിക യാത്രകളും കണ്ടുപിടുത്തങ്ങളും നടത്താൻ അവർക്കു പ്രചോദനം ലഭിക്കുകയും ചെയ്തു. യൂറോപ്യരുടെ വിജ്ഞാന ചക്രവാളം വികസിതമായി തദ്വാര നവോത്ഥാന യുഗം ആവിർഭവിക്കുന്നതിന് കുരിശ് യുദ്ധങ്ങൾ സമ്പന്നമായ സംഭാവന ചെയ്തെന്ന് പറയാം'. (ലോക ചരിത്രം 1/124)

## ഓറിയന്റലിസം:-

കുരിശ് യുദ്ധത്തിന് ശേഷം മുസ്ലിം ലോകത്തെ തകർക്കാനുള്ള യൂറോപ്യൻ ശക്തികളുടെ പുതിയ തന്ത്രമാണ് ഓറിയന്റലിസം.

. മദ്ധ്യ ധരണ്യാഴിക്ക് കിഴക്കുള്ള രാജ്യങ്ങൾ പൗരസ്ത്യ രാജ്യങ്ങൾ എന്ന് പറയപ്പെടുന്നു. അവിടെയുള്ള സംസ്കാരങ്ങൾ പൗരസ്ത്യ സംസ്കാരങ്ങളെന്നും ഈ സംസ്കാരങ്ങൾ പഠിക്കുന്നവരെ 'ഓറിയന്റലിസ്റ്റു'കൾ എന്നുമാണ് പറയപ്പെടുന്നത്. (ഓക്സ്ഫോർഡ് ഡിക്ഷ്ണറി - 1914 പേജ് 602)

'ഓറിയന്റലിസ്റ്റു'കൾ ആരെന്ന് ഇതിൽ നിന്ന് മനസ്സിലാക്കാമെങ്കിലും പൗരസ്ത്യ സംസ്കാരമായ ഇസ്ലാം പഠിച്ച യൂറോപ്യരാണ് ഇതുകൊണ്ടുദ്ദേശിക്കുന്നത്.

ഓറിയന്റലിസത്തിന്റെ ഉത്ഭവത്തിന് പ്രചോദനമേകിയത് കുരിശ് യുദ്ധങ്ങളാണ്. ആയുധമേന്തിയ യുദ്ധത്തിൽ യൂറോപ്യർ പരാജയപ്പെട്ടു. അവർ വിജയത്തിന് വേറെ മാർഗ്ഗങ്ങൾ തേടി. നിർഭയരായ മുസ്ലിം പട്ടാളക്കാർക്ക് വീര്യമേകുന്നത് അവരുടെ മതസ്പിരിറ്റും വിശ്വാസവുമാണെന്ന്

യൂറോപ്യർക്ക് ബോധ്യപ്പെട്ടു. തന്നിമിത്തം മുസ്‌ലിംകളെ ഇസ്‌ലാമുമായി അകറ്റാനും പാശ്ചാത്യൻ ജീവിത രീതിയിൽ അവരെ ലയിപ്പിക്കാനും യൂറോപ്യൻ ശ്രമങ്ങൾ നടത്തി. ഇസ്‌ലാമും ഇസ്‌ലാമിക ഗ്രന്ഥങ്ങളും പഠിച്ച ശേഷം അവ വിമർശിച്ചു പുസ്തകങ്ങൾ എഴുതാനും തന്നിമിത്തം സ്വന്തം മതത്തിൽ മുസ്‌ലിംകൾക്ക് സംശയം ജനിപ്പിക്കാനുമാണ് അവർ വലിയ ശ്രമം നടത്തിയത്. അറബി ഭാഷയും ഇസ്‌ലാമിക സംസ്കാരവും പഠിച്ച ഇത്തരം യൂറോപ്യൻ പണ്ഡിതന്മാർ 'ഓറിയന്റലിസ്റ്റുകൾ'എന്ന പേരിൽ അറിയപ്പെട്ടു. (ഇസ്‌ലാമിക ചരിത്രം പേജ് 355 കമാൽ പാഷ)

ഓറിയന്റലിസത്തെ ചരിത്രകാരന്മാർ മൂന്ന് വിഭാഗമാക്കി തിരിച്ചിട്ടുണ്ട്. ഒന്ന്: അറബി ഭാഷയും ഇസ്‌ലാമിന്റെ യഥാർത്ഥ ഗ്രന്ഥങ്ങളും അറിയാത്തവർ. ഇങ്ങനെയുള്ളവർ വിവർത്തനങ്ങളെയാണ് ആശ്രയിക്കുന്നത്. ഇവരിൽ മിക്ക പേരും കെട്ടുകഥകളും കുപ്രചാരങ്ങളും അടിസ്ഥാനമാക്കിയാണ് ഇസ്‌ലാമിനെക്കുറിച്ച് എഴുതിയിരിക്കുന്നത്. എന്നാൽ സുപ്രസിദ്ധ ഓറിയന്റലിസ്റ്റായ ഗിബ്സൺ മാത്രമാണ് ഇതിൽ നിന്നൊഴിവ്. ഇദ്ദേഹം ഇസ്‌ലാമിന്റെ ഏതാണ്ട് ശരിയായ ചിത്രം അനാവരണം ചെയ്തിട്ടുണ്ട്.

രണ്ട് : അറബി ഭാഷ, ഇസ്‌ലാമിക ചരിത്രം, ഇസ്‌ലാമിക തത്വചിന്ത എന്നിവ നല്ലവണ്ണം മനസ്സിലാക്കിയവരും എന്നാൽ ഇസ്‌ലാമിക സാഹിത്യങ്ങളും ജീവ ചരിത്രങ്ങളും അറിയാത്തവരും 'സച്ചാള, നോൽഡേക്' എന്നിവർ ഈ വിഭാഗത്തിൽപ്പെടുന്നു. ഇവരുടെ ഗ്രന്ഥങ്ങൾ മുഴുവനും വിശ്വാസയോഗ്യമല്ല.

മൂന്ന് : ഇസ്‌ലാമിക സാഹിത്യങ്ങളും ജീവ ചരിത്രങ്ങളും പഠിച്ചവർ. മാർഗോലിയത്, പാൾമർസ്‌വ് റെഞ്ചർ എന്നിവർ ഈ വിഭാഗത്തിൽപ്പെടുന്നു. ഇവർ ഇസ്‌ലാമിനെ തെറ്റിദ്ധരിപ്പിക്കാൻ മാത്രം ഗ്രന്ഥങ്ങൾ രൂപപ്പെടുത്തിയവരാണ്. ഇസ്‌ലാമിന്റെ മേൽ കളവ് കെട്ടിച്ചമച്ച ഓറിയന്റലിസ്റ്റുകളുടെ മുന്നിൽ നിൽക്കുന്നത് മാർഗോലിയത്താണ്. ഇദ്ദേഹം പടച്ചു വിട്ട പല നുണകളും അത്ര എളുപ്പത്തിൽ കണ്ടുപിടിക്കുക സാധ്യമല്ല.

അത്രയും സാമർത്ഥ്യം കാണിച്ചാണ് താൻ ഗ്രന്ഥങ്ങൾ രചിച്ചിട്ടുള്ളത്. (ശിബിലി നുഅ്മാനി, സീറതുർ റസൂൽ)

ഭാഷാ പടുക്കൾ , പത്രപ്രവർത്തകർ, വിവർത്തകർ, പ്രസാധകർ തുടങ്ങി വ്യത്യസ്ഥ മേഖലകളിടെ പ്രവർത്തകരായി ഇസ്ലാമിനെ വിരൂപമാക്കാൻ ഓറിയന്റലിസ്റ്റുകൾ ശ്രമിച്ചിട്ടുണ്ട്.

## സിയോണിസം :

സൂര്യനസ്തമിക്കാത്ത രാഷ്ട്രങ്ങളുടെ ഭരണാധികാരം ചൂഷണത്തിലൂടെയും കുതന്ത്രങ്ങൾ വഴിയായും കൈയടക്കിയിരുന്ന ബ്രിട്ടനും പോർട്ടുഗീസും ഫ്രാൻസുമെല്ലാം അവസാനം അതാതു രാഷ്ട്രങ്ങളുടെ സ്വാതന്ത്ര്യ സമരങ്ങൾക്കു മുമ്പിൽ മുട്ട് മടക്കേണ്ടി വന്നു. ഇങ്ങനെ കീഴാള രാഷ്ട്രങ്ങളെ പൂർണ്ണ സ്വാതന്ത്ര്യം നൽകി അനുഗ്രഹിക്കുന്നതോടൊപ്പം തന്നെ ഭാവിയിൽ തങ്ങൾക്ക് അവിടെ കടന്ന് ചെല്ലാൻ സഹായിക്കുന്ന ആഭ്യന്തര സംഘർഷങ്ങൾക്ക് വഴിമരുന്നിട്ടുകൊണ്ടാണ് സ്വാതന്ത്ര്യം നൽകിയത് എന്ന വസ്തുത ചരിത്രം ശ്രദ്ധയോടെ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് കാണാൻ പ്രയാസമില്ല.

450 വർഷത്തെ പാശ്ചാത്യൻ നുകത്തിൻ കീഴിൽ നിന്ന് ഭാരതം സ്വാതന്ത്ര്യമായത് ഹിന്ദു മുസ്ലീം വർഗ്ഗീയതയുടെ പേരുപറഞ്ഞുകൊണ്ടുള്ള വിഭജനത്തിലേക്കായിരുന്നു. ഭാവിയിൽ ഈ വേർതിരിവ് ആളിക്കത്തിക്കാൻ ആവശ്യമായ 'ചരിത്രപാഠങ്ങൾ' വിദഗ്ധമായി എഴുതിപ്പിടിപ്പിക്കുകയും ചെയ്തു. അധികം കഴിയുന്നതിന് മുമ്പ് തന്നെ പാകിസ്ഥാനിൽ നിന്ന് ബംഗ്ലാദേശ് രൂപം കൊണ്ടു. ഇപ്പോൾ കാശ്മീർ പലതായി വിഭജിക്കണമെന്ന വാദം കേട്ട് തുടങ്ങിയിരിക്കുന്നു. ഭാരത ജനതയുടെ മേൽ ഇത്രയും ക്രൂരമായ കടന്നാക്രമണം നടത്തിയ അതേ ബുദ്ധി തന്നെയാണ് ബ്രിട്ടന്റെ നേതൃത്വത്തിൽ വിശാലമായ അറബ് രാഷ്ട്രങ്ങളുടെ മധ്യത്തിൽ സംസ്കാരം കൊണ്ടോ ചരിത്രം കൊണ്ടോ അവരോട് സമരസപ്പെടാൻ തയ്യാറില്ലാത്ത ജൂത ജനതയെകുടിയിരുത്തിയത്.

ജൂത പത്രപ്രവർത്തകനും തീവ്രവാദിയുമായിരുന്ന ആസ്ട്രിയക്കാരനായ തിയഡോർ ഹെർഷൽ 19-ാം നൂറ്റാണ്ടിന്റെ അവസാനത്തിൽ രൂപം

നൽകിയ സിയോണിസം എന്നറിയപ്പെടുന്ന ജൂത മുന്നേറ്റ സിദ്ധാന്തം ഫലസ്തീൻ തങ്ങളുടെ വാഗ്ദത്ത ഭൂമിയാണെന്ന് പറഞ്ഞ് കൊണ്ടാണ് അദ്ദേഹം പ്രവർത്തനം തുടങ്ങിയത്.ലോകം കണ്ട ആധുനിക ശാസ്ത്ര പ്രതിഭകളിൽ മുമ്പനായ ആൽബർട്ട് ഐൻസ്റ്റീൻ ജൂത രാഷ്ട്ര സംസ്ഥാപനത്തിനു വേണ്ടി ശ്രമിക്കാൻ തന്റെ 'Contemporary essays' എന്ന കൃതിയിൽ താൽപര്യപ്പെടുന്നുണ്ട്.ബ്രിട്ടന്റെ കാർമ്മികത്വത്തിൽ ഇസ്രായൽ സ്ഥാപിതമായ ശേഷം അതിന്റെ പ്രസിഡണ്ടാവാൻ ഐൻസ്റ്റീൻ ക്ഷണിക്കപ്പെട്ടെങ്കിലും അദ്ദേഹം അത് നിരസിച്ചു.

കറുത്തതിന്റെയും തീവ്രവാദത്തിന്റെയും അസ്ഥിവാരങ്ങൾക്കുമേൽ പടുത്തുയർത്തപ്പെട്ട സിയോണിസത്തെ സമാധാന പ്രേമികളായ ലോകജനത ഒരിക്കലും പൊറുപ്പിക്കില്ലെന്നും മുസ്‌ലിംകൾ തങ്ങളുടെ ബദ്ധവൈരികളാണെന്നും ജൂത രാഷ്ട്ര നായകൻ നേരത്തെ തന്നെ പ്രഖ്യാപിച്ച് കഴിഞ്ഞിട്ടുണ്ട്. ഇതിനെ നേരിടാൻ പല വിധ തന്ത്രങ്ങളാവിഷ്കരിക്കുകയും ചെയ്തു.

അമേരിക്കയിലും ബ്രിട്ടനിലും വൻകിട വ്യവസായങ്ങൾ നടത്തി സമ്പന്നരുടെ മുൻ നിരയിൽ സ്ഥാനം പിടിക്കുക. ഈ സമ്പത്ത് ഉപയോഗിച്ച് രാഷ്ട്രീയ രംഗത്തെ വൻകിട താരങ്ങളെ തങ്ങളുടെ ചൊൽപ്പടിയിൽ നിർത്തുക മുസ്‌ലിംകളെ ആക്രമികളായും ഭീകരരായും ചിത്രീകരിക്കുക. അത്തരം വാർത്തകൾക്ക് വൻ പ്രചാരം നൽകുക. ഇങ്ങനെ പോകുന്നു അവരുടെ അടവുകൾ. ലോകത്ത് പ്രചാരത്തിലും സ്വാധീനത്തിലും മുൻപന്തിയിൽ നിൽക്കുന്ന ന്യൂയോർക്ക് ടൈംസ് പൂർണ്ണമായും ജൂത നിയന്ത്രണത്തിലുള്ള പത്രമാണ്. വാർത്താ വിനിമയ ഏജൻസിയായ (A.P) അസോസിയേറ്റഡ് പ്രസ്സും ജൂത സ്വാധീനത്തിൽ നിന്ന് മുക്തമല്ല. ഇത്തക്കാരിൽ നിന്നാണ്പലപ്പോഴും മൂന്നാം ലോക രാഷ്ട്രങ്ങൾവാർത്തകൾ ശേഖരിക്കുന്നത്.

ലോകത്തെവിടെയുമുള്ള ജൂതനും ഒരൊറ്റ രാഷ്ട്രത്തിലെ അംഗങ്ങളാണ് എന്ന തത്വം സിയോണിസ്റ്റിന്റെ പ്രോട്ടോകോളിലെ മുഖ്യവാചകമാണ്. ഒരേ ആദർശത്തിലെ അനുയായികളാണ് എന്നതിന് പകരം ഒരേ

രാഷ്ട്രത്തിലെ അംഗങ്ങളാണ് എന്ന് പറയുക വഴി ആധുനിക സമൂഹത്തിൽ വ്യക്തമായ രാഷ്ട്രീയ ആഗോളവൽക്കരണത്തിനു തയ്യാറെടുക്കുകയാണ് ജൂതന്മാർ ചെയ്തത്. നവ നൂറ്റാണ്ടിന്റെ സമീപനമെന്നെല്ലാം പറഞ്ഞ് പുതിയ കുപ്പിയിൽ ഇറക്കുമതി ചെയ്യുന്ന ആഗോളവൽക്കരണവും നവലോക ക്രമവും എല്ലാം ഈ സയണിസ്റ്റ് തിയറിയുടെ വേഷം മാറിയ പകർപ്പുകൾ മാത്രമാണ്. ഇത് പക്ഷേ മൂന്നാം ലോക രാഷ്ട്രങ്ങളോ, ഇസ്‌ലാമിക രാഷ്ട്ര നായകന്മാരോ വേണ്ടത് പോലെ ഇക്കാര്യം തിരിച്ചറിയുന്നില്ല. എന്നത് ഖേദകരം തന്നെയാണ്.

## ലയൺസും റോട്ടറിയും

'Inrotation' ചാക്രികത്വം എന്ന നവാക്കിൽ നിന്നു വന്ന (Rotary) ഇന്ന് അന്താരാഷ്ട്ര തലത്തിൽ വേരുകളുള്ള ഒരു ക്ലബ്ബാണ് സമൂഹ സേവനവും വിനോദങ്ങളും ലക്ഷ്യമാക്കുന്ന നിർദ്ദോശകരമായ ഒരു ക്ലബ്ബ് എന്ന് പ്രത്യക്ഷത്തിൽ തോന്നുമെങ്കിലും അകത്തളത്തിൽ വിനാശകരമായ പലപരിപാടികളും റോട്ടറി ലക്ഷ്യമാക്കുന്നുണ്ട്. സമൂഹത്തിലെ ഉന്നതന്മാർക്ക് അംഗത്വം നൽകപ്പെടുന്ന റോട്ടറി ക്ലബ്ബുകൾ വഴി മതധാർമ്മികതയുടെ സ്വാധീനം തകർക്കുകയാണ് ഇതിന്റെ സ്ഥാപകനായ അഡ്വ പോൾ ഹാരിസ് ലക്ഷ്യമിട്ടത്. മാസോണിസവുമായി വളരെയധികം ബന്ധമുള്ള റോട്ടറിയുടെ മെമ്പർമാരിൽ പകുതിപേരെങ്കിലും എപ്പോഴും മാസോണിസ്റ്റുകളായിരുന്നു എന്ന് നിരീക്ഷകന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്. (Rotary & Its Brothers Charles F Marden) അമേരിക്കയിലെ ചിക്കാഗോയിൽ 1905 ൽ ഉടലെടുത്ത റോട്ടറി വഴി ജൂതന്മാർക്ക് വളരാൻ സമൂഹങ്ങളിലുള്ള ഉന്നതരുമായി ബന്ധം സ്ഥാപിക്കാനും ജനാധിപത്യത്തിൽ വിശ്വസിക്കുന്ന ലോക ജനതയ്ക്ക് അക്രമത്തിലൂടെ രാജ്യം സ്ഥാപിച്ചെടുക്കുന്ന ഇസ്രാഈലിനോടുള്ളഅസ്പൃശ്യതയും സൗഹൃദ രാഹിത്യവും ഒരളവോളം കുറക്കാനും കഴിഞ്ഞിട്ടുണ്ട്. ഇന്നിപ്പോൾ കൊച്ചു കേരളത്തിൽ വരെ ജനാധിപത്യത്തിലുള്ള ഇസ്രാഈലിലേക്ക് ടൂറിസ്റ്റ് യാത്രകളും സൗഹൃദ സംഘങ്ങളും പോകുന്നത് പതിവായിരിക്കുന്നു.

ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള റോട്ടറികളുടെ സഹകരണ

ത്തോടെ പഠന സെമിനാറുകളും സാധുജനസേവനവും നടത്തുന്നവർ എന്ന പുകമറയിടാനും അകത്തളങ്ങളിൽ രഹസ്യമായി സിയോണിസത്തിന്റെ വലക്കണ്ണികൾ കൂടുതൽ വിശാലമാക്കാനും റോട്ടറി വഹിക്കുന്ന പങ്ക് ഉത്കണ്ഠാജനകമാണ്.

1917 ൽ അമേരിക്കയിലെ ടെക്സാസിൽ സ്ഥാപിതമായ ലയൺസ് ക്ലബ്ബ് ലോക വ്യാപകമായി ഏറ്റവും കൂടുതൽ മെമ്പർമാരുള്ള ക്ലബ്ബുകളിൽ ഒന്നാണ് എന്ന് പറയപ്പെടുന്നു. 15 ലക്ഷത്തോളം മെമ്പർമാരുണ്ടിതിനെന്നാണ് ഏകദേശ കണക്ക്. ചിക്കാഗോയിലെ ഒരു ഇൻഷുറൻസ് പ്രോക്കറായിരുന്ന 'മെൽവിൻ ജോൺസ്' ആണ് ലയൺസിന്റെ ഉപജ്ഞാതാവ്. സാമൂഹ്യ സേവനം പ്രധാന അജണ്ടയായി കൊണ്ട് നടക്കുന്ന ഉന്നതൻമാരുടെ ഒരു ക്ലബ്ബ് എന്ന നിലയ്ക്ക് ഇത് പൊതുജനങ്ങൾക്കിടയിൽ പോലും സ്ഥാനം നേടിക്കഴിഞ്ഞു. ഡോക്ടർമാർ,എഞ്ചിനിയർമാർ ഉയർന്ന സർക്കാർ ഉദ്യോഗസ്ഥന്മാർ, പൗര പ്രമാണിമാർ, ബിസിനസ്സ് രംഗത്തെ പ്രമുഖർ എല്ലാം ഇതിൽ അംഗങ്ങളാണ്. വിവിധ വിഷയങ്ങളിലെ വിദഗ്ധന്മാരുടെ ഒത്തുചേരലിലൂടെ അതാതുരംഗത്തെ പുതിയ സംഭവ വികാസങ്ങൾ അറിയാനും രഹസ്യപദ്ധതികൾ തയ്യാറാക്കാനും അവർക്ക് അവസരം ലഭിക്കുന്നു. പുരുഷന്മാർക്കും, സ്ത്രീകൾക്കും പ്രത്യേകം പുരുഷ ക്ലബ്ബുകളും വനിതാ ക്ലബ്ബുകളും ഉണ്ടായതിനാൽ കുടുംബത്തെ ഒന്നാകെ ഇതിലേക്കാകർഷിക്കാൻ കഴിയുന്നു.ബാഹ്യമായ സേവന മനസ്ഥിതിയുള്ള സംഘമെന്ന മറക്കുപിന്നിൽ അമേരിക്കയുടേയും ഇസ്രേയലിന്റേയും അഭിപ്രായങ്ങൾക്ക് സമൂഹത്തിന്റെ ഉന്നതതട്ടിലുള്ളവരെ മാനസ്സികമായി അടുപ്പിക്കുക എന്ന രഹസ്യ അജണ്ടയിലാണ് ലയൺസിന്റെ പ്രധാന പരിപാടി. ലോക രാഷ്ട്രങ്ങൾ ഇസ്രാഈലിനെ അകറ്റി നിർത്തിയിരുന്നപ്പോൾ ഇസ്രാഈൽ, ഈജിപ്ത് സംഭാഷണങ്ങൾ സംഘടിപ്പിക്കാൻ ഇവർ മുന്നോട്ട് വരികയുണ്ടായി.

പഞ്ചനക്ഷത്ര ഹോട്ടലുകളിൽ സ്ഥിരം ഓഫീസുകൾ തുറക്കുകയാണ് അവരുടെ ശൈലി. ഉന്നതരെ ആകർഷിക്കാൻ വേണ്ടിയാണിത്.

കഥയൊന്നുമറിയാതെ നമ്മുടെ പല യുവാക്കളും ഇവരുടെ പ്രവർത്ത

നങ്ങളിൽ സഹായകമായി ദീനിൽ നിന്നകന്ന് പോകുന്നു. ഇക്കാര്യത്തിൽ അവബോധം സൃഷ്ടിക്കേണ്ടത് പ്രബോധന പ്രവർത്തകരുടെ ബാധ്യതയാണ്.

മൂന്നരക്കോടി ജനങ്ങളുള്ള കേരളത്തിൽ ഒരു കോടിയിലധികം വായനക്കാരെ നേടാൻ ഒരൊറ്റ പത്രത്തിന് കഴിഞ്ഞു എന്നത് സമീപകാല വാർത്തയാണ്. ഏതാണ്ട് 7 ലക്ഷത്തോളം വായനക്കാരുമായി രണ്ടാം സ്ഥാനത്ത് മറ്റൊരു പത്രവും നിലയുറപ്പിച്ചിട്ടുണ്ട്.

സാക്ഷരതയിലും പൊതുജനാരോഗ്യത്തിലും ലോകത്തിന്റെ ശ്രദ്ധാകേന്ദ്രമായിക്കഴിഞ്ഞ കേരള ജനതയുടെ മുന്നിൽ രണ്ട് ഭാഗത്തെയും സ്വാധീനിക്കാൻ രണ്ട് മുൻനിര പത്രങ്ങൾക്ക് വേണമെങ്കിൽ സാധിക്കുമെന്നാണ് റീഡർഷിപ്പ് സർവ്വേയുടെ ഈ കണ്ടെത്തൽ കാണിക്കുന്നത്.

ടെലിവിഷൻ, ഇന്റർനെറ്റ് തുടങ്ങിയ ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളുടെ പ്രചാരണം കാരണമായിക്കഴിഞ്ഞ ശതകത്തിലെ അവസാനത്തോടെ പത്രങ്ങളുടെ സ്വാധീനം ആപേക്ഷികമായി അൽപം കുറഞ്ഞിട്ടുണ്ടെങ്കിലും ഇന്ന് അവ നിർണായകമായൊരു ശക്തി തന്നെയാണ്.

സ്ത്രീക്ക് സുരക്ഷിതത്വവും മാന്യതയും ആത്മവിശ്വാസവും പകരുന്ന വസ്ത്രധാരണ രീതിയായ പർദ്ദാ സംവിധാനത്തെപ്പറ്റി ചില ആനുകാലികങ്ങൾ കൂടെക്കൂടെ ഉത്കണ്ഠപ്പെടുന്നത് കാണാം.

മതേതര ഭാരതത്തിലെ ഭരണ ഘടന വാഗ്ദാനം ചെയ്യുന്ന മതസ്വാതന്ത്ര്യത്തിന്റെ ഭാഗമായ വ്യക്തി നിയമങ്ങൾ നിഷേധിക്കാനും പകരം ഏക സിവിൽകോഡ് നടപ്പാക്കാനും വരെ ചിലർ തുടർച്ചയായി പേന ചലിച്ചു കൊണ്ടിരിക്കുന്നു.

സ്ഥിതി വിവരണങ്ങളുടെ വെളിച്ചത്തിൽ ഒന്നിലധികം ഭാര്യമാരെ നിലനിർത്തിപ്പോരുന്ന മുസ്ലിംകളേക്കാൾ ഇതരരുടെ എണ്ണം വളരെ കൂടുതലാണ് എന്ന് വ്യക്തമാക്കിയിട്ടും ഒന്നിൽ കൂടുതൽ കല്യാണം കഴിക്കുന്നതിനുള്ള ശരീഅത്ത് നിയമങ്ങളുടെ സാധുത ചിലർക്ക് ഇപ്പോഴും അസഹനീയമാണ്.

വക്രമനസ്സുള്ള ചില പത്രാധിപർക്ക് ഏതു വിധത്തിലുള്ള വാർത്തയും സൃഷ്ടിക്കാവുന്നതാണ്. അവരാണ് വാർത്തകളിലൂടെ ഇസ്ലാമിനെ വികൃതമാക്കുന്നത്.

2001 സെപ്തംബർ 11 ന് ശേഷം ഭീകരതയെ തടയാനെന്ന പേരിൽ അമേരിക്ക ഇതുവരെ കടന്നു ചെല്ലാത്ത പല ഭാഗങ്ങളിലും എത്തി. പക്ഷെ യഥാർത്ഥ ഭീകരത തിരിച്ചറിയുകയോ വേൾഡ് ട്രേഡ് സെന്റർ തകർത്തതിന്റെ പ്രതിയെ കണ്ടുപിടിക്കുകയോ ചെയ്തില്ല. അന്നേ ദിവസം അവിടെ ഏത്രയോളമുള്ള തൊഴിലാളികൾ ഹാജരാവാതിരുന്നതിലെ ദുരൂഹത നിലനിൽക്കെ അതിനെക്കുറിച്ച് അമേരിക്കയുടെ ഭാഗത്ത് നിന്ന് അന്വേഷണവും ഉണ്ടായിട്ടില്ല.

മൂന്നാം ലോക രാജ്യത്തിന്റെ തലവൻ സദ്ദാം ഹുസൈനെ നിഷ്കാസിതനാക്കിയാലേ ലോകത്ത് സമാധാനമുണ്ടാകൂ എന്ന് ജനങ്ങളെ വിശ്വസിപ്പിക്കാൻ അമേരിക്ക ശ്രമം നടത്തിക്കൊണ്ടിരിക്കുന്നത് എന്തിന്റെ പേരിലാണ് ?

ദൃശ്യ-ശ്രാവ്യ മാധ്യമങ്ങൾ കുട്ടികളേയും കുടുംബിനികളേയും വളരെ സ്വാധീനിച്ചിട്ടുണ്ട്.അനുബോറൻ ഉൽപ്പന്നങ്ങൾ പോലും ഇന്റർനെറ്റ് പരസ്യങ്ങളിലൂടെ ചിലവഴിക്കപ്പെടുന്നു.

ലോകത്തെ മുൻനിരക്കാരായ വികസിത രാഷ്ട്രങ്ങളുടെ ഇടയിൽ മുസ്‌ലിം രാഷ്ട്രങ്ങളെ കാണാൻ പ്രയാസമാണ്. എന്നാൽ ഒരു സഹസ്രാബ്ദം മുമ്പ് അന്നത്തെ ഏറ്റവും വികസിത രാഷ്ട്രങ്ങൾ മുസ്‌ലിം രാജ്യങ്ങളായിരുന്നു. മത -ഭൗതിക വിദ്യാഭ്യാസ സമന്വയത്തിലൂടെയും നിലക്കാത്ത ഗവേഷണ നിരയിലൂടെയും മുസ്‌ലിം പണ്ഡിതന്മാർ ആർജ്ജിച്ചെടുത്ത ആമേൽക്കോയ്മ പിന്നീട് നാം കളഞ്ഞ് കുളിക്കുകയാണുണ്ടായത്.

പാശ്ചാത്യ ലോകത്തുണ്ടായ രാഷ്ട്രീയ നവോത്ഥാനവും ശാസ്ത്രീയ കണ്ടു പിടുത്തവും സാങ്കേതിക വിദ്യയുടെ വളർച്ചയും എല്ലാം കൂടി ചേർന്നപ്പോൾ ഇന്ന് ലോകത്തെ നിയന്ത്രിക്കാനും സ്വാധീനിക്കാനും വേണമെങ്കിൽ കീഴ്പ്പെടുത്താനും വിരലിലെണ്ണാവുന്ന കുത്തക രാഷ്ട്ര

ങ്ങൾ വിചാരിച്ചാൽ സാധിക്കും.

'ഇഷ്ടമല്ലാത്ത അച്ചി തൊട്ടതെല്ലാം കുറ്റം'. എന്ന രീതിയിൽ ഈ കുത്തക രാഷ്ട്രങ്ങൾക്ക് രസിക്കാത്തതൊക്കെയും സംസ്കാര വിരുദ്ധമായി പ്രഖ്യാപിക്കപ്പെടുന്നു.

അറബികൾ 'അർദ്ധ മനുഷ്യരാണ്'. എന്ന് വിളിച്ചുകൂവാൻ അവർക്ക് മടിയില്ല. ഇവർ സ്വതാത്പര്യ സംരക്ഷണത്തിന് വേണ്ടി സൃഷ്ടിച്ചുവിടുന്ന വംശീയ യുദ്ധങ്ങളിൽ ആയിരങ്ങൾ മരിച്ച് വീഴുമ്പോൾ വളർത്തു മൃഗങ്ങളുടെ ആരോഗ്യം മെച്ചപ്പെടുന്നതിനെ കുറിച്ചുള്ള സെമിനാറുകൾ നടത്തുന്നതിനുള്ള തിരക്കിലാണവർ.

ഇരുപത്തിയൊന്നാം നൂറ്റാണ്ടിന്റെ ചരിത്രം 2001 സെപ്തംബർ 11ന് മുമ്പും ശേഷവും എന്നിങ്ങനെ രണ്ടായി വിഭജിച്ചേ പഠിക്കാൻ കഴിയൂ എന്ന് അങ്കിൾ സാം ആവർത്തിച്ചു ഉരുവിട്ടുകൊണ്ടിരിക്കുന്നു.

പലസ്തീനിലെ വിവിധ നഗരങ്ങളിൽ ഇസ്രായേൽ കൂട്ട നരഹത്യകൾ നടത്തിയപ്പോഴോ സുഡാനിലെ ഔഷധ നിർമ്മാണ ശാലകളുടെമേൽ മിസൈലുകൾ വീണപ്പോഴോ ഭാരതത്തിൽ വിഷവാതകം ചോർന്ന് ആയിരങ്ങൾ മരിച്ച് വീണപ്പോഴോ ചരിത്രത്തിൽ ഇതുപോലൊരു വിഭജനം ആവശ്യമാണെന്ന് അമേരിക്ക ലോകത്തോട് പറഞ്ഞില്ല.

സാങ്കേതിക വിദ്യകളും യുദ്ധക്കോപ്പുകളും ലോക മുതലാളിത്വത്തിന്റെ കരുതൽ ധനവും കൈക്കുമ്പിളിലൊതുക്കിയ അമേരിക്കക്കും പക്ഷേ സമാധാനിക്കാൻ വലിയ വകയൊന്നുമില്ലെന്നാണ് പുതിയ സംഭവ വികാസങ്ങൾ സൂചിപ്പിക്കുന്നത്.

പെരുകി വരുന്ന തൊഴിലില്ലാ പടയും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ എണ്ണത്തിലെ വർദ്ധനവും മുതലാളിത്ത ലോകം നേരിടുന്ന പ്രധാന ഭീഷണികളുടെ സൂചനകളാണ്.

സമ്പത്തിനേക്കാൾ മനുഷ്യ നന്മയ്ക്കും യുദ്ധക്കൊതിയേക്കാൾ സമാധാനത്തിനും മുൻഗണന നൽകുന്ന ഒരു പ്രത്യയശാസ്ത്രത്തിനാണ് ആധുനിക ലോകം കാതോർക്കുന്നത്. ഇവിടെയാണ് ഇസ്ലാമിക

പ്രത്യയ ശാസ്ത്രങ്ങളുടെ പ്രസക്തി.

ആധുനിക കാലത്തിന്റെ ദർപ്പണങ്ങളിൽ നോക്കിക്കാണാവുന്ന വിധം അവ ലോകത്തിന് മുന്നിൽ സമർപ്പിക്കാൻ മുസ്ലിം നായകർ തയ്യാറെടുത്തിട്ടുണ്ടോ എന്നതാണ് കാതലായ പ്രശ്നം.

(മർക്കസുൽ ഉലൂം 2002)

# മുസ്‌ലിം നവോത്ഥാനം: അർത്ഥവും സാക്ഷാത്കാരവും

നവോത്ഥാനം എന്ന ആശയം ഭൗതിക ലോകത്ത് പൂർണ്ണമായി പ്രായോഗികമാക്കപ്പെട്ടത് 14 നൂറ്റാണ്ടുകൾക്ക് മുമ്പ് നടന്ന ഹജ്ജത്തുൽ വദാ ഓടുകൂടെയായിരുന്നു. കിസ്രാ, കൈസർ എന്നീ രണ്ട് മഹാശക്തികൾ ഏകാധിപത്യവാഴ്ച നടത്തുകയും യവന നാഗരികതയ്ക്ക് മങ്ങലേൽക്കുകയും നിരക്ഷരരായ അറബിലോകം ഇരുണ്ടയുഗത്തിൽ മാർഗ്ഗം തിരിയാതെ നട്ടം തിരിയുകയും ചെയ്തിരുന്ന 6 -ാം നൂറ്റാണ്ടിൽ വിജ്ഞാനത്തിന്റെയും, അക്ഷരാഭ്യാസത്തിന്റെയും മുദ്രാവാക്യവുമായി രംഗത്ത് വന്ന വിശുദ്ധഖുർആനും അത് പ്രചരിപ്പിക്കാനും സൽപന്ഥാവ് കാണിച്ച് കൊടുക്കാനുംനിയുക്തനായ അഹുൽബശീറുമാണ് നവോത്ഥാനത്തിന്റെ വ്യക്തരൂപമായി ലോകം ദർശിച്ചത്.

നവോത്ഥാന സന്ദേശം പൂർണ്ണമാക്കികൊണ്ട് ഹജ്ജത്തുൽ വദാഇൽ വിശുദ്ധഖുർആൻ പഠിപ്പിച്ചത് ഇപ്രകാരമായിരുന്നു. "ഈ സുദിനത്തിൽ നിങ്ങളുടെ ദീൻ നാം പൂർണ്ണമാക്കി തന്നിരിക്കുന്നു. എന്റെ അനുഗ്രഹം സമ്പൂർണ്ണമാക്കിത്തരികയും ഇസ്ലാമിനെ നിങ്ങൾക്കായി തൃപ്തിപ്പെട്ട്കനിഞ്ഞേൽപ്പിക്കുകയും ചെയ്തിരിക്കുന്നു". (വി:ഖു.:5.3.) പ്രസ്തുത സന്ദേശം പൂർണ്ണമായി അർപ്പിതമായി സഹാബാക്കളുടെ കരങ്ങളിലായിരുന്നു. അത് കൊണ്ടാണ് സഹാബത്തിനെ അല്ലാഹു അവരെക്കുറിച്ചും അവർ അല്ലാഹുവിലും സംതൃപ്തരാണ്. (9:100) എന്ന് വിശുദ്ധ ഖുർആൻ വിശേഷിപ്പിച്ചത്.

നൂറ്റാണ്ടുകൾ ചെല്ലുന്തോറും പ്രസ്തുത നവോത്ഥാനത്തിന് വേണ്ടി വിശിഷ്ട വ്യക്തികളെ അവൻ നിശ്ചയിക്കുന്നു. അവർക്കുണ്ടാകുന്ന വിശിഷ്ട സ്വഭാവത്തെക്കുറിച്ചും വിശുദ്ധ ഖുർആൻ ഉണർത്തുന്നുണ്ട്. സഹാബത്തിനോട് ഇഹ്സാൻ കൊണ്ട് പിൻപറ്റുന്നവർ എന്ന് വിശുദ്ധ ഖുർആൻ അവരെ വിശേഷിപ്പിക്കുന്നത് കാണാം. ഇഹ്സാൻ എന്ന പദത്തിന് സുപ്രസിദ്ധമായ ജിബ്രീൽ (അ) ന്റെ ഹദീസിൽ റസൂൽ (സ) തന്നെ വ്യാഖ്യാനം പറഞ്ഞത് അല്ലാഹുവിനെ നീ ദർശിക്കുന്നത് പോലെ അവനെ ആരാധിക്കുക എന്നാണ്.

ഉപരിസൂചിത സൂചനകളിൽ നിന്നും ഇസ്‌ലാമിക നവോത്ഥാനം നൂറ്റാണ്ടുകൾ ചെല്ലുന്തോറും പുനർജീവിപ്പിക്കാൻ മഹോന്നതർ നിയുക്തരാവുമെന്നും അവരുടെ പ്രത്യേക സ്വഭാവം ഇഹ്സാൻ കൊണ്ട് സഹാബത്തിനെ പിൻപറ്റുകയാണെന്നും വ്യക്തമാവുന്നു. ഇഹ്സാൻ എന്നത് സാങ്കേതികമായ ഒരു പദമാണെന്നും അതിന്റെ മൂല്യം സഹാബാക്കളിൽ നിന്ന് പരമ്പരാഗതമായി ലഭിച്ച് കൊണ്ടിരിക്കുന്നതാണെന്നും ഗ്രഹിക്കാൻ പ്രയാസമില്ല. 'ഇഹ്സാൻ' കൊണ്ട് അവരോട് പിൻ പറ്റുന്നവർ എന്ന് വിശുദ്ധ ഖുർആൻ പ്രത്യേകം രേഖപ്പെടുത്തിയത് ശ്രദ്ധേയമാണ്. നവോത്ഥാന വാദവുമായി ലോകത്തിന്റെ ചില ഭാഗങ്ങളിൽ വിവിധ ദശകങ്ങളിലായി പൊട്ടിപ്പുറപ്പെടാറുള്ളവരെ മേൽപ്പറഞ്ഞ മാനദണ്ഢം വെച്ച് കൊണ്ട് അളന്ന് നോക്കിയാൽ മാത്രമേ ഇസ്‌ലാമിക നവോത്ഥാനം എന്ന വിശേഷണത്തിന് അവർ അർഹരാണോ എന്ന് മനസ്സിലാക്കാൻ കഴിയുകയുള്ളൂ.

പഞ്ചാബിൽ നവോത്ഥാന പ്രവാചക വാദവുമായി പുറപ്പെട്ട മിർസാ ഗുലാമും, ജമാഅത്തെ ഇസ്‌ലാമി സ്ഥാപകൻ അബുൽ അഅ്ലാമൗദൂദിയും, വടക്കേ ഇന്ത്യയിൽ നിന്നും ശിർക്ക് വാദവുമായി പുറപ്പെട്ട ഇസ്മാഈൽ ദഹ്‌ലവിയും തബ്‌ലീഗ് സ്ഥാപകൻ മുഹമ്മദ് ഇൽയാസും നജ്ദിൽ നിന്നും പുറപ്പെട്ട നവീന തൗഹീദ് വാദി മുഹമ്മദ്ബ്നു അബ്ദുൽ വഹാബുമൊന്നും യഥാർത്ഥ മുജദ്ദിദ് (നവോത്ഥാവ്) അല്ലെന്ന് കാണാം. സാക്ഷാൽ ഇഹ്സാനിന്റെ വിവക്ഷയായ തസവ്വുഫിനെയും അതിന്റെ

വ്യക്തികളെയും അവരെല്ലാം തള്ളിപ്പറയുകയും വിപാടനത്തിനായി ശ്രമിക്കുകയും ചെയ്യുന്നതാണ് നാം ദർശിച്ചത്.

ദീൻ എന്താണെന്ന് പരിചയപ്പെടുത്താൻ സ്വഹാബത്തിന്റെ മുമ്പിൽ ഹ: ജിബ്രീൽ പ്രത്യക്ഷപ്പെടുമ്പോൾ തിരുദൂതരോട് ചോദിച്ച് ഉത്തരം രേഖപ്പെടുത്തിയത് മൂന്ന് കാര്യമാണെന്ന് സർവ്വാംഗീകൃതരും അനിഷേധ്യവുമായ ഹദീസ് തെളിയിക്കുന്നു. 1. വിശ്വാസകാര്യമായ ഈമാൻ 2. കർമ്മകാര്യമായ ഇസ്‌ലാം 3. ഇഹ്സാൻ ഇവ മൂന്നും യഥാവിധി ഉൾക്കൊള്ളാത്ത നവോത്ഥാനം ഇസ്‌ലാമിക നവോത്ഥാനമായി കണക്കിലെടുക്കാൻ കഴിയില്ലെന്നതു കൊണ്ടാണ് നാം അപ്രകാരം സമർത്ഥിക്കുന്നത്.

*വിശ്വാസപരമായ കാര്യത്തിൽ വിട്ടുവീഴ്ചയ്ക്ക് നിവൃത്തിയില്ല.* അത് എല്ലാ പ്രവാചകന്മാരും പ്രചരിപ്പിച്ച മാർഗ്ഗമാണ്. റസൂൽ (സ) യിൽ നിന്ന് അത് മഹാന്മാരായ സ്വഹാബികൾ പഠിക്കുകയും സമുദായത്തിന് പകർത്തിക്കൊടുക്കുകയും ചെയ്തതാണ്. വ്യതിയാനത്തിന് ശ്രമിച്ചപ്പോൾ പ്രഥമ മൂന്ന നൂറ്റാണ്ടുകൾക്കിടയിൽ തന്നെ അവ രേഖപ്പെടുത്തിയതായി കാണാം. പരമ്പരാഗതമായ പ്രസ്തുത വിശ്വാസത്തിൽ വ്യതിയാനം വരുത്താൻ ചില പാർട്ടികൾ മുതിർന്നപ്പോൾ ഇമാം അബുൽ ഹസൻ അശ്അരിയും അബൂമൻസൂറുൽ മാതുരീദിയും സത്യം രേഖപ്പെടുത്തി. യഥാർത്ഥ വിശ്വാസം ഉറപ്പിക്കുകയുണ്ടായി. അതിന് നമുക്ക് നവോത്ഥാനം എന്ന് വിലയിരുത്താം. റസൂൽ (സ) അന്ത്യപ്രവാചകനാണെന്ന് അലംഘ്യമായ തെളിവ് കൊണ്ട് രേഖപ്പെട്ടതാണ്. അതിനെതിരായി പ്രവാചക വാദം ഉന്നയിച്ച മിർസയെപ്പോലുള്ളവരെ ആരെങ്കിലും നവോത്ഥാന നായകനായി ചിത്രീകരിക്കുന്നുവെങ്കിൽ അത് ഇസ്‌ലാമിക നവോത്ഥാനമായി അംഗീകരിക്കുന്നത് ഇരുട്ടിനെ വെളിച്ചമായി അംഗീകരിക്കുന്നതിന് തുല്യമാണ്.

നബിമാർ പാപ സുരക്ഷിതരാണെന്ന് ഉപരിസൂചിതരേഖകൾ ഖുർആനിന്റെയും സുന്നത്തിന്റെയും അടിസ്ഥാനത്തിൽ ദൃഢീകരിക്കുന്നു. എന്നാൽ പ്രവാചകന്മാർ പാപ സുരക്ഷിതരല്ലെന്ന് വാദിച്ച് വരുന്ന സലഫി

വിഭാഗത്തിന്റെയും ജമാഅത്തെ ഇസ്‌ലാമിയുടെയും നേതാക്കളെ നവോത്ഥാന നായകരായി അംഗീകരിക്കാൻ ഒരിക്കലും നിർവ്വാഹമില്ല . അതേ ചുവടൊപ്പിച്ച് നീങ്ങിയ ഇസ്മാഈൽ ദഹ്‌ലവിയും അദ്ദേഹത്തിന്റെ വിശ്വാസ പ്രചരണാർത്ഥം രൂപം കൊണ്ട തബ്‌ലീഗ് പ്രസ്ഥാന നായകനായ മുഹമ്മദ് ഇൽയാസും തഥൈവ. ആകയാൽ പ്രസ്തുത വിഭാഗങ്ങളെല്ലാം മത നവോത്ഥാനത്തിന് പകരം മതനശീകരണ ത്തിന് മാത്രമാണ് വഴിവെക്കുന്നതെന്ന് അനുസ്മരിക്കാതെ തരമില്ല.

ഇനി നവോത്ഥാന നായകരെ കുറിച്ച് റസൂൽ (സ) പഠിപ്പിച്ച ഒരു ഹദീസ് നമുക്ക് അനുസ്മരിക്കാം. അബൂദാവൂദ്, ഹാകിം, ബൈഹഖി എന്നിവർ റിപ്പോർട്ട് ചെയ്യുകയും ഹാഫിസ്, ഇബ്നുഹജർ, സുയൂഥി മുതലായവർ സ്വഹീഹാണെന്ന് ഉറപ്പിച്ച് പറയുകയും ചെയ്ത ഒരു ഹദീസ് ഇപ്രകാരം കാണാം. ഈ സമുദായത്തിൽ അല്ലാഹു (ത) എല്ലാ നൂറ്റാണ്ടുകളുടേയും അന്ത്യത്തിൽ അവരുടെ ദീനിന്റെ നവോത്ഥാന നായകരെ നിയോഗിച്ച് കൊണ്ടിരിക്കുന്നതാണ് .അഹ്മദ് ഇമാമിന്റെ റിപ്പോർട്ടിൽ "അവർക്ക് ദീൻ പഠിപ്പിക്കുന്നു" എന്ന പദം കാണാം. പ്രസ്തുത നവോത്ഥാന നായകൻ ഒന്നിലധികമുണ്ടാവാമെന്ന് ഹാഫിള് ഇബ്നു ഹജറിൽ നിന്ന് ഉദ്ധരിക്കപ്പെടുന്നു. പ്രസ്തുത മുജദ്ദിദുകളെക്കുറിച്ച് വ്യത്യസ്ഥാഭിപ്രായം മഹാന്മാർ രേഖപ്പെടുത്തിയത് കാണാം.

ഇമാം സുയൂഥി പ്രസിദ്ധമായ കവിതയിൽ ഇപ്രകാരം രേഖപ്പെടുത്തുന്നു. ഒന്നാം നൂറ്റാണ്ടിൽ ഖലീഫ ഉമറുബ്നു അബ്ദുൽ അസീസും രണ്ടാം നൂറ്റാണ്ടിൽ ഇമാം ശാഫിയും മൂന്നാം നൂറ്റാണ്ടിൽ ഇബ്നുസുറൈജ്, ഇമാം അശ്അരി എന്നിവരെയും നാലാം നൂറ്റാണ്ടിൽ ഇമാം ബാഖലാനി, ഇസ്ഫറാ ഈനി, സഹ്‌ലുബ്നു അബ്ദില്ലാഹ് എന്നിവരെയും അഞ്ചാം നൂറ്റാണ്ടിൽ ഇമാം ഗസ്സാലിയെയും ആറാം നൂറ്റാണ്ടിൽ ഇമാം ഫഖ്റുദ്ദീൻ റാസി, ഇമാം റാഫിഈ എന്നിവരെയും ഏഴാം നൂറ്റാണ്ടിൽ ഇബ്നുദഖീഖിൽ ഈദിനെയും എട്ടാം നൂറ്റാണ്ടിൽ ഇമാം ബുൽ ഖൈനി ഹാഫിള്സൈനുദ്ദീൻ എന്നിവരെയും എണ്ണിയിട്ടുണ്ട്. എന്നാൽ ഒന്നാം നൂറ്റാണ്ടിൽ ഇബ്നുശ്ശിഹാബു സുഹ്‌രി, ഖാളിഇബ്നു മുഹമ്മദ്, സാലിമുബ്നു അബ്ദുല്ലാഹി, ഹസൻ ബസരി, മുഹമ്മദ്ബ്നു സിരീൻ, മുഹ

മദുൽ ബാഖിർ എന്നിവരെയും രണ്ടാം നൂറ്റാണ്ടിൽ യഹ്‌യബ്നുമുഈൻ മൂന്നാം നൂറ്റാണ്ടിൽ ഇമാം നസാഈ നാലാം നൂറ്റാണ്ടിൽ ഹാകിം, ഹാഫിള് അബ്ദുൽഗനി എന്നിവരെയും പത്താം നൂറ്റാണ്ടിൽ ശംസുദ്ദീൻ റംലിയും പതിനൊന്നാം നൂറ്റാണ്ടിൽ ഇബ്രാഹിം ഇബ്നു ഹസൻ കുർദിയെയും പന്ത്രണ്ടാം നൂറ്റാണ്ടിൽ ശൈഖ് സ്വാലിഹ് ഇബ്നുമുഹമ്മദ് , സയ്യിദ് മുർതാളസ്സുബൈദിയെയും പതിമൂന്നാം നൂറ്റാണ്ടിൽ സയ്യിദ് നദീർ ഹുസൈൻ, സയ്യിദ് ഹുസൈൻ ഇബ്നുമുഹമ്മദിൽ അൻസാരി, സിദ്ദീഖ് ഹസൻഖാൻ എന്നിവരെയും എണ്ണിയവരുണ്ട്.

എന്നാൽ കേരളത്തെക്കുറിച്ച് ചരിത്രം വിലയിരുത്തുമ്പോൾ മഹാനായ സൈനുദ്ദീൻ അൽമഅ്ബരിയെ പ്രസ്തുത നവോത്ഥാന നായകരിൽ എണ്ണാതെ നിർവ്വാഹമില്ല. ആ മഖ്ദൂം ശൃംഖലയാണ് ഇതര പ്രദേശങ്ങളെ അപേക്ഷിച്ച് ഉപരിസൂചിത മൂന്ന് വിഭാഗം വിജ്ഞാനവും ഒന്നിച്ച് നിലനിർത്താനുള്ള കരിക്കുലക്ക് രൂപം നൽകി ഗ്രന്ഥങ്ങൾ രചിച്ചു പൊന്നാനി വലിയ ജുമുഅത്ത് പള്ളിയെ ദീനി കലാലയകേന്ദ്രമാക്കി കേരളത്തിന് മാതൃകാ നവോത്ഥാനം നൽകിയതെന്ന് കാണാം. സ്വതന്ത്രമായി മതകാര്യം കയ്യാളാനായി വിദേശാധിപത്യത്തിൽ നിന്ന് മോചനം നൽകാൻ വരെ പ്രസ്തുത കേന്ദ്രം നേതൃത്വം നൽകിയതായി ചരിത്രം രേഖപ്പെടുത്തുന്നത് കാണാം. കാലം കുറേക്കൂടി മുന്നോട്ട് ചെല്ലുകയും പൊന്നാനിയുടെ നേതൃത്വത്തിന് മങ്ങലേൽക്കുകയും നവീന വാദികളും പുത്തൻ വാദങ്ങളും പൊട്ടിപ്പുറപ്പെടുകയും ചെയ്തപ്പോൾ കോഴിക്കോട്ട് വരക്കൽ (പുതിയങ്ങാടി) നിന്ന് ഒരു നവോത്ഥാന വെളിച്ചം പ്രത്യക്ഷപ്പെടുകയായിരുന്നു. വരക്കൽ സയ്യിദ് അബ്ദുറഹ്മാൻ ബാ അലവി മുല്ലക്കോയ തങ്ങൾ എന്ന ആ മഹാന്റെ നവോത്ഥാന ശ്രമങ്ങൾക്ക് സംഘടനാ രൂപം നൽകിയതാണ്. സമസ്തകേരള ജംഇയ്യത്തുൽ ഉലമ.

വക്കം മൗലവിയെപ്പോലുള്ളവരെ പോലെയും മുജാഹിദ് ജമാഅത്തെ ഇസ്‌ലാമി പ്രവർത്തനങ്ങളെയും നവോത്ഥാന ശ്രമത്തിൽ കാണുന്നവർ അവരുടെ മഞ്ഞ കണ്ണട കൊണ്ട് കാര്യങ്ങൾ ദർശിക്കുകയാണ്. മുല്ലക്കോയ തങ്ങളുടെ നവോത്ഥാന ശ്രമം വ്യാജ ത്വരീഖത്തുകാരിൽ നിന്നും വിശ്വാസത്തിൽ കളങ്കം ചാർത്തുന്നവരിൽ നിന്നും നാല് മദ്ഹബുകൾക്കു

ണെതിരായ നവീന കണ്ടുപിടുത്തങ്ങൾ നടത്തുന്നവരിൽ നിന്നും ദീനിനെ രക്ഷിക്കാൻ വേണ്ടിയുള്ളതായിരുന്നു. ആ മഹാന്റെ അനുയായികൾ ആ കാൽപ്പാടിലൂടെ സമസ്തയെ സുദൃഢമാക്കുകയും വികസിപ്പിക്കുകയും ചെയ്ത് കൊണ്ട് മുക്കാൽ നൂറ്റാണ്ടുകളായി കേരളത്തിലും തുടർന്ന് ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലും ഇന്ന് മിക്കവാറും ഭൂതലത്തിന്റെ മുക്ക് മൂലകളിലുമെല്ലാം പ്രചരിച്ചു വരികയാണ്.

വിശ്വാസം,, കർമ്മം, തരീഖത്ത് (തസവ്വുഫ്) ഇവ മൂന്നും യഥാവിധി കൈവരിക്കുകയായിരുന്നു ആ നവോത്ഥാനത്തിന്റെ മൂല്യം. ആ മഹാന്റെ നവോത്ഥാന ശ്രമങ്ങളുടെ തുടർച്ചയെന്നോണം പ്രസ്തുത മൂല്യങ്ങൾ വിദ്യാർത്ഥികളിൽ പ്രായോഗികമാക്കികൊണ്ട് സംഘടനാ ലോകത്ത് മാതൃക സൃഷ്ടിക്കുകയാണ് . പ്രസ്തുത ആശയത്തിൽ ബഹുജനങ്ങളെ സംഘടിപ്പിച്ച് ഉത്തേജനം നൽകാനുള്ള ശ്രമവും വികസിച്ച് വരുന്നു. വിദ്യാഭ്യാസ ബോർഡ് വഴിയും സുന്നി യുവജന സംഘം എന്ന സംഘടന വഴിയും സാക്ഷാൽക്കരിച്ച്കൊണ്ടിരിക്കുന്നു. ഇന്ത്യയിലെ ഇതര സ്റ്റേറ്റുകളെയും മറ്റ് രാഷ്ട്രങ്ങളെയും തുലനം ചെയ്യുമ്പോൾ പ്രസ്തുത പ്രവർത്തനങ്ങൾ കൊണ്ടുണ്ടായ നവോത്ഥാനം ശത്രു തൂലികകൾ കൂടി സമ്മതിച്ച വസ്തുതയാണ്.

സ്വയം സമ്പൂർണ്ണമായ ഒരു സമുദായത്തിനും സമൂഹത്തിനും മാത്രമേ നിലനിൽപ്പുള്ളൂവെന്ന് കണ്ടറിഞ്ഞ പ്രഥമ നൂറ്റാണ്ടിലെ പണ്ഡിതരും നേതാക്കളും മതവിജ്ഞാനത്തിലുള്ള ഗവേഷണത്തിൽ ബദ്ധശ്രദ്ധരാവുകയും വിശ്വാസ ദാർഢ്യത്തിനായി അതീവ ശ്രമങ്ങൾ നടത്തുകയും ചെയ്തിരുന്നു. ആത്മീയ ചൈതന്യത്തിന്റെ ഉത്തമമാതൃകകളായതോടൊപ്പം അവർ എല്ലാ ശാസ്ത്രീയ മേഖലകളിലും വിരാജിക്കുകയും ചെയ്തു.ഗ്രീക്ക് തത്വജ്ഞന്മാരിൽ നിന്ന് അവ നമ്മുടെ മുൻഗാമികൾ പകർത്തി വിപുലീകരിക്കുകയും വിശദീകരിക്കുകയും ചെയ്തിരുന്നില്ലെങ്കിൽ ആധുനിക ശാസ്ത്രജ്ഞന് ആ മേഖല ഇരുളടഞ്ഞതായിരുന്നേനെ. ചുരുക്കത്തിൽ ആദ്യ നൂറ്റാണ്ടുകാരെ ജേതാക്കളും മാതൃകാ യോഗ്യരുമാക്കിയത് അവരുടെ മത ഭൗതിക വിജ്ഞാന തൃഷ്ണയും ആത്മീയ ചൈതന്യത്തോടു കൂടിയുള്ള ഭൗതിക പുരോഗതിയുമായിരുന്നുവെന്ന്

ചരിത്രം പഠിപ്പിക്കുന്നു. തൊഴിലധിഷ്ഠിത മതഭൗതിക വിജ്ഞാനമാണ് അതിന്റെ നിദാനം. ഈ സമുദായത്തിന്റെ ആദ്യം എന്ത് കൊണ്ട് നന്നായോ അത് കൊണ്ടല്ലാതെ ഇതിന്റെ അന്ത്യം നന്നാവുകയില്ല എന്ന റസൂൽ (സ) യുടെ ദീർഘ ദർശനം എത്ര അർത്ഥഗർഭമാണ്.

പ്രസ്തുത ചിന്താഗതിയിലേക്കാണ് മുല്ലക്കോയ തങ്ങളും അനുയായികളും ശ്രദ്ധ തിരിച്ച് വിട്ടത്, മത ഭൗതിക വിജ്ഞാനത്തിന്റെ സമന്വയം എന്ന സിദ്ധാന്തത്തിൽ സ്ഥാപനങ്ങളും കോംപ്ലക്സുകളും ഉയർന്ന് വന്നത് പ്രസ്തുത ആശയത്തിലത്രെ. 1971 മുതൽ കാസർഗോഡ് രൂപം നൽകിയ ജാമിഅഃ സഅദിയ്യയും 1978 മുതൽ കോഴിക്കോട്ട് പ്രവർത്തിക്കുന്ന മർകസുസ്സഖാഫത്തി സുന്നിയ്യയും പ്രസ്തുത ദൗത്യത്തിൽ മാതൃകകളായി സമുദായത്തിന്റെ നവോത്ഥാന പ്രക്രിയയിൽ പങ്ക് ചേരുകയാണ്.

1989 ൽ എറണാകുളത്ത് വെച്ച് നടന്ന ചരിത്ര പ്രസിദ്ധമായ എസ്. വൈ.എസ്. സംസ്ഥാന സമ്മേളനത്തോടുകൂടി കേരളത്തിന്റെ മുക്ക് മൂലകളിലും കർണ്ണാടകത്തിന്റെ വിവിധ ഭാഗങ്ങളിലും അവ പടർന്ന് പിടിച്ച് കൊണ്ട് സേവനനിരതമായി കഴിയുകയാണ്. അഖിലേന്ത്യാ തലത്തിൽ അതിന് വ്യാപിച്ചുവരികയാണ്. ചരിത്രത്തിന് നേരെ കണ്ണടച്ച് കൊണ്ട് നവോത്ഥാന പ്രക്രിയയുടെ കുത്തക അവകാശപ്പെടുന്നവരെ കുളത്തിലെ തവളകളോട് മാത്രമേ ഉപമിക്കാൻ കഴിയൂ എന്ന് പറഞ്ഞ് നിറുത്തട്ടെ. ഭാവി പുരോഗതിക്ക് വേണ്ടുന്ന എല്ലാ മാർഗ്ഗ നിർദ്ദേശങ്ങളും നൽകി നയിക്കാൻ മുല്ലക്കോയ തങ്ങളുടെ സാക്ഷാൽ അനുയായികളായ സമസ്തയുടെ പ്രവർത്തകർക്ക്, അദ്ദേഹത്തിന്റെ പ്രതിനിധി ആയ താജുൽ ഉലമായുടെ നേതൃത്വത്തിൽ റബ്ബ് കരുത്ത് നൽകട്ടെയെന്ന് നമുക്ക് പ്രാർത്ഥിക്കാം.

(മർക്കസുൽ ഉലൂം-2000)

# മുസ്ലിംകളും ആധുനിക ചിന്താഗതിയും

ഇസ്‌ലാം സാർവ്വജനീനവും സാർവ്വകാലികവുമായ ഒരു മതമാണ്. അത്കൊണ്ട്തന്നെ ലോകാവസാനംവരെ വരാനിരിക്കുന്ന മുഴുവൻ കാര്യങ്ങളെയും അതിൽ പ്രതിപാദിക്കുകയും അതിന്റെ നിർദ്ദേശങ്ങൾ ഉൾക്കൊള്ളുകയും ചെയ്യുന്നു. മനുഷ്യ മസ്തിഷ്കത്തിൽ നിന്ന ഉടലെടുത്തതല്ല അത്. അതിന്റെ തത്വം ലോക സൃഷ്ടാവും രക്ഷിതാവുമായ അല്ലാഹുവിൽ നിന്നുള്ളതാണ്. അല്ലാഹുവിൽനിന്ന് നിയോഗിതരായ തിരുദൂതർ അതിനെ വിശദീകരിച്ചു. പ്രസ്തുത രണ്ടു തത്വങ്ങൾക്കാണ് ഖുർആനും സുന്നത്തും എന്നു പറഞ്ഞു വരുന്നത്. അവ രണ്ടിന്റെ വൃത്തത്തിൽ നിന്ന് പുറത്തല്ലാത്ത വിധത്തിൽ സഹാബത്തിന്റെയും താബിഉകളുടെയും കാലഘട്ടത്തിലുണ്ടായ ഇജ്മാഉം പ്രാപ്തരായ മുജ്തഹിദുകളാൽ തുലനംചെയ്ത റിക്കാർഡാക്കിയ ഖിയാസുംകൂടിയാകുമ്പോൾ ഇസ്‌ലാമിന്റെ സമ്പൂർണ്ണ ഭരണഘടന പൂർണ്ണമായി.

ഈ നാലിലൊതുങ്ങാത്ത ഒരു നിയമം ഇസ്‌ലാമിന്റേതായി അംഗീകരിക്കാവതല്ല. അവ നാലും സുസ്ഥിരമാണെന്നതിന് വ്യക്തമായ തെളിവുകളുമുണ്ട്. അവയിലേക്ക് ചലിക്കാൻ ഈ കൊച്ചു ലേഖനത്തിന്റെ പരിമിതി അനുവദിക്കുന്നില്ല. പ്രസ്തുത നാലിനങ്ങളിലൊതുങ്ങാത്ത ഒരു നടപടിയും മുസൽമാന് അംഗീകരിക്കാൻ നിർവ്വാഹമില്ല. ഈ യാഥാർത്ഥ്യം പൊതുവേ മുസ്ലിംകൾ പതൊമ്പതാം നൂറ്റാണ്ടിന്റെ അന്ത്യംവരെ അംഗീകരിച്ചു വന്നതാണ്. ആയിരത്തിതൊള്ളായിരത്തി ഇരുപതിയൊ

ന്നുവരെ കേരള മുസ്‌ലികളും അനിഷേധ്യമായി അതനുസരിച്ചുവന്നു. ഫ്രഞ്ചു വിപ്ലവാനന്തരം ലോക ജനതയിൽ ഉൽഭൂതമായ വിപ്ലവ മനഃസ്ഥിതി ഒരളവോളം മുസ്‌ലിംകളെയും ആകർഷിച്ചുവെന്നത് ഒരു പരമാർത്ഥമാണ്. പിന്നീടു ലോകരാഷ്ട്രങ്ങളിൽ പലതിലും നടന്നുകൊണ്ടിരിക്കുന്നതും ഇപ്പോഴും നടന്നുകൊണ്ടിരിക്കുന്നതുമായ രാഷ്ട്രീയ ചലനങ്ങളും സാഹചര്യങ്ങളും സ്വാതന്ത്ര്യ പ്രസ്ഥാനക്കാരുടെ അഴിഞ്ഞാട്ടവും ഈ ആകർഷണത്തിന് ശക്തികൂട്ടികൊണ്ടിരിക്കുന്നു.

പാശ്ചാത്യരിൽ നിന്നും കടിഞ്ഞാണില്ലാത്തവിധം അനുകരിച്ച് ആസ്വദിക്കാൻ വെമ്പൽകൊണ്ട സ്വാതന്ത്ര്യവാഞ്ചയും പൗരസ്ത്യരിൽ നിന്നും ഉടലെടുത്ത സോഷ്യലിസ്റ്റ് മനഃസ്ഥിതിയും മുസ്ലിം ഹൃദയങ്ങളിൽ കൊടികുത്തിയതോടെ അവരുടെ പൈതൃകമായി അംഗീകരിച്ചുവന്ന ഉപരിസൂചിതങ്ങളായ നാലുമൗലിക തത്വങ്ങൾ വിസ്മരിക്കപ്പെടുകയോ അല്ലെങ്കിൽ മതിമറന്നു പോവുകയോ ആണുണ്ടായത്. രണ്ടാംലോക മഹായുദ്ധാനന്തരം ഖിലാഫത്ത് ഭരണം അസ്തമിക്കുകയും മുസൽമാന് ഒരു കേന്ദ്രമെന്ന നിലക്കുള്ള കടിഞ്ഞാൺ നഷ്ടപ്പെടുകയും ചെയ്തതോടെ അതിന് ശക്തികൂടുകയുമുണ്ടായി. പിന്നീട് അവന്റെ കേന്ദ്രബിന്ദുവായി വർത്തിക്കേണ്ട " ഹിജാസ്" പ്രദേശം ഇബ്നു അബ്ദുൽ വഹാബിന്റെ നവീന ചിന്താഗതിക്കാണ് പ്രാബല്യം നൽകിവന്നത്. അതാണെങ്കിൽ കിത്താബിന്റെയും സുന്നത്തിന്റെയും നിഴലിൽനിന്നുകൊണ്ട് ഇജ്മാഇന്റെയും ഖിയാസിന്റെയും അടിസ്ഥാനത്തിലുള്ള പല നിയമങ്ങളുടെയും അടിത്തറ ഇളക്കിവിടുകയും ഖുർആനിന്നും സുന്നത്തിന്നും നൂതന വ്യാഖ്യാനം നൽകിഭൂരിപക്ഷം മുസ്‌ലിംകളെയും തെറ്റുകാരാക്കുകയുമാണുണ്ടായത്.

തുർക്കിയിൽ കമാൽ അത്താ തുർക്കിന്റെ നവീകരണമാണെങ്കിൽ പ്രസ്തുത സീമയെയും അതിലംഘിച്ചുകൊണ്ട് മുന്നേറി. അതിലിടക്ക് സോഷ്യലിസവും കമ്മ്യൂണിസവും റഷ്യയിലും വിയന്നിലും കൊടികുത്തിവാഴാൻ തുടങ്ങി മുസ്‌ലിം രാഷ്ട്രങ്ങളിൽ ചിലതെല്ലാം അതിലാകൃഷ്ടരായി. ഇറാഖ്, ഈജിപ്ത്, സിറിയ മുതലായ രാഷ്ട്രങ്ങൾ ഒരളവോളം പ്രസ്തുത ചേരിയിലേക്കാണാകൃഷ്ടരായത്. മറ്റു ചില രാഷ്ട്രങ്ങളിൽ

അല്ലാഹു അനുഗ്രഹിച്ച സ്വർണ്ണവും എണ്ണയുംവഴി മുതലാളിത്തത്തിലും പാശ്ചാത്യൻ പരിഷ്കാരങ്ങളിലും ജനങ്ങൾ ആകൃഷ്ടരായികൊണ്ടിരിക്കുകയായിരുന്നു. സമീപകാല മുസ്ലിം ചരിത്രാവലോകനത്തിന്റെ ഒരു രത്നചുരുക്കമാണ് നാമിത്രയും പ്രതിപാദിച്ചത്. ചുരുക്കത്തിൽ ഉപരി സൂചിതങ്ങളായ നാലു മൗലീക ലക്ഷ്യങ്ങളെ കുറിച്ചു വിസ്മരിച്ചു കൊണ്ടു കാലചക്രത്തിനൊത്തു കറങ്ങുകയാണ് പൊതുവെ മുസ്ലിം ഹൃദയങ്ങൾ. മുസ്ലിം രാഷ്ട്രത്തിലായാലും മുസ്ലിം ന്യൂനപക്ഷമായി കഴിയുന്ന രാഷ്ട്രങ്ങളിലായാലും ഗതി തഥൈവ! അതിനാൽ ഒരു പുനഃപരിശോധനക്ക് തയ്യാറെടുക്കുന്ന ഹൃദയങ്ങൾക്കെ ഈ ദശാ സന്ധിയിൽ പരലോക മോക്ഷം കാംക്ഷിക്കാൻ സുസാധിതമാകുകയുള്ളൂ.

ഉപരി സൂചിതങ്ങളായ വഴിത്തിരിവുകൾക്ക്മുമ്പ് നിലനിന്നിരുന്നതും സാക്ഷാൽ അഹ്ലുസുന്നത്തിന്റെ പണ്ഡിതന്മാരിൽ നിന്ന് വ്യക്തമായ തെളിവുകൾ മുഖേന ലഭിച്ചതുമായ വിശ്വാസങ്ങളും ആചാരങ്ങളും ഏതൊക്കെയെന്ന് വിവേചിച്ചറിയുകയാണ് പുനഃപരിശോധനകൊണ്ട് ഈയുള്ളവൻ ഉദ്ദേശിക്കുന്നത്. അവ പരിശോധിച്ചനുകരിക്കുകയാണ് മോക്ഷത്തിന്റെ നിദാനം. നല്ല കാര്യത്തിൽ പൂർവ്വികരെ അനുകരിക്കേണമെന്നതിന് പരിശുദ്ധ ഖുർആൻ സൂചന നൽകുന്നുണ്ട്. ഹ: യഅ്ക്കൂബ് (അ) വിയോഗസമയം സന്താനങ്ങളോടുപദേശിച്ച ചരിത്രം വിശുദ്ധ ഖുർആൻ പ്രതിപാദിക്കുന്നത് കാണുക. യഅ്ക്കൂബ് (അ) മരണാസന്നനായപ്പോൾ നിങ്ങൾ ഹാജറുണ്ടായിരുന്നോ ? നിങ്ങൾ എന്റെ ശേഷം ആർക്കാണ് ആരാധിക്കുകയെന്ന് അദ്ദേഹം സന്താനങ്ങളോട് ചോദിച്ച നേരം നിങ്ങളുടെ ഇലാഹിനും നിങ്ങളുടെ പിതാക്കളായ ഇബ്രാഹിം ഇസ്മാഈൽ, ഇസ്ഹാഖ് എന്നിവരുടെ ഇലാഹിനും ഞങ്ങൾ ആരാധന ചെയ്യുമെന്നവർ പറഞ്ഞു(2-133) ഇവിടെ ഏക ഇലാഹ് എന്ന് മാത്രം പറയുന്നതിന് പകരം നിങ്ങളുടെയും പിതാക്കളുടെയും ഇലാഹ് എന്നു കൂടി പറഞ്ഞതിൽ നല്ല കാര്യങ്ങളിൽ പൂർവ്വികൻമാരെ അനുകരിക്കുന്നതിന്റെ പ്രാധാന്യം വ്യക്തമാണ്.

എന്നാൽ അവിശ്വാസത്തിലും അനാചാരത്തിലും പൂർവ്വ പിതാക്കളെ അനുകരിക്കുന്നുവെന്ന് വാദിച്ചിരുന്ന മക്കാ മുശ്രിക്കുകളെ പരിശുദ്ധ ഖുർ

ത്തൻ പല സ്ഥലങ്ങളിലും ആക്ഷേപിച്ചതായും കാണാം. അതിനാൽ നല്ല കാര്യങ്ങളിൽ പൂർവ്വികരെ അനുകരിക്കുക എന്നത് ആവശ്യവും അന്ധമായി അസത്യത്തിൽ അവരെ അനുകരിക്കുന്നത് വർജ്ജ്യവുമാണെന്ന് വ്യക്തം. ഈ അടിസ്ഥാനത്തിൽ സമകാലികരായ മുസ്‌ലിംകളിൽവന്ന വ്യതിയാനം നാം കണ്ടറിയണം. നിരാക്ഷേപം സലഫും ഖലഫും നടന്നുവന്ന വിശ്വാസങ്ങളും ആചാരങ്ങളും പഠിക്കുകയും അവയുമായി തുലനം ചെയ്ത് ശരിയായത് മാത്രം സ്വീകരിക്കുകയും അല്ലാത്തത് തള്ളുകയും വേണം.

വിശ്വാസപരമായി വിവാദങ്ങൾക്ക് മുമ്പ് സ്വീകരിച്ചിരുന്ന ഇമാം അശ്അരിയുടെയും ഇമാം മാതുരീദിയുടെയും മാർഗ്ഗം ഏതെന്ന് പരിശോധിക്കുകയും അതിലുറച്ച് നിൽക്കുകയും വേണം. അവർ അംഗീകരിച്ച തവസ്സുൽ ഇസ്തിഗാസ തുടങ്ങിയ കാര്യങ്ങളെ ശിർക്കാക്കുകയും ശിർക്കാക്കുന്ന പാളയത്തിൽ ചെന്ന് ചേരുകയും ചെയ്യുന്ന വിശ്വാസക്കാരുടെ മാർഗ്ഗം പരിത്യജിക്കുകയുംവേണം. വിവിധങ്ങളായ നാമങ്ങളിലറിയപ്പെടുന്ന അത്തരം പ്രസ്ഥാനങ്ങളുമായി ഒരു നിലക്കും ബന്ധപ്പെടാതിരിക്കുന്നത് കൊണ്ടുമാത്രമേ അതു സുസാധ്യമാകുയുള്ളൂ. കർമ്മപരമായ നാല് മദ്ഹബുകൾ ഉപരിസൂചിത നാലു മൗലിക ലക്ഷ്യങ്ങളിൽ ഒതുങ്ങി നിൽക്കുവെന്നും അവക്കെതിരായത് സ്വീകരിക്കാൻ നിർവ്വാഹമില്ലാത്തതാണെന്നും പൂർവ്വികന്മാർ രേഖപ്പെടുത്തിയതായി കാണാം. വ്യക്തമായ തെളിവുകളും അതിനവർ രേഖപ്പെടുത്തിയിട്ടുണ്ട്.

സമ്പൂർണ്ണരായ മുജ്തഹിദുകൾ ഹിജ്റ മൂന്നാം നൂറ്റാണ്ടിന് ശേഷം ഉണ്ടായിട്ടില്ലെന്നതാണതിന് അവർ വ്യക്തമാക്കിയ കാരണം. അവർ രേഖപ്പെടുത്തിയതിനെതിരിൽ വരുന്ന നവീകരണങ്ങളൊന്നും സ്വീകാര്യമല്ലെന്ന് ദൃഢമായും ഗ്രഹിക്കേണ്ടതുണ്ട്. വ്യക്തമായ തെളിവുകൾ വഴി നാലു മദ്ഹബുകളും രേഖപ്പെടുത്തിയതിനെതിരിൽ തറാവീഹിന്റെ എണ്ണത്തിൽ, നമസ്കാരത്തിന്റെ കൈ കെട്ടലിൽ, ഖുനൂത്തിൽ, നമസ്കാര ശേഷമുള്ള ദിക്റ് ദുആകളിൽ, ഖുത്വുബയുടെ ഭാഷയിൽ ഇങ്ങിനെ പോകുന്ന നവീകരണങ്ങളെല്ലാം ആധുനിക ചിന്താഗതിയുടെ ജാര സന്ത

തികളത്രെ. അത്തരത്തിലുള്ള നവീകരണ പ്രവണതകൾ അംഗീകൃത തെളിവുകളുമായും പൂർവ്വീകരായ സലഫുസ്സാലിഹുകളുടെ നടപടിയുമായും പൊരുത്തപ്പെടുന്നതോ അല്ലയോ എന്ന് പരിശോധിച്ചശേഷം മാത്രം സ്വീകരിക്കയും ആധുനിക ചിന്തക്കനുസൃതമായി വിശ്വാസത്തിലും ആചാരത്തിലും മാറ്റത്തിരുത്തലുകൾ വർജ്ജിക്കയും ചെയ്യേണ്ടത് ഏതൊരു യഥാർത്ഥ മുസൽമാന്റെയും കർത്തവ്യമാണ്. കാരണം അതാണവന്റെ പൈതൃകം. അത് കളഞ്ഞ് കുളിക്കുന്നത് പിശാചിന്റെ ദുർബോധത്തിനടിമപ്പെടുന്നതിന്റെ ലക്ഷണമാണ്. പിശാചിന്റെ ദുർബോധനങ്ങളിൽനിന്നും നമ്മെയെല്ലാം നാഥൻ രക്ഷിക്കുമാറാകട്ടെ. ആമീൻ!

(അൽ അൻസാർ-സുവനീർ 1976)

www.islamkerala.com

E-Mail :

abdulla_cherumba@yahoo.com

Mobile :

0097150 7927429